# മൺമറഞ്ഞ പ്രതിഭാശാലികൾ



കെ. ആർ. ഭാസ്കരൻ.

1515

DISTRIBUTING LIBRARY
No. 79219
KOTTAYAM

# മൺമറഞ്ഞ
# പ്രതിഭാശാലികൾ

A

Malayalam
Manmaranja Prathibha Salikal
(Memoirs)
By K. R. BHASKARAN
Komathukattil
Nandikara
Pudukad.
First Published 1966.
Printed at:
FORWARD PRINTERS, TRICHUR.
Publishers
Kerala Bhanu Book Depot
Nandikara-Pudukad-
Distributors
Jai Deep Books, Trichur.

21009

DISTRIBUTING LIBRARY
No. 79219
KOTTAYAM

# മുഖവുര.

1951 മുതൽ അടുത്ത ദിവസംവരെ പല അവസരങ്ങളിലായി എഴുതീട്ടുള്ള 13 ലേഖനങ്ങളാണ് ഇതിലെ ഉള്ളടക്കം. സ്മാരകഗ്രന്ഥങ്ങളിലേക്ക അവകളുടെ പ്രസാധകന്മാർ ആവശ്യപ്പെട്ടിട്ടാണ് മെ: സി. കൃഷ്ണൻ, ബ്രഹ്മാനന്ദസ്വാമി ശിവയോഗി, മഹാകവി പള്ളത്തു രാമൻ, വി. ആർ. മാമൻചോഹൻ, എന്നിവരെ പററി എഴുതുവാനിടയായതു്. എൻെറ ചിരന്തനസുഹൃത്തുക്കളായ മെ. കെ. വി. രാഘവൻനായർ, കോട്ടായി കുമാരൻ, കെ. ആർ. വിശ്വംഭരൻ, സി. എ. കിട്ടുണ്ണി, ഏ. സി. ഗോവിന്ദൻ, കവിതിലകൻ സി. കൃഷ്ണൻകത്താ, എന്നിവരുടെ അകാല ചരമവാത്ത അറിഞ്ഞു ഉടനെ പെട്ടെന്നു എഴുതിയ സ്മരണകളും ഇതിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. തന്മൂലം ചിലതു വളരെ ചെറുതായിട്ടുണ്ടു്. അതു മനപ്പൂവ്വമല്ല. അവ യഥാകാലം ഓരോ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുമുണ്ടു്.

മലയാള സാഹിത്യത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ 'കവിഭാരത'ത്തെ തുടന്നു സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ 'കവിരാമായണം' ഉളവാക്കിയ കോളിളക്കത്തേയും വാദകോലാഹലങ്ങളേയും മററം പററി സമഗ്രമായ ഒരു പഠനം നടത്തുവാൻവേണ്ടി കുറെ മാസങ്ങളായി ഞാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി അദ്ദേഹത്തിൻെറ കൃതികൾക്കായി കേരളത്തിലെ പ്രധാന പുസ്തകശാലക്കാർ മിക്കവരേയും സമീപിച്ചെങ്കിലും നിരാശയാണ് അനുഭവപ്പെട്ടതു്. എങ്കിലും പരിശ്രമം നിത്താതെ വ്യക്തികളെ സമീപിക്കാനുറച്ചു. അങ്ങിനെ മൂലൂരിൻെറ മകൻ ശ്രീ. പി. കെ. ദിവാകരനിൽനിന്നു ചില വിവരങ്ങൾ ലഭിക്കാനും ചില കൃതികളുടെ കയ്യെഴുത്തു പ്രതികൾ വായിച്ചുനോക്കുവാനും സംഗതിയായി. അതിൻെറ വെളിച്ചത്തിൽ ഞാൻ മൂലൂരിനെപററിയുള്ള പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

എസ്. എൻ. ഡി. പി. യോഗം വകയായി മഹാകവി കുമാരനാശാൻ നടത്തിയിരുന്ന 'വിവേകോദയം' മാസിക ശ്രീ. സി. ആർ. കേശവൻ വൈദ്യർ ഏറ്റെടുത്തു നടത്തുവാനും, ആദ്യലക്കം ഒരു വിശേഷാൽപ്രതിയായി പുറത്തിറക്കുവാനും തീരുമാനിക്കുകയും ആയതിലേക്കു ഒരു ലേഖനം എഴുതുവാനുള്ള അവസരം എനിക്കുണ്ടാവുകയുംചെയ്തതിനെ തുടന്നാണ് 'സരസകവി മൂലൂർ' എഴുതപ്പെട്ടതു്. പ്രതിഭാസമ്പന്നരെങ്കിലും "മൺമറഞ്ഞ പ്രതിഭാശാലികളി"ൽ ഉൾപ്പെടുത്തേണ്ടി വരുമെന്നു തീരെ വിചാരിക്കാതിരുന്ന ശ്രീ. ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായരെപ്പററിയും ഫാദർ സി. കെ. മററത്തെപ്പററിയും ഈ പുസ്തകത്തിൽ ഓരോ ലേഖനം ചേർത്തിട്ടുണ്ടു്. ഈ പുസ്തകത്തിൻെറ അച്ചടി നടന്നുകൊണ്ടിരിക്കവെയാണ് ആ ബഹുമാന്യ സുഹൃത്തുക്കളുടെ അകാല ദേഹവിയോഗം ഉണ്ടായതു്.

"മൺമറഞ്ഞ പ്രതിഭാശാലിക"ളുടെ മദ്ധ്യത്തിൽ കാണേണ്ട യശഃശരീരരായ പലരേയും ഈ കൃതിയിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്നിട്ടുണ്ടു്. അതിനു കാരണങ്ങൾ പലതാണ്. 'മൺമറഞ്ഞ പ്രതിഭാശാലികളു'ടെ ഒരു പുസ്തകപരമ്പര തന്നേയും പ്രസിദ്ധപ്പെടുത്താവുന്നതാണ് എന്നെനിക്കു തോന്നുന്നു. ആ വഴിക്കുള്ള എൻെറ പരിശ്രമങ്ങൾ തുടരുന്നതാണെന്ന വിവരം വായനക്കാരെ അറിയിച്ചുകൊള്ളട്ടെ.

പുതുക്കാട്ട്,
18—12—1966.

കെ. ആർ. ഭാസ്കരൻ.

# മൺമറഞ്ഞ പ്രതിഭാശാലികൾ

M08

കെ. ആർ. ഭാസ്കരൻ.

വില. 1_50.

KOTTAYAM PUBLIC LIBRARY
KOTTAYAM

## കെ. ആർ. ഭാസ്കരൻെറ കൃതികൾ.

ധീരവനിത

വീരതരുണി (ഉണ്ണിയാർച്ച)

രാജകേസരി (ശക്തൻതമ്പുരാൻ)

ശിവലിംഗസ്വാമികൾ

പ്രേമാങ്കുരം

കഥാരത്നമാലിക

രണ്ടു ധീരാത്മാക്കൾ

(ഒതേനനും ആരോമലും)

ബോധാനന്ദസ്വാമികൾ

കഥാസൌധം.

ശ്രീനാരായണ ഗുരുസ്വാമികൾ

ജനകീയ മന്ത്രിമാർ

ആചാരമര്യാദകൾ

മുത്തുമാല (കഥാസമാഹാരം)

കേരളത്തിലെ ഓട്ടുവ്യവസായം

സരസകവി കുണ്ടനി ഗോവിന്ദനാശാൻ

മൺമറഞ്ഞ പ്രതിഭാശാലികൾ

## ഉള്ളടക്കം.

1. സരസകവി മൂലൂർ
2. സി. കൃഷ്ണൻ, ബി. എ. ബി. എൽ.
3. കവിതിലകൻ സി. കൃഷ്ണൻകർത്താ
4. വി. ആർ. മാമൻചോഹൻ
5. മഹാകവി പള്ളത്ത്
6. ബ്രഹ്മാനന്ദസ്വാമി ശിവയോഗി
7. "ഗോമതി" രാഘവൻനായർ
8. കെ. ആർ. വിശ്വംഭരൻ
9. സി. എ. കിട്ടുണ്ണി
10. കോട്ടായി കുമാരൻ
11. ഏ. സി. ഗോവിന്ദൻ
12. ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ
13. ഫാദർ സി. കെ. മററം

## അനുബന്ധം.

കെ. ആർ. ഭാസ്കരൻെറ കൃതികളെപ്പററി
ചില അഭിപ്രായങ്ങൾ.

# സരസകവി മൂലൂർ.

"എത്ര പെരുമാക്കാം ശങ്കരാചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരയാം ജാതിയാൽ ന്യൂനമലസിപ്പോയ്
കേരളമാതാവേ, നിൻ വയററിൽ."

*          *          *

ഈ വിധത്തിൽ അടുത്തകാലത്തുകൂടി മഹാകവി കുമാരനാശാൻ ജാതിയുടെ അക്രമങ്ങളെപ്പററി പാടിയിരിക്കുന്നതിൽനിന്നും 1041 കുംഭം 27-ാംനു ജനിച്ച മൂലൂർ. എസ്. പത്മനാഭപണിക്കർ സമുദായത്തിലും സാഹിത്യത്തിലും അത്യുന്നതസ്ഥാനം കൈക്കലാക്കാനും, മററുള്ളം തലമുറകൾക്കു ഒരു പന്ഥാവു വെട്ടിത്തെളിയിക്കുവാനും എത്ര പാടുപെട്ടിട്ടുണ്ടായിരിക്കണമെന്നു ഊഹിക്കാമല്ലോ. കുമാരനാശാനുകൂടി വഴി തെളിയിച്ചു കൊടുത്ത മഹാനാണ് പത്മനാഭപണിക്കർ. അദ്ദേഹത്തിൻെറ അച്ഛൻ മൂലൂർ ശങ്കരൻ വൈദ്യർ മദ്ധ്യതിരുവിതാംകൂറിൽ ചെങ്ങന്നൂർ ഇടനാട്ടിൽ സുപ്രസിദ്ധനായ ഒരു വൈദ്യനും, നാട്ടുകാര്യസ്ഥനും ആയിരുന്നു. അമ്മ തിരുവല്ലാ താലൂക്കിൽ കാവിൽ, കുടുംബത്തിലെ 'വെളുത്ത കുഞ്ഞമ്മ'യുമായിരുന്നു. ഇവരുടെ ഏക പുത്രനാണ് പത്മനാഭപണിക്കർ. പണിക്കരുടെ അഞ്ചാമത്തെ വയസ്സിൽ അമ്മ ചരമഗതിയടഞ്ഞു.

പണിക്കരുടെ ബാല്യകാലത്തെ വിദ്യാഭ്യാസം ഇലവന്തിട്ട മലഞ്ചരുവിൽ കൊച്ചുകുഞ്ഞാശാൻെറ കീഴിൽ ആരംഭിച്ചു. പിന്നീട് സ്വപിതാവിൽനിന്നും അമരകോശം ആദിയായവ പണിക്കർ സമഗ്രമായി പഠിച്ചു. സക്കാർവക പള്ളിക്കൂടം അടുത്തുണ്ടായിരുന്നതിൽ ഈഴവക്ക് പ്രവേശനമുണ്ടായിരുന്നില്ല. സ്കൂളിൻെറ മുററത്തു ഒരു കുടിൽ കെട്ടി അതിലിരുത്തിയാണ് ഈഴവ

കുട്ടികളെ പഠിപ്പിച്ചിരുന്നതു്. ആ 'അയിത്തക്കുടി'ലിരുന്നു പഠിക്കുവാൻ പണിക്കരുടെ സ്വാഭിമാനം സമ്മതിച്ചില്ല. തന്മൂലം പണിക്കൎക്കു സ്കൂൾ വിദ്യാഭ്യാസം ലഭ്യമായില്ല. പിന്നീടു് പിതാവിൻെറ നിൎദ്ദേശാനുസരണം 'മാലക്കര കൊച്ചുരാമൻ പിള്ള'യുടെ അടുക്കൽ കാവ്യാലങ്കാരാദികൾ പഠിച്ചു.

## സാഹിത്യ പരിശ്രമം.

പണിക്കർ 13-ാമത്തെ വയസ്സുമുതൽ പദ്യരചന ആരംഭിച്ചു. 17-ാമത്തെ വയസ്സിൽ 'നളചരിതം', 'ശ്രീ പരീക്ഷിദ്ഭവം' എന്ന രണ്ടു അമ്മാനപ്പാട്ടുകൾ എഴുതി. തുടൎന്നു് കൃഷ്ണാൎജ്ജുനവിജയവും അദ്ദേഹം രചിച്ചു. അന്നുവരെ ഓലയിൽ എഴുതുവാൻ മാത്രമേ പണിക്കൎക്കു വശമുണ്ടായിരുന്നുള്ളു. 'മലയാള മനോരമ'യുടെ കവിതാ പംക്തിയിലേക്കു കവിതകൾ എഴുതാൻ ആരംഭിച്ചതോടുകൂടിയാണു് പണിക്കർ കടലാസ്സിൽ എഴുതിത്തുടങ്ങിയതു്. കണ്ടത്തിൽ വൎഗ്ഗീസു് മാപ്പിള 'മനോരമ'യിൽ കവിതാ പംക്തി ആരംഭിച്ചതിന്നു ശേഷമാണു് ഭാഷാകവികൾ കച്ചകെട്ടി സാഹിത്യക്കളരിയിലേക്കു ഇറങ്ങിയതു്. സമസ്യാപൂരണങ്ങൾ പ്രശ്നോത്തരങ്ങൾ, ഭാഷാന്തരങ്ങൾ, കത്തുകൾ മുതലായവ എല്ലാം തുടച്ചയായി മലയാള മനോരമയിൽ ചേൎത്തുകൊണ്ടിരുന്നു. മലയാളത്തിലെ തലയെടുപ്പുള്ള എല്ലാ കവികളും, എന്നുതന്നെ പറയട്ടെ, മനോരമയിൽ കച്ചകെട്ടി പയററി തെളിഞ്ഞിട്ടുള്ളവരാണു്. ഗദ്യമെഴുത്തുകാൎക്കും മനോരമ ഒരു താങ്ങും തണലുമായിരുന്നു. പണിക്കർ മനോരമയുടെ കവിതാപംക്തിയിൽ തുടച്ചയായി എഴുതിക്കൊണ്ടിരുന്നു. അതു മൂലം അദ്ദേഹത്തിന്നു പല സുഹൃത്തുക്കളെ സമ്പാദിക്കാൻ കഴിഞ്ഞു. ന്യായമല്ലാത്ത കാൎയ്യത്തിൽ അദ്ദേഹം ആൎക്കും വഴങ്ങിക്കൊടുക്കാറില്ലാതിരുന്നതിനാൽ ചില എതിരാളികളും അദ്ദേഹത്തിന്നുണ്ടായി. 1065 തുലാം 29-ാംനു- 'അയത്തിൽ' 'കുരുംബ' എന്ന വിദ്യാസമ്പന്നയെ പണിക്കർ വിവാഹം ചെയ്തു. 1066-ാമാണ്ടിൽ അച്ഛൻെറ സമ്മതത്തോടുകൂടി അദ്ദേഹം ഇലവന്തിട്ടയിലേക്കു സ്ഥിരതാമസം മാററി.

പത്മനാഭൻ ആദ്യകാലങ്ങളിൽ തൻെറ പേരിനോടുചേൎത്തു കുടുംബ പരമ്പരാസിദ്ധമായ 'പണിക്കർ' സ്ഥാനം എഴുതിയിരുന്നില്ല. പിന്നീടു് 'പണിക്കർ' എന്നു് പേരിനോടുകൂടി ചേൎത്തു മനോരമയിൽ അദ്ദേഹം എഴുതിത്തുടങ്ങി. അതിനെസംബന്ധിച്ചു അദ്ദേഹത്തോടു ഒടുവിൽ കുഞ്ഞുകൃഷ്ണമേനോനും, സി. എസ്. സുബ്രഹ്മണ്യൻ പോററിയും ചോദ്യോത്തരങ്ങളും വാദപ്രതിവാദങ്ങളും നടത്തുകയുണ്ടായി. വാദപ്രതിവാദങ്ങൾ സമത്ഥമായി നടത്തി പണിക്കർ വിജയശ്രീലാളിതനായി.

## കവിരാമായണം

1068-ാമാണ്ടിൽ അന്നുള്ള പ്രധാനകവികളെയൊക്കെ ഭാരതകഥയിലെ ഓരോ പാത്രത്തോടു സാമ്യപ്പെടുത്തി 'കവിഭാരതം' എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്ന വിവരം പദ്യരൂപേണ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മനോരമയിൽ പ്രസിദ്ധംചെയ്യുകയുണ്ടായി. ഇതു കണ്ടപ്പോൾ ഈഴവൎക്കും മററും അൎഹിക്കുന്ന വിധത്തിൽ ഉള്ള സ്ഥാനം ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കുന്നതിന്നു വേണ്ടി മൂലൂർ ചില പ്രധാന ഈഴവകവികളെ ഓൎമ്മപ്പെടുത്തിക്കൊണ്ടു് പത്രദ്വാരാ തമ്പുരാന്നു് എഴുതിയിരുന്നു:-

"കൊട്ടാരവൈദ്യനാഥ കേശവ നാമധേയൻ
കൃഷ്ണേന്ദ്രവംശമകുടീമണി നാണുയോഗി
പിട്ടല്ല, കൃഷ്ണകവി ഇങ്ങിനെ ഈഴവന്മാ-
രൊട്ടേറെയുണ്ടരുളുവാനവനീന്ദ്രമൌലേ!"

പണിക്കരുടെ ഈ അപേക്ഷയെ തമ്പുരാൻ തീരെ ഗൌനിച്ചില്ല. അചിരേണ ഒരൊററ ഈഴവ കവിയേയും ഉൾപ്പെടുത്താതെ തമ്പുരാൻെറ കവിഭാരതം 'അശുദ്ധ'മാവാതെ പുറത്തുവന്നു. സ്വാഭിമാനിയും സമുദായ സ്നേഹിയുമായ പണിക്കർ

ഉടനെതന്നെ 1069ൽ ജാതിമതഭേദം കൂടാതെ എല്ലാ വിഭാഗങ്ങ ളിലുംപെട്ട കവികളെ ഉൾപ്പെടുത്തി 'കവിരാമായണം' പ്രസിദ്ധ പ്പെടുത്തി. അതിലെ ചില ശ്ലോകങ്ങൾ നോക്കുക.

വർഗ്ഗീസ് മാപ്പിള

ഉത്സാഹോല്ലാഷ് വീചീനികരനിലയമായ്
സൂരിരത്നങ്ങളേത്ത-
ന്നുത്സംഗംചേർത്തുവെച്ചാ"രമ"യുടെ ജനക-
സ്ഥാനമാനം വഹിച്ച്
സത്സംഗം പൂണ്ട ഗാംഭീര്യമൊടമരുമൊരാ-
"എദ്രമാപത്രപൻ"താ-
നസ്സൽ കാർക്കുന്തലാളേ, വിമലഗുണ-
പയോരാശിയാം "പാശിദേവൻ".

കുമാരനാശാൻ

അത്യന്തപ്രതിഭാബലം കവനസംബന്ധാൽ
ദിഗന്തംവര-
ക്കുൾത്തൂന്നീടിന കീർത്തിപൂരമിതുകൾ-
ക്കൊക്കെയ്ക്കുമന്യാദൃശം
ആസ്ഥാനത്തമിയന്ന ഭാഗ്യനിധിയാ-
മത്തക്വാചസ്പതി-
ച്ചാത്രൻഹന്ത "കുമാര" കാവ്യകുശലൻ
"സത്രാമജിത്താ"ണെ താൻ.

ഉള്ളൂർ

മിത്രം ശത്രു വിവർണ്ണമാത്രമതിയിൽ
പക്ഷം പിടിക്കാതെയും

ചിത്തേ തോന്നിയ വാസ്തവം പറയുവാ-
നേതും മടിക്കാതെയും
തത്തൽകാവ്യകലാവിധാന പടുവായ്
വാണീടു'മുള്ളൂർ' മഹാ
വിദ്വാനോക്ക് 'വിഭീഷണൻ' ശശധര-
ക്കീറൊത്ത ഫാലസ്ഥലേ.

### വള്ളത്തോൾ

കൊള്ളാവുന്ന മഹാമഹാസ്ത്ര കവിതാ
ബാണപ്രയോഗങ്ങളാൽ
ഉള്ളാരാൽ പ്രമഥിച്ചു, തൻ പ്രതിഭട-
ന്മാരോടു പോർചെയ്യുവോൻ
"വള്ളത്തോൾ" വിപുലാശയൻ കവിവരൻ
വിദ്വാൻ ജയശ്രീ സദാ-
തുള്ള "ന്നക്ഷകമാര"നെന്നു പറയാ-
മാകമൃതാമ്രാധരേ!

### ശ്രീനാരായണ ഗുരുസ്വാമികൾ

ഇക്കാണുംജംഗമസ്ഥാവരനിഖിലപദാ-
ർത്ഥങ്ങൾ നിത്യങ്ങളല്ലെ-
ന്നുൾക്കാമ്പിൽ തീർച്ചചെയ്തും ചിലകുറി
കവിതാശക്തിയിൽ സക്തനായും
ചിൽക്കാരുണ്യം ലഭിപ്പാൻ കരുതിയു-
മുടനേ മൌനമേന്തും ശിവശ്രീ
ഭക്തൻ 'നാരായണസ്വാമികൾ' സുകൃതി
ശിരോമണി വാത്മീകിയത്രേ.

### വെളുത്തേരിൽ കേശവൻവൈദ്യർ

ആരോ നോക്കുകിലായവൻെറ ബലമിങ്ങ-
 ർഭം പിടിച്ചീടുവാ-
നേറം ധാടിയു,മെൻ കിടയ്ക്കൊരുവനില്ലെ-
 ന്നുള്ള തള്ളിച്ചയും
ചാരത്തക്കവിതാംഗനാ തിലകവും
 പൂണ്ടങ്ങിരിക്കും "വെളു-
ത്തേരിൽ കേശവ വൈദ്യ" നിന്ദുവദനേ
 "ബാലി" മഹാൻ വിക്രമി.

### പി. കെ. കൃഷ്ണൻവൈദ്യർ

ശൃംഗാരാം ബുധിയെക്കടന്നു കവിത
 പ്പെണ്ണിൻ ഗുണം കണ്ടുടൻ
തിങ്ങും മോദമിയന്നു മല്ലിനുഴറും പോരാ-
 ളിമാരേ ജവാൽ
ഭംഗ്യാതച്ചു തകത്തുമൂവുലകിലും
 തന്നൊച്ച പൊങ്ങിച്ചൊരാ-
ത്തുംഗാത്മാകവി "കൃഷ്ണവൈദ്യ"നമലേ
 ശ്രീമാൻ "ഹനൂമാൻ" മഹാൻ.

കേരളവമ്മ വലിയ കോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ എന്നിവരെപ്പററി 'കവി ഭാരത'വും 'കവി രാമായണ'വും ചിത്രീകരിച്ചിരിക്കുന്നതെങ്ങിനെയെന്നു ഒന്നു നോക്കുക.

### കേരളവമ്മ വലിയ കോയിത്തമ്പുരാൻ

1. "ശ്രീമെത്തീടുന്ന ഭാഷാഭഗവതിയെ മുഖേ
 വെച്ചു ലാളിക്കകൊണ്ടും

പ്രേമത്തോടാശ്രിതന്മാക്കൊരു സുരതരുവായ്
സന്തതം നില്ലുകൊണ്ടും
വാർമെത്തും സൽസഭാദ്ധ്യക്ഷതയരിയ
വിധിസ്ഥാനമോടേല്ലുകൊണ്ടും
ശ്രീമാൻ 'വഞ്ചിരാജ്ഞീപതി' കവിവരനെൻ
പത്മിനീ "പത്മയോഗി"
(കവിരാമായണം—മൂലൂർ)

2. ആയം കണ്ടാഞ്ഞതൂക്കം കവിവരകരിസം—
ഘങ്ങൾ തട്ടിത്തകപ്പാ—
നായികൊണ്ടെത്തിയെന്നാൽ പെരുത്തു വിരുത്തു—
ത്തൊട്ടെതൃത്തിട്ടുമൊട്ടും
കായക്ലേശം ജനിക്കാതൊരു കവിമണിവ—
ഞ്ചീശ്വരീ പ്രാണനാഥൻ
കോയിപ്പുണ്ടാല പാർത്താൽ കവികുരുവൃതനാ
ഭീമനാം ഭീമനത്രേ.
(കവിഭാരതം—കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

1. ചൊല്ലേറം കവിരാജസംഹതികളെത്തൻ
ത്തുവലാം വെണ്മഴ—
ത്തള്ളിച്ചുള്ള തരംചമച്ചു കവിതപ്പോ—
രിൽ പിണങ്ങീടിലും
നല്ലോണം വിജയം ലഭിച്ചു വിജയശ്രീ
ചേൻ്റു ശോഭിച്ചിടും
കല്യാണാംബുധി "കുഞ്ഞുകുട്ട" ധരണീപാലേ—
ശ്വരൻ ഭാഗ്യവാൻ.
(കവിരാമായണം—മൂലൂർ)

2. ഊനത്വം പിണയാതെ രാജ കവിയോ-
ടൊട്ടൊട്ടടുക്കുന്നൊരീ-
ഞാനത്രേ കവിസംഘ സംഗരമതു-
ണ്ടായെങ്കിൽ മായംവിനാ
മാനത്താൽ പൊരുതുന്ന ചാരുകൃതവ-
മ്മാവെന്നാരാ യാദവ-
സ്ഥാനത്തിന്നനുരൂപനെന്നു മതമീ-
ദിക്കിൽ ചിലക്കൊക്കെയും.

(കവിഭാരതം—കുഞ്ഞുകുട്ടൻ തമ്പുരാൻ)

അന്നത്തെ കവികളായിരുന്നവരിൽ 101 പേരെ പക്ഷഭേദം കൂടാതെ സ്ഥാനങ്ങൾ കല്പിച്ചാണ് കവിരാമായണം തയ്യാറാക്കിയതെന്നു നിർമ്മത്സരന്മാരായ പല മാന്യ സാഹിത്യകാരന്മാരും അഭിപ്രായപ്പെട്ടു.

എം. ചക്രപാണി വാരിയർ.

"ഇതുകൊള്ളാം, ചിലരിതിൽ വ-
ച്ചതിയായ് മുഷിയും, ചിലർക്കു മുത്തുണ്ടാം
ഇതിലില്ലാത്തവർ മാന-
ക്കൊതിമൂലം സ്വഢ്കാട്ടുവാൻ തുനിയും."

എന്നു ദീർഘദർശനം ചെയ്തതുപോലെ മലയാളമനോരമ, മലയാളി, കേരള ചന്ദ്രിക എന്നീ പത്രങ്ങളിൽ ഭയങ്കരമായ 'കവിരാമായണ യുദ്ധം'തന്നെ നടന്നു.

ഈഴവർക്കു പാരമ്പര്യമായി ലഭിച്ച സ്ഥാനപ്പേരുകൾ തങ്ങളുടെ പേരോടുകൂടി ചേർത്തു എഴുതാമെന്നു സ്ഥിരീകരിപ്പാനും,

സാഹിത്യരചന നടത്താമെന്നു സ്ഥാപിക്കാനും പണിക്കർക്കു ഘോരസമരംതന്നെ നടത്തേണ്ടിവന്നു. മഹാകവി ഉള്ളൂരിൻെറ ഒരു പ്രസ്താവനയിൽനിന്നും ഇതു വ്യക്തമായി കാണാം. ഉള്ളൂർ പറയുന്നതു നോക്കുക:–

"........ഇതുതന്നെയാകുന്നു എനിക്കു എൻെറ മാന്യമിത്രമായിരുന്ന കുമാരനാശാൻെറ മഹാകവി സ്ഥാനാരോഹണത്തെപ്പററിയും പറയാനുള്ളതു്. ഇന്നത്തെ പ്രസംഗ കർത്താവായ സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ അന്നുവരെ സവർണ്ണർക്കു മാത്രം പ്രവേശനാർഹമെന്നു സങ്കല്പിക്കപ്പെട്ടിരുന്ന സാഹിത്യവേദിയിൽ നിർഭയമായും നിർബ്ബാധമായും എത്തിച്ചേർന്നു് അവിടെ ഒരു ഗണനീയമായ പീഠത്തെ ആരോഹണം ചെയ്യാതെയിരുന്നിരുന്നുവെങ്കിൽ തദനന്തരഗാമിയായ കുമാരനാശാനു നാമിന്നു ഏക മനസ്സോടെ നല്കുന്ന സാഹിതീസാർവ്വഭൌമസ്ഥാനം ഒരിക്കലും ലബ്ധമാകുന്നതല്ലായിരുന്നു. ഏതു വിജിഗീഷുവിനും പരിപൂർണ്ണമായ വിജയത്തിനു തുല്യകല്യന്മാരായ ചില പുരോഗാമികളുടെ സഹായം അത്യന്താപേക്ഷിതമാകുന്നു. ആ സഹായമാണു് കുമാരനാശാൻെറ വിഷയത്തിൽ പത്മനാഭ പണിക്കർക്കു നല്കുവാൻ ഇടവന്നതു എന്നുള്ള വസ്തുത ആർക്കും വിവാദവിഷയമല്ലെന്നു വിശ്വസിക്കുന്നു.

പണിക്കർ സ്ഥിരോത്സാഹത്തോടുകൂടി സാഹിത്യ പരിശ്രമം തുടർന്നു പോന്നു. 1070-ൽ തിരുവനന്തപുരത്തുവെച്ചു നടത്തിയ 'ഭാഷാപോഷിണി' സഭയിലെ ഒരു കവിതാ പരീക്ഷയിൽ അദ്ദേഹത്തിനു 'ആസന്ന മരണചിന്താ ശതകം' കാവ്യത്തിന്നു രണ്ടാം സമ്മാനം ലഭിക്കയുണ്ടായി. ഒന്നാം സമ്മാനം കെ. സി. കേശവപിള്ളക്കും, മൂന്നാം സമ്മാനം കവി തിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണിക്കും, നാലാം സമ്മാനം അമ്പലപ്പുഴ മാധവപ്പൊതുവാൾക്കും ആണു് അന്നു നല്കപ്പെട്ടതു്. കൊല്ലത്തുവെച്ചു കൂടിയ എസ്. എൻ. ഡി. പി. വാർഷികയോഗത്തിലെ സാ

ഹിത്യ മത്സരത്തിൽ 'ഈശ്വര ഭക്തി' എന്ന മൂലൂരിൻെറ ഖണ്ഡ കാവ്യമാണ് ഒന്നാം സമ്മാനാഹ്മായതു്. ഓച്ചിറ 'സാഹിത്യ പ്രദർശനം' നടത്തിയ സാഹിത്യമത്സരപ്പരീക്ഷയിലും 'സ്ത്രീ ധർമ്മം' എന്ന പണിക്കരുടെ ഖണ്ഡകാവ്യം ഒന്നാം സമ്മാ നാർഹമായി.

മഹാകവി വള്ളത്തോൾ 'ആത്മപോഷിണി'യുടെ പത്രാധി പത്യം വഹിച്ചുകൊണ്ടിരുന്ന അവസരത്തിൽ കവിതകൾ അ യച്ചുകൊടുക്കുന്നതിനു മൂലൂരിന്നു ഒരു കത്തയക്കയുണ്ടായി. അ തിന്നു മൂലൂർ താഴെ കാണുന്ന ഒരു പദ്യം മഹാകവിക്കു അയച്ചു കൊടുത്തു.

"ശേഷി, ശേമുഷിയിവയ്ക്കുടുത്തു ഞാൻ
പോഷിണിക്കു പലതും കുറിച്ചിടാം
ദോഷകോടി പിടിപെട്ടിരിക്കുകിൽ
ഭാഷ മാററിയവ ചേർത്തുകൊള്ളണം."

ഇതിന്നു മറുപടിയായി വള്ളത്തോൾ ഇങ്ങിനെയാണ് എഴുതിയതു്

"കവനകലയിൽ വൃദ്ധൻ താങ്കളെങ്ങീയുവാവെ—
ങ്ങിവനു കഴിയുമെന്നോ തവൽകൃതിക്കേട്ട തീർപ്പാൻ
ശിവ! ശിവ! ശിവശാന്തം പാപമല്ലെങ്കിൽ വിദ്വൽ-
പ്രവരർ സുവിനയത്താലാരിലും താഴ്മല്ലോ?"

ഹരിശ്ചന്ദ്രോപാഖ്യാനം, ധർമ്മപദം, കളഹംസം, സുഭദ്രാഹ രണം, ബാലബോധനം, കുചേലവൃത്തം, ശ്രീരാമോദന്തം, ഭജന കീർത്തനമാല, മൂന്നു താരാട്ടുകൾ, സന്ദേശഗീത, പുലവൃത്തങ്ങൾ, സ്മരണകൾ, പരിഷ്കൃത വിവാഹ വിധി, തീവ്രരോദനം, അവ സരോക്തിമാല, വിശ്വഗുണാദർശം, പത്രാധിപഭാരതം, നട മുഗമാല, പദദോഷ പ്രകരണം, നീതിസാരസമുച്ചയം തുടങ്ങി അനേകം ഗ്രന്ഥങ്ങൾ പണിക്കർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇ

DISTRIBUTING LIBRARY
No. ...... ......
KOTTAYAM

വയിൽ പലതും ഇപ്പോൾ ലഭ്യമല്ലാതെയാണു് കാണുന്നതു്. പണിക്കരുടെ കൃതികൾ എല്ലാം തേടിപ്പിടിച്ചു പ്രസിദ്ധപ്പെടുത്തുന്നതായാൽ അതു ഭാഷക്കു ഒരു വലിയ നേട്ടമായിരിക്കുമെന്നതിനു സംശയമില്ല. അദ്ദേഹത്തിൻെറ മകൻ പി. കെ. ദിവാകരൻ ഇതിന്നായി പരിശ്രമിച്ചുവരുന്നതു അഭിനന്ദനാർഹംതന്നെ

## പൊതുസേവനം.

കാവ്യരചനയിൽ മാത്രം ശ്രദ്ധിച്ചു കാലം കഴിക്കുകയല്ല പണിക്കർ ചെയ്തിട്ടുള്ളതു്. അദ്ദേഹം തൻെറ സമുദായത്തിൻെറയും അധഃകൃതസമുദായങ്ങളുടേയും അവശതകൾ പരിഹരിക്കുവാനും അവരെ ഉദ്ധരിക്കാനും വളരെയധികം പരിശ്രമിച്ചിട്ടുണ്ടു്. എസ്. എൻ. ഡി. പി. യോഗം ഡയറക്ടർ, പ്രജാസഭാമെമ്പർ, എന്നീ നിലകളിൽ അദ്ദേഹം പൊതുവെ സമുദായത്തിനും, രാജ്യത്തിനും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ നിരവധിയാണു്. തുടർച്ചയായി 12 കൊല്ലം അദ്ദേഹം പ്രജാസഭാ മെമ്പറെന്ന നിലയിൽ ഒട്ടേറെ കാര്യങ്ങൾക്കുവേണ്ടി വാദിച്ചു മിക്കതും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടു്. ഇലവന്തിട്ടയും പരിസരങ്ങളും അദ്ദേഹത്തിൻെറ പ്രത്യേക ശ്രദ്ധക്കു വിഷയീഭവിക്കയും, പല മലയാളം സ്കൂളുകൾ, നെയ്ത്തുശാല, ഭജനമഠങ്ങൾ; തുടങ്ങിയവ സ്ഥാപിതമാകയും ചെയ്തു. അധഃകൃത നേതാവായ കുറുമ്പൻ ദൈവത്താനു പണിക്കർ ഒരു താങ്ങും തണലുമായിരുന്നു. അദ്ദേഹത്തിനുവേണ്ടി അവരുടെ സമുദായോദ്ധാരണത്തിനു പററിയ വിധത്തിലുള്ള അനവധി കവിതകൾ പണിക്കർ രചിക്കയുണ്ടായിട്ടുണ്ടു്.

സമുദായ പരിഷ്കരണ വിഷയത്തിൽ ശ്രീ നാരായണഗുരു സ്വാമികളുടെ ഉപദേശങ്ങൾ നടപ്പിലാക്കുന്നതിനു അദ്ദേഹം ചെയ്തിട്ടുള്ള തീവ്രയത്നങ്ങളെ മാനിച്ചുകൊണ്ടു് 1091_ലെ എസ്. എൻ. ഡി. പി. വാർഷിക യോഗത്തിൽവെച്ചു അദ്ദേഹത്തിനു യോഗം വക ഒരു കീർത്തിമുദ്ര സമ്മാനിക്കയുണ്ടായി.

ഈ സമ്മാന ലാഭത്തെ പുരസ്സരിച്ച പല മഹാന്മാരും അദ്ദേഹത്തെ അഭിനന്ദിച്ചു:—

"ശ്രീനാരായണ ധർമ്മ പാലനസഭക്കാരാത്മ ഗോത്രോന്നതി-
ക്കി നാനാവിധ യത്നമേന്തിയ ഭവാനെന്തിപ്പൊഴർപ്പിച്ചവോ
ആ നാമാങ്കിത വെള്ളിമുദ്ര വിപുല ത്വൽ കീർത്തിവല്ലിക്കുമേ-
ലാനാകം മണമേശ്രുമാറവിരിയും പൂവായ് വിളങ്ങുന്നുതേ.
ഉള്ളിൽ തിങ്ങി വഴിഞ്ഞ നിർമ്മലതയോ പ്രോ-
    ത്സാഹ ലക്ഷ്മിക്കെഴും
പള്ളിദ്ദർപ്പണ ബിംബമോ പരമിതെ-
    ന്നൽപ്രേക്ഷയുണ്ടാം വിധം
വെള്ളിപ്പൂവുകൾ മുദ്രയൊന്നു തവഹൃത്തി-
    ങ്കൽ ഗുണ പ്രീതിയാൽ
കൊള്ളിച്ചീടിന സഭ്യരെസ്സമഭിനന്ദി-
    ക്കുന്നു ഞാൻ സാദരം."

## (മഹാകവി വള്ളത്തോൾ)

ചങ്ങനാശ്ശേരി. കിടങ്ങന്നൂർ, കോട്ട (തിരുവല്ല) എന്നീ പ്രദേശങ്ങളിൽ, ഇംഗ്ലീഷ് സ്കൂൾ, ഭജനമഠം, തുടങ്ങിയവ സ്ഥാപിക്കുന്നതിനു പണിക്കരുടെ സ്ഥിരപരിശ്രമമാണ് അടിസ്ഥാനം. വടക്കേക്കര 'മെഴുവേലി ആനന്ദ ഭൂതേശ്വരം' ക്ഷേത്രം ഒന്നുമാത്രം മതി പണിക്കരുടെ സ്മരണ നില നില്ക്കാൻ.

സമുദായത്തിന്റേയോ രാജ്യത്തിന്റേയോ സർവ്വതോമുഖമായ അഭ്യുന്നതിക്കുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തിട്ടുള്ള മഹാന്മാക്ക് ലഭിക്കുന്ന സ്ഥാനമാനാദികൾ ചിലരുടെ കണ്ണുകടിക്കു കാരണമായിത്തീരാറുള്ളവ നമുക്കനുഭവമാണല്ലോ — കുമാരനാശാന്റെ 'ഗ്രാമവൃക്ഷത്തിലെ കുയിൽ' അത്തരത്തിലുള്ള ഒരനുഭവമാണ്. മൂലൂരിനും അതിലും കടന്ന നിലയിലുള്ള വിഷമതകൾ

നേരിടേണ്ടി വന്നിട്ടുണ്ട്. അതിനെ ആസ്പദമാക്കി രചിച്ചിട്ടുള്ളതാണ് 'കളഹംസം.' മഹാന്മാൎക്കു നേരിടുന്ന ആപത്തുകളിൽ നമുക്കു സഹതപിക്കാനല്ലാതെ മറെറന്തു ചെയ്യാൻ കഴിയും.

## ഷഷ്ട്യബ്ദപൂൎത്തി.

സാഹിത്യത്തിലും, സമുദായ മദ്ധ്യത്തിലും ഒരുപോലെ വേരെടുത്തിട്ടുള്ള മൂലൂരിൻെറ ഷഷ്ടിപൂൎത്തി സംബന്ധിച്ച സമ്മേളനങ്ങൾ 1105-ൽ ആനന്ദഭ്രതേശ്വരം 'പത്മനാഭോദയം' ഇംഗ്ലീഷ് സ്കൂൾ അങ്കണത്തിൽവെച്ച് കേമമായി കൊണ്ടാടപ്പെട്ടു. സ്വാമി ശ്രീനാരായണ തീൎത്ഥർ, സി. വി. കുഞ്ഞുരാമൻ, കെ. പി. കയ്യാലക്കൽ, ടി. കെ. കുട്ടൻ, കണ്ണാറ ഗോപാലപ്പണിക്കർ, എം. ഗോവിന്ദൻ ജഡ്ജി, എൻ. കുമാരൻ ജഡ്ജി, ടി. ടി. കേശവൻ ശാസ്ത്രി, കെ. ജി. നീലകണ്ഠപ്പിള്ള, കെ. എ. കൊച്ചപ്പൻ മാപ്പിള തുടങ്ങി പേരും പെരുമയും ഉള്ള അനേകം മാന്യന്മാർ യോഗത്തിൽ പങ്കെടുക്കുകയും മൂലൂരിൻെറ മാഹാത്മ്യത്തെപ്പററി പ്രശംസിക്കയും ഉണ്ടായി. എം. ഗോവിന്ദൻ അദ്ദേഹത്തിൻെറ ഫോട്ടോ അനാഛാദനം ചെയ്തു. ആ പ്രസംഗത്തിൽ ഇങ്ങിനെ പ്രസ്താവിച്ചു കാണുന്നു:—

"സാഹിത്യകാരന്മാരുടെ ഇടയിൽ പണിക്കൎക്കു ഇന്നു കിട്ടിയിരിക്കുന്ന 'കാരണവ'സ്ഥാനം ലഭിക്കുവാനും, ഈഴവ യുവാക്കന്മാൎക്കു സാഹിത്യ പഥം തെളിച്ചു കൊടുക്കുവാനും പണിക്കർ ആദ്യകാലങ്ങളിൽ പല പദ്യസമരങ്ങളും നടത്തേണ്ടതായി വന്നിട്ടുണ്ടെന്നു സരസങ്ങളായ ദൃഷ്ടാന്തങ്ങളോടുകൂടി പ്രാസംഗികൻ ശ്രീ. കയ്യാലയ്ക്കൽ പ്രസംഗിച്ചുവല്ലോ—സാഹിത്യം സവൎണ്ണ ഹിന്ദുക്കളുടെ മാത്രം പൊതുസ്വത്തായിട്ടാണ് ഇടക്കാലംവരെ ഇരുന്നതു്. അന്യൎക്കു അതിൽ പ്രവേശനം ലഭിച്ചിരുന്നില്ല. ഇതു ഈഴവൎക്കു മാത്രമുള്ള ഒരസ്വാതന്ത്ര്യമല്ലായിരുന്നു. ഒരവൎണ്ണനോ അഹിന്ദുവിനോ കവിയാകണമെങ്കിൽ അവരുടെ കാവ്യത്തിൻെറ

ഗ്ഗുണത്തിൽ ഒരു 25 ശതമാനം കേവലം പ്രവേശനത്തിനായി ബലികൊടുക്കണം—അത്രയും മാററകൂടി അവരുടെ കാവ്യത്തിനുണ്ടെങ്കിൽ മാത്രമേ അവരെ കവികളായി ഗണിക്കാവൂള്ളു. പണിക്കൎക്കും കുമാരനാശാനും സൎവ്വസമ്മതമായ അംഗീകരണത്തിനു ഈ പ്രയാസം ഉണ്ടായിരുന്നു. അവരുടെ രണ്ടാളുടേയും കവിതയുടെ ഗുണാധിക്യംകൊണ്ടു് ആ പ്രയാസത്തിനു നിവൃത്തിവന്നു. പണിക്കരുടെ വേറൊരു ഗുണം യുവകവികൾ കൃതജ്ഞതാപൂൎവ്വം സ്മരിക്കാനുള്ളതാണു്. കാവ്യരചനയിൽ അഭിനവോദ്യമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പണിക്കൎക്കുള്ള അഭിരുചി ഒന്നുവേറെയാണു്.

സമ്മേളനത്തിനു മംഗളം ആശംസിച്ചുകൊണ്ടു അയച്ചുകിട്ടിയ കത്തുകളിൽ ചിലതു താഴെ ചേൎക്കുന്നു:—

താങ്കളുടെ സമുദായ സേവനത്തേയും സാഹിത്യപരിശ്രമങ്ങളേയും സ്വജനങ്ങളും നാട്ടുകാരും ഈ അവസരത്തിൽ അഭിനന്ദിക്കുവാൻ തയ്യാറായതിൽ സന്തോഷിക്കുന്നു. അവരുടെ ഔചിത്യബുദ്ധിയെ ഞാൻ ഹൃദയപൂൎവ്വം അഭിനന്ദിക്കുന്നു................. ഈ രാജ്യത്തു് എല്ലാ ജാതിയിൽപ്പെട്ടവരുടേയും ബഹുമാനത്തിനു താങ്കൾ അവകാശിയാണു്. ഈ വിശേഷാൽ സന്ദൎഭത്തിൽ എനിക്കു നേരിട്ടുവന്നു എൻെറ വിതപ്രകാരമുള്ള മംഗളാശംസ ചെയ്യാൻ സാധിക്കാതെ പോകുന്നല്ലോ എന്നോൎത്തു കുണ്ഠിതപ്പെടുന്നു..................

**താങ്കളുടെ ആത്മമിത്രം**

**മന്ദത്തു പത്മനാഭപിള്ള**

ധാരാളം ജ്ഞാനമോമൽ കവനകലദുഗ്ദ്ധോ—
    ത്സാഹമിത്യാദി മൂലം
പേരാൎന്നീടുന്നു മൂലൂർ സരസ കവിവരൻ
    പത്മനാഭപ്പണിക്കർ

നേരാളും മാനസത്തിൽ തെളിവൊടു
സുലഭം ഷഷ്ടിസംപൂർത്തിഘോഷം
പാരാതിന്നാചരിപ്പൂ; ജനിദിനാശത
മെൻ തോഴർ കൊണ്ടാടിടേണം.

## (കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള)

പ്രജാസഭ തുടങ്ങിടും വിവിധ രാജ്യകാര്യങ്ങളിൽ
പ്രതാപമൊടു മല്ലടിച്ചുഥ ഗുണങ്ങ'ളൂരി'ന്നിവൻ
സദാഹഹഹമൂലതീതൃഖിലലോകരും ചൊൽകയാ–
ലിതാപരമസത്യമായറിക പേരു മൂലൂരിഹാ!
ഗുരു, കവി, ബുധരെന്നല്ലാഹ
സൂര്യാദിക്കൊത്തു മന്ദനും കൂടി
ചൊവ്വായഹോ സ്തുതിക്കും
ജൈവാതൃകനായ് ചിരം ഭവാൻ വാഴ്‌വൂ.

## (ഡോക്ടർ എൽ. എ. രവിവർമ്മ കോയിത്തമ്പുരാൻ)

കാലൂന്നാൻ നോക്കമീയെൻ ചെറുകവിതകവി–
ണ്ണൂഴി പററി ക്കളിക്കെ
മൂലൂരിൻ നാമധേയം ചെവിയിലമൃതൊ–
ഴുക്കീടുമാറുണ്ടു പണ്ടേ
മേലേ മേലേ കവിതക്കളരിയിലടവെ–
മ്പാടുമഭ്യസ്തമാക്കി
ക്കാലേ കൊട്ടാരവും പൂങ്കുടിലുമിത–
ഭവൽകീർത്തി വാഴ്ത്താൻ തുടങ്ങി.
സാഹിത്യത്തിന്നു നാനാമണിസരമണി–
യാൽ തീർത്തോരാശാനുപോലും
ഹാ! ഹാ! ജാതിക്കളത്തുമ്പാൽ'തിലക'മിഹ
തൊടീക്കാത്തപാഴൂഴിയല്ലേ!

.പൊങ്കംഭത്തിന്നു പൊട്ടെന്തിനു? തവകവി-
തയ്ക്കെന്തിനാഹാര്യ്യ ശോഭാ
പങ്കം? ഹേ! ധന്യമൂലൂർ സരസകവിമണേ!
ഭവ്യമവ്യാഹതം തേ!

(മഹാകവി പള്ളത്തു രാമൻ)

# ഒരു കത്തു്.

"ധർമ്മം" പത്രത്തിന്റെ ഉപപത്രാധിപരായി ഞാൻ വർക്കല 'ശിവഗിരി'യിൽ താമസിച്ചു പത്രപ്രവർത്തനത്തിൽ ഏർപ്പെട്ട കാലത്താണു് (1103) മൂലൂരിനെ പററി അറിവാനിടയായതു്. പിന്നീടു ഞങ്ങൾ തമ്മിൽ കത്തിടവാടുകൾ നടക്കുകയും, അതുവരെ ഞാൻ പ്രസിദ്ധപ്പെടുത്തിയിരുന്ന നാലു പുസ്തകങ്ങൾ അദ്ദേഹത്തിനു അഭിപ്രായത്തിന്നു അയയ്ക്കുകയും ഉണ്ടായി. അതിനും മററും മറുപടിയായി അദ്ദേഹം അയച്ച കത്തു് താഴെ പകർത്തുന്നു. ഇതിൽനിന്നു അദ്ദേഹത്തിന്റെ സമുദായ സ്നേഹത്തേയും, സാഹിത്യ സേവനതല്പരതയേയും നമുക്കു മനസ്സിലാക്കാവുന്നതാണു്.

ശ്രീനാരായണാബ്ദം.

നമ്പ്ര് 74 എലന്തിവട്ട,

സരസകവി മൂലൂർ എസ്സ്. പത്മനാഭപണിക്കർ. കുഴിക്കാല,

ശ്രീമൂലം പ്രജാസഭാമെമ്പർ. 9-2-1105

പത്രാധിപർ, പ്രബുദ്ധസിംഹളൻ.

പ്രിയ സുഹൃത്തേ! കുശലം.

നിങ്ങൾ സ്നേഹപുരസ്സരം കഴിഞ്ഞമാസം 25-ാംനു- അയച്ച കത്തും 'ധീരവനിത' 'രാജകേസരി', 'വീരതരുണി' എന്നീ പുസ്തകങ്ങളും യഥാകാലം കിട്ടി കൃതജ്ഞത പറയുന്നു. നിങ്ങളുടെ

KOTTAYAM PUBLIC LIBRARY
79219
21009
KOTTAYAM

പുസ്തക പ്രസിദ്ധീകരണ പ്രസ്ഥാനരീതി, ഭാഷയേയും സമുദായ
ത്തെയും നാട്ടിനേയും നന്നാക്കുന്ന മാതിരിയിലാണെന്നു ഞാൻ
പറയുന്നതു് തെല്ലും അതിശയോക്തിയായി നിങ്ങൾ ഗണിക്ക
രുതു്. പുസ്തകങ്ങൾ ഞാൻ സമഗ്രമായി വായിച്ചിട്ടു പറയുന്ന അ
ഭിപ്രായമാണിതു്. രാജകേസരിക്കു 'ശക്തൻ തമ്പുരാൻ' എന്നു
പേരുകൊടുത്തിരുന്നുവെങ്കിൽ കുറെക്കൂടി ജനാകർഷകമായിട്ടിരി
ക്കുമായിരുന്നു. പ്രബുദ്ധസിംഹളൻ അചിരേണ പുനൎജ്ജീവിക്കും.
അതിൽ പുസ്തകങ്ങളെക്കുറിച്ചുള്ള അഭിപ്രായം ചേർത്തുകൊള്ളാം.

ശിവലിംഗ സ്വാമികൾ എനിക്കു വലിയ പരിചിതനല്ലാ
യിരുന്നു. അദ്ദേഹത്തിന്റെ പല വിസ്മനീയ ചരിത്രങ്ങൾ ഇ
നിയും കിടപ്പുണ്ടെന്നു കരുവാ കൃഷ്ണനാശാൻ പറയുന്നു. രണ്ടാം
പതിപ്പുണ്ടെങ്കിൽ അതിൽ ചേർക്കത്തക്കവണ്ണം അയച്ചു തരാമെന്നു
പറയുന്നു. ഈ മാസം 1-ാംനു- മുതൽ 5-ാംനു-വരെ കൃഷ്ണനാ
ശാൻ ഇവിടെ ഉണ്ടായിരുന്നു. നിങ്ങളുടെ നാലു പുസ്തകങ്ങളും അ
ദ്ദേഹം ശ്രദ്ധാപൂർവ്വം വായിച്ചു സന്തോഷിച്ചു.

ഞാൻ നിങ്ങളെ ഭാരമേല്പിച്ച ഈഴവ പണ്ഡിത ചരിത്ര
നിൎമ്മാണത്തിൽ നിങ്ങൾക്കനുമതി ഉണ്ടെന്നു കത്തിൽ കാണുന്ന
തിനാൽ ഞാൻ വളരെ കൃതാൎത്ഥനായിരിക്കുന്നു. ഞാനും മേൽ
വിവരിച്ച കരുവാ കൃഷ്ണനാശാനും നിങ്ങളെ അക്കാൎയ്യത്തിൽ കഴി
യുന്നതു സഹായിച്ചുകൊള്ളാം. ആദ്യം തിരുവിതാംകൂറിലുള്ള
വരുടെ എല്ലാം എഴുതിക്കഴിഞ്ഞിട്ടു് മലബാറിലേക്കു കടക്കണം.
കൊച്ചിയെ സംബന്ധിച്ചു ഏതൽ സംബന്ധമായി ഒരു രൂപവും
എനിക്കില്ല. ബോധാനന്ദ സ്വാമികളുടെ ചരിത്രവും ആ പുസ്ത
കത്തിൽ ഉൾപ്പെടുത്തിയാൽ മതി എന്നു തോന്നുന്നു. പണ്ഡിത
ന്മാർ, കവികൾ, സന്യാസികൾ എന്നു മൂന്നു വിഭജനം ചെയ്തു
കൊണ്ടാൽമതി. കേരളഭാനു ബുക്കുഡിപ്പോ അതിനായിട്ടു ഉടനെ
ശ്രമിക്കണം. ചരിത്രഗ്രന്ഥനിൎമ്മാണത്തിൽ ഒന്നാമതായിട്ടു്
തിരുവിതാംകൂറിലെ ഈഴവപണ്ഡിതന്മാരിലും ഈഴവകവികളിലും

പ്രഥമസ്ഥാനം വഹിക്കുന്ന കൊട്ടാരം വൈദ്യനായിരുന്ന വെള്ളത്തേരി കേശവൻ വൈദ്യൻെറ ചരിത്രമായിരിക്കണം ആരംഭിക്കേണ്ടതു്. അദ്ദേഹം പാണ്ഡിത്യംകൊണ്ടും കവിത്വംകൊണ്ടും വൈദ്യത്വംകൊണ്ടും, വാഗ്മിത്വംകൊണ്ടും അനിതരസാധാരണനായിരുന്നു. എന്നു മാത്രമല്ല അന്നു നാടുവാണിരുന്ന തിരുവിതാംകൂർ വിശാഖം തിരുനാൾ മഹാരാജാവു് തിരുമനസ്സിലെ തൃക്കൈയ്യിൽനിന്നു് വീരശൃംഖല ലഭിക്കുകയും കൊട്ടാരം വൈദ്യനായിരിക്കുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിൻെറ ശിഷ്യനാണു് കൃഷ്ണനാശാൻ. കേശവൻ വൈദ്യൻെറ ചരിത്രം കൃഷ്ണനാശാനിൽനിന്നു വേണ്ടത്ര ശേഖരിക്കാം. രണ്ടാമതായിട്ടു് എടുക്കേണ്ടതു് 'രസികശിഖാമണി'യെന്നു വലിയ കോയിത്തമ്പുരാൻ പേരുകൊടുത്തിട്ടുള്ള കവിശ്രേഷ്ഠനായ പി. കെ. കൃഷ്ണൻവൈദ്യനെയാണു്. അദ്ദേഹത്തിൻെറ ചരിത്രം കഴിയുന്നത്ര ഞാൻ അയച്ചുതരാം. മൂന്നാമതായിട്ടു് പരവൂർ കേശവനാശാൻ അവർകളെയാണു് എടുക്കേണ്ടതു്. അദ്ദേഹം പ്രസിദ്ധ കവി കെ. സി. കേശവപിള്ള അവർകളുടെ ഗുരുവും തിരുവിതാംകൂറിലെ ഈഴവരുടെ ആദിമപത്രമായ 'സുജനാനന്ദിനി'യുടെ പത്രാധിപരും മഹാ പണ്ഡിതനും കവിയുമായിരുന്നു. നാലാമതായിട്ടെടുക്കേണ്ടതു് ആയുർവ്വേദീയ ഔഷധനിഘണ്ടുകർത്താവായ ആലപ്പുഴ കുമാരകൃഷ്ണൻ വൈദ്യനെയാണു്. ആറു രൂപാ വിലയുള്ള ആ പുസ്തകം നിങ്ങൾ വായിച്ചിട്ടില്ലെങ്കിൽ ഒന്നു വായിച്ചുനോക്കിയാൽ അദ്ദേഹത്തിൻെറ പാണ്ഡിത്യശക്തിയും വൈദ്യശാസ്ത്ര വിദഗ്ദ്ധതയും പരോപകാരപരായണത്വവും വേണ്ടപോലെ മനസ്സിലാകുന്നതായിരിക്കും. പിന്നെ മണമ്പൂർ ഗോവിന്ദനാശാൻ (കുമാരനാശാൻെറ ഗുരു) മട്ടാഞ്ചേരി ഗോവിന്ദൻ വൈദ്യർ, ഉടയാംകുഴി കൊച്ചുരാമനാശാൻ മുതലായി പലരും ഉണ്ടു്. മലബാറിൽ മാടായി മന്ദൻ മുതലായ പ്രാചീന കവികളും, ഇമ്പിച്ചൻഗുരുക്കൾ, കോരപ്പൻഗുരുക്കൾ, മുതലായ മഹാ പണ്ഡിതന്മാരും ഉപ്പോട്ടു കണ്ണൻ മുതലായ ഗ്രന്ഥകർത്താക്കന്മാരും നരിക്കുനി ഉണ്ണീരിക്കുട്ടി വൈദ്യർ മുതലായ

പണ്ഡിത കവികളും അനേകം സരസഗദ്യ ഗ്രന്ഥകർത്താക്കന്മാരും ഉണ്ടെന്നുള്ള കാര്യം നിങ്ങൾക്കും അറിവുള്ളതാണല്ലോ. ഒരു കോണിൽനിന്നു ഇവരുടെയെല്ലാം ചരിത്രങ്ങൾ അനുക്രമം ശേഖരിക്കണം. ഇതൊരു സാമുദായികമായ വലിയ ഭാഷാസമ്പത്താണ്. ഇവരിൽ പലരുടേയും ചരിത്രങ്ങൾ അവരുടെ പരിചിതന്മാരുടെ അഭാവത്തിൽ നഷ്ടപ്പെട്ടുപോകാനിടയുണ്ട്. സമുദായത്തിനും ഭാഷയ്ക്കും അതൊരു വലിയ നഷ്ടമല്ലയോ?

നിങ്ങൾ സൌകര്യമുള്ള പക്ഷം ഇത്രടം ഒന്നു വന്നിട്ടു രണ്ടോ മൂന്നോ ദിവസം ഇവിടെ താമസിക്കുന്നതായാൽ ഇതിനെപ്പററിയുള്ള സവിസ്തരമായ ഒരു ചർച്ചചെയ്തിട്ട് മടങ്ങാം. അതിനു നിങ്ങൾ തയ്യാറാവുമെന്നും വിശ്വസിക്കുന്നു. ചെങ്ങന്നൂർനിന്ന് പന്തളത്ത് കുളനട എന്ന ചന്തസ്ഥലത്ത് ബസ്സിൽനിന്നിറങ്ങിയാൽ അവിടെനിന്നു ഉള്ളകത്തേക്കു വടക്കോട്ടു അല്പം കിഴക്കോട്ടു ചാഞ്ഞിട്ട് മൂന്നുനാഴിക റോഡുവഴി നടന്നാൽ ഇവിടെ എത്താം. ചക്കടാവണ്ടിയിലും വരാം. യുവാക്കന്മാരായ നിങ്ങൾക്കു നടക്കുന്നതാണ് സുഖമെന്നു വിചാരിക്കുന്നു. വരുന്ന വിവരത്തിനു ഒരു 15 ദിവസംമുമ്പ് എനിക്കു അറിവു തന്നിരിക്കണം. അല്ലാത്ത പക്ഷം ഞാൻ ചിലപ്പോൾ ഇവിടെ ഇല്ലാതെയിരിക്കും. പ്രബുദ്ധ സിംഹളൻ മാസികക്കു കേരളഭാനു ബുക്കുഡിപ്പോ ഒരു അംശഭാക്കായിരിക്കാമോ?

ഞാൻ ഇപ്പോൾ മിക്കവാറും ശരീരസുഖമില്ലാതെയിരിക്കയാണ്. ശേഷം വിവരങ്ങൾ നിങ്ങളുടെ കത്തുകിട്ടിയിട്ട് ആകാം.

എന്നു്, സ്നേഹിതൻ

മൂലൂർ. എസ്. പത്മനാഭപ്പണിക്കർ.

ഈ കത്തുകിട്ടുന്ന അവസരത്തിൽ എനിക്കു് ഇരുപത്തിരണ്ടു വയസ്സു പ്രായമേ ആയിട്ടുള്ളു. അദ്ദേഹം ഉദ്ദേശിച്ച പണ്ഡിത

കവികളുടേയും മററും ജീവചരിത്രങ്ങൾ അതർഹിക്കുന്ന അന്തസ്സോടും സാഹിത്യ മേന്മയോടുംകൂടി എഴുതുവാൻ എനിക്കു കരുത്തുണ്ടെന്നു അന്നു തോന്നിയില്ല. തന്മൂലം എത്രയും ഉത്തരവാദപ്പെട്ട ഇക്കാര്യം ഏറെറടുത്തു് ഭംഗിയായി നിർവ്വഹിക്കുവാൻ സാധിക്കുമോ എന്നു സംശയമാണു് എന്നു ഞാൻ കുറെ ദിവസത്തെ ആലോചനകൾക്കുശേഷം അദ്ദേഹത്തിനു വ്യസനസമേതം മറുപടി കൊടുത്തു. അങ്ങിനെ മറുപടികൊടുത്തു എങ്കിലും അക്കാര്യം നിർവ്വഹിക്കുവാൻ സാധിക്കാത്തതിനെ സംബന്ധിച്ചുള്ള ചിന്തകൾ പിന്നീടു് പലപ്പോഴും എന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. അങ്ങിനെയിരിക്കെ ഏതാനും മാസങ്ങൾ കഴിഞ്ഞതിന്നുശേഷം ആ വന്ദ്യ കവി പരലോകം പ്രാപിച്ച വിവരം അത്യന്തം ദുഃഖത്തോടുകൂടി ശ്രവിക്കാനിടയായി. തന്മൂലം അക്കാര്യത്തെപ്പററി തുടന്നു് പുനരാലോചന നടത്തുവാൻ സാദ്ധ്യമായില്ല. അദ്ദേഹത്തിന്റെ ആ നല്ല ആശയം ഇന്നും നിറവേററപ്പെടാതെ കിടക്കുകയാണു്. മഹോപാദ്ധ്യായ വിദ്വാൻ വി. കുഞ്ഞുകൃഷ്ണൻ 'രണ്ടു വിദ്വൽ കവികൾ' എന്ന പേരിൽ വെള്ളത്തേരി കേശവൻ വൈദ്യരുടേയും പെരുന്നല്ലി കൃഷ്ണൻവൈദ്യരുടേയും ജീവചരിത്രങ്ങൾ പ്രസിദ്ധപ്പെടുത്തി കണ്ടപ്പോൾ എനിക്കു് വളരെ സന്തോഷം തോന്നി. ഈ വഴിക്കുള്ള അദ്ദേഹത്തിന്റെ ആദ്യത്തെ കാൽവെപ്പാണിതെന്നു ഞാൻ കരുതി. അദ്ദേഹവും അതു തുടന്നു കാണുന്നില്ല. അദ്ദേഹമോ മററു പണ്ഡിതന്മാരോ ബാക്കി ജീവചരിത്രങ്ങളും പ്രസിദ്ധപ്പെടുത്താൻ ശ്രമിച്ചാൽ അതു് മൂലൂരിനോടും സമുദായത്തോടും ചെയ്യുന്ന ഏററവും വലിയ കൃത്യനിർവ്വണമായിരിക്കുമെന്നതിനു സംശയമില്ല.

## അന്ത്യകാലം.

മൂലൂരിന്റെ ഗാർഹികജീവിതത്തിൽ അദ്ദേഹത്തിന്നു പല വിഷമതകളും മനോദുഃഖങ്ങളും അനുഭവിക്കേണ്ടി വന്നിട്ടുണ്ടു്. കുട്ടിക്കാലത്തുതന്നെ അമ്മ മരിച്ചു. അദ്ദേഹത്തിനു 4 പുത്രന്മാരും

3 പുത്രിമാരും ഉണ്ടായിരുന്നതിൽ കുശാഗ്രബുദ്ധിയും കവിയുമായിരുന്ന രണ്ടാമത്തെ മകൻ ഗംഗാധരൻ ഇരുപത്തൊന്നാമത്തെ വയസ്സിൽ ചരമം പ്രാപിച്ചു. ആ യുവാവിന്റെ മരണം മൂലൂരിനെ വല്ലാതെ വേദനിപ്പിക്കയുണ്ടായി. 'പ്രബുദ്ധസിംഹളൻ'മാസികാ പ്രവൎത്തനത്തിൽ സാമ്പത്തികമായി അദ്ദേഹത്തിനു കുറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നു. പിന്നെ അസൂയാലുക്കളായ ചില ബന്ധുജനങ്ങൾ അദ്ദേഹത്തെ പ്രതിയാക്കി ഒരപകീൎത്തി ക്കേസ് കൊടുക്കുകയും അതു കുറെകാലം നീണ്ടുനില്ക്കുകയും ഉണ്ടായി. അതുസംബന്ധിച്ച് അദ്ദേഹത്തിനു വളരെ ക്ലേശം അനുഭവിക്കേണ്ടിവന്നുവെങ്കിലും ഒടുവിൽ വിജയശ്രീലാളിതനായി. ഏതു വിഷമസ്ഥിതിയേയും നേരിടുന്നതിനുള്ള മനക്കരുത്തും സഹിഷ്ണുതയും അദ്ദേഹം ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. ദീൎഘാലോചനചെയ്തു് പ്രവൎത്തിപ്പാനുള്ള വാസനയും ബുദ്ധിശക്തിയും ജനങ്ങളെ വശീകരിക്കത്തക്ക ഹൃദയനൈൎമ്മല്യവും നായകത്വം വഹിപ്പാനുള്ള ധീരതയും അദ്ദേഹത്തിന്റെ മുഖ്യ ഗുണങ്ങളായിരുന്നു.

ഇങ്ങിനെ വിവിധ നിലകളിൽ സമുദായത്തിന്നും രാജ്യത്തിന്നും ഭാഷക്കും അഭിമാനിക്കാവുന്ന ആ സരസകവി തന്റെ 61-ാമത്തെ വയസ്സിൽ 1106 മീനമാസം 8-ാംനു- വസൂരിരോഗത്താൽ ഇഹലോകവാസം വെടിഞ്ഞു. സ്വപരിശ്രമംകൊണ്ടു് സാഹിത്യലോകത്തു് ശാശ്വതപ്രതിഷ്ഠ ലഭിച്ച സരസകവി മൂലൂർ ഒരു മാതൃകാപുരുഷനാണു്. അദ്ദേഹത്തിന്റെ കൃതികൾ തന്റെ സ്മാരകമായി എന്നും നിലനില്ക്കാൻ അൎഹമാണെങ്കിലും, അദ്ദേഹത്തിന്റെ സ്മരണ നിലനിൎത്താൻ സാഹിത്യ അക്കാദമി ഇനിയെങ്കിലും വേണ്ടതു പ്രവൎത്തിക്കുമെന്നു് ആശിക്കുന്നു.

—*—

# സി. കൃഷ്ണൻ, ബി. എ. ബി. എൽ.

**1867** ജൂൺ 11-ാംനു- (1042 എടവം 29-ാംനു-) ശനിയാഴ്ച, മുല്ലശ്ശേരിയിൽ ചങ്ങരംകുമരത്തു ശ്രീ പാറൻെറ മകനായി ജനിച്ച സി. കൃഷ്ണൻ കേരളത്തിലെ തിയ്യസമുദായത്തിൻെറ നേതാവും, രാഷ്ട്രീയരംഗത്തിൽ ഒരു പ്രമുഖാംഗവുമായിത്തീൎന്ന കഥ ഭാവി തലമുറകൾക്കു പ്രചോദനം നല്കുന്ന ഒന്നാണു്. അദ്ദേഹം ചെറുപ്പത്തിൽതന്നെ--വിദ്യാൎത്ഥിയായിരുന്ന കാലത്തു--ജാതിമതസംബന്ധമായ അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടും അസമത്വങ്ങളോടും മല്ലിടുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം മദിരാശി പ്രസിഡൻസി കോളേജിൽ പഠിക്കുന്ന കാലത്തു മലയാളിവിദ്യാൎത്ഥികൾക്കു ലഘുഭക്ഷണം കഴിക്കുന്നതിന്നായി രണ്ടു മുറികൾ ഉണ്ടായിരുന്നു. അവ രണ്ടും 'ജാതി'യുടെ പേരിൽ സവൎണ്ണഹിന്ദുവിദ്യാൎത്ഥികളാണുപയോഗിച്ചിരുന്നതു്. തിയ്യനായ സി. കൃഷ്ണനു അതിൽ സവൎണ്ണർ പ്രവേശനമനുവദിച്ചില്ല. അദ്ദേഹം ഒററക്കു അവരോടു അവകാശവാദം നടത്തുകയും, ഇതിനെ പററി പ്രിൻസിപ്പാളുടെ അടുക്കൽ ആവലാതിപ്പെടുകയും ഉണ്ടായി. ഒരുമുറി സവൎണ്ണൎക്കും, മറേറ മുറി കേരളത്തിലെ മററു സമുദായങ്ങൾക്കുമായി വിട്ടുകൊടുക്കുന്നതിന്നു കോളേജധികൃതന്മാർ നിർബ്ബന്ധിതരായി. വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ ഇടയിൽപോലും ജാതിക്കറ ഒട്ടിപ്പിടിച്ചിരുന്ന അക്കാലത്തു ഏകനായി സ്വാതന്ത്ര്യസമരം ചെയ്തു വിജയം നേടുന്നതിന്നു ഒരസാധാരണ നെഞ്ഞുറപ്പും ദൃഢനിശ്ചയവും ഇല്ലാതെ കഴികയില്ലല്ലൊ. കേരളത്തിലെ ജാതിശല്യങ്ങളും, വിദൂരമായ മദ്രാസ് പട്ടണത്തിൽപോലും അഭ്യസ്തവിദ്യരുടെ ഇടയിൽ ഉള്ള ജാതിസംബന്ധമായ അസമത്വങ്ങളും, പുഛരസവും അദ്ദേഹത്തെ ജാതിയോടു മല്ലടിന്നതിന്നു് പ്രേരിപ്പിച്ചു. അതോടുകൂടി അദ്ദേഹം ഒരു പത്രലേഖകനെന്നനിലയ്ക്കു മലയാളമനോരമ, കേരളസഞ്ചാരി തുടങ്ങിയ മലയാള പത്രങ്ങളിലും, മദ്രാസ്സിലെ ഇംഗ്ലീഷ് പത്രങ്ങ

ളിലും അവശസമുദായങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവശതകളേയും അനീതികളേയും, കുറിച്ചു ഉജ്ജ്വലലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി ഗവമ്മേണ്ടിൻെറയും, പൊതുജനങ്ങളുടേയും ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരുന്നു.

ബി. എ. പാസ്സായതിന്നുശേഷം ഉപരിപഠനത്തിന്നു ശ്രമിക്കാതെ അദ്ദേഹം കോഴിക്കോട്ടേക്കു മടങ്ങിവന്നു 'കേരളസഞ്ചാരി'യുടെ പത്രാധിപത്യം ഏറെറടുത്തു. കേരളസഞ്ചാരി കൂടാതെ മററു പത്രങ്ങൾക്കും അദ്ദേഹം ധാരാളം ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. അങ്ങിനെ പൊതുക്കാര്യങ്ങളിൽ അഞ്ചാറു കൊല്ലം എടതടവില്ലാതെ പരിശ്രമിച്ചതിന്നുശേഷം അദ്ദേഹം നിയമപഠനത്തിന്നായി വീണ്ടും മദിരാശിക്കു പോവുകയും, ബി. എൽ. ബിരുദം നേടി മദ്രാസിൽ പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. മദ്രാസിൽനിന്നു ഒരു സ്നേഹിതനുമൊരുമിച്ചു അദ്ദേഹം സിലോണിലേക്കു പോവുകയും, അവിടത്തെ മലയാളികളുടെ അവശതകളെ നേരിട്ടുകണ്ടു മനസ്സിലാക്കുകയും, അവയെപററി പത്രങ്ങൾ മുഖേന പരിഹാരത്തിനു പരിശ്രമിക്കയും ഉണ്ടായി.

മദ്രാസിൽ രണ്ടുകൊല്ലം പ്രാക്ടീസ് ചെയ്തതിന്നുശേഷം കോഴിക്കോട്ടേക്കു മടങ്ങിവന്നു സ്ഥിരതാമസമാക്കി. കേരളത്തിലെ അവശസമുദായക്കാർക്കു അവരുടെ സങ്കടങ്ങളും ആവലാതികളും പൊതുജനങ്ങളേയും ഗവമ്മേണ്ടിനേയും അറിയിക്കുന്നതിന്നു സ്വന്തമായി പത്രങ്ങൾ ആവശ്യമാണെന്നു അദ്ദേഹത്തിന്നു വളരെ മുമ്പുതന്നെ ബോദ്ധ്യമായിരുന്നു. അന്നു അവശസമുദായക്കാർക്കു പബ്ളിക്ക്റോഡിൽക്കൂടി നടക്കാൻ പാടില്ല, സ്കൂളുകളിൽ പ്രവേശനമില്ല, ക്ഷേത്രങ്ങളുടെ അടുത്തുകൂടി പോകാൻ പാടില്ല, നല്ല ഭാഷയും നല്ല വസ്ത്രധാരണവും പാടില്ല എന്നിങ്ങിനെയുള്ള അവശതകൾ പരിഹരിക്കുന്നതിന്നും, സമുദായത്തിലെ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ദൂരീകരിക്കുന്നതിന്നും, ശ്രീനാരായണ ഗുരുസ്വാമികളുടെ സന്ദേശങ്ങളെ പ്രചരിപ്പിക്കു

ന്നതിനും ആയി അദ്ദേഹം 1913-ൽ മിതവാദി മാസികയും, ഒരച്ചുകൂടവും ആരംഭിച്ചു. മലബാറിൽ അന്നു തിയ്യരുടെ വകയായി യാതൊരു പത്രങ്ങളോ മാസികകളോ ഉണ്ടായിരുന്നില്ല. ആ ഒരു കുറവു മിതവാദി മൂലം അദ്ദേഹം പരിഹരിച്ചു. മിതവാദിക്കു പെട്ടെന്നു പ്രചാരം ലഭിച്ചു. സമുദായത്തിൻെറ അഭിവൃദ്ധിയെ മാത്രം ലാക്കാക്കി അദ്ദേഹം വ്യവസായകാൎയ്യങ്ങളിലും, മതപരിഷ്കാരങ്ങളിലും പ്രത്യേകം ശ്രദ്ധാലുവായിത്തീൎന്നു. സമുദായത്തിൻെറ ഏററവും നിസ്സാരകാൎയ്യങ്ങളിൽകൂടി മിതവാദി ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരുന്നു. സമുദായത്തിലുണ്ടായ വളൎച്ചക്കനുസരിച്ചു മിതവാദി 1921-ൽ പ്രതിവാരപത്രമായി പുറപ്പെട്ടുവിച്ചു തുടങ്ങി. മിതവാദി മലബാറിലേയും, കൊച്ചിയിലേയും, തിരുവിതാംകൂറിലേയും തിയ്യരുടെ ശക്തിയേറിയ ആയുധമായി പരിണമിച്ചു.

കൊച്ചി-തിരുവിതാംകൂറിൽ വിദ്യാലയപ്രവേശനത്തിന്നും, ഉദ്യോഗലബ്ധിക്കും മിതവാദി ധീരതയോടുകൂടി പടവെട്ടിയിട്ടുണ്ടു്. കോഴിക്കോട്ടു് തളിറോഡിൽകൂടി തിയ്യർ മുതലായവരുടെ ഗതാഗതത്തെ തടഞ്ഞുകൊണ്ടുള്ള കലക്ടരുടെ കല്പനയെ ലംഘിച്ചു് മി: കൃഷ്ണൻ, മി: മഞ്ചേരി രാമയ്യരുമൊരുമിച്ചു ആ റോഡിൽകൂടി സഞ്ചരിക്കുകയും, വിവരം കലക്ടരെ അറിയിക്കുകയും ചെയ്തു. അക്കാലത്തു അതൊരു വിപ്ലവം തന്നെയായിരുന്നു. കേരളത്തിലും പുറത്തും മി: കൃഷ്ണൻെറ ഈ ധീരപ്രവൃത്തി അനുകൂലികളുടേയും പ്രതികൂലികളുടേയും ഇടയിൽ വലിയ കോളിളക്കമുണ്ടാക്കി. അതിനെത്തുടൎന്നു അനേകം ഘോഷയാത്രകൾ ആ റോഡിൽകൂടി കടന്നുപോയി. കലക്ടർ മൌനം ദീക്ഷിച്ചു. തീണ്ടൽ ബോർഡുകൾ റോഡുകളിൽനിന്നും പെട്ടെന്നു തിരോധാനം ചെയ്തു. വൈക്കം, കല്പാത്തി, തിരുവാർപ്പു മുതലായ സ്ഥലങ്ങളിൽ പിന്നീടുണ്ടായ സഞ്ചാരസ്വാതന്ത്ര്യപ്രക്ഷോഭണത്തിൻെറ നാന്ദിയായി കേരളത്തിൽ ആ സമരം ആരംഭിച്ചതും വിജയം നേടിയതും മി: കൃഷ്ണനാണെന്നതിന്നു സംശയമില്ല

ശ്രീനാരായണഗുരുസ്വാമികഠ തുടങ്ങിവെച്ച സാമുദായികവും, മതപരവുമായ പരിഷ്കാരങ്ങഠ നടപ്പിൽ വരുത്തുവാൻ മി: കൃഷ്ണൻ അവിശ്രമപരിശ്രമം ചെയ്തുപോന്നു. സമുദായം ഉണൎന്നു തോട്ടകൂടി, അവരുടെ അസമത്വങ്ങളിൽ അവൎക്കു വെറുപ്പു വൎദ്ധിക്കുകയും, പലരും അവരുടെ അവശതാപരിഹാരത്തിന്നായി മററു മതങ്ങളെ ശരണം പ്രാപിക്കാൻ ആരംഭിക്കയും ഉണ്ടായി. ഹിന്ദുക്കഠ എത്ര നന്നായാലും, മററവശസമുദായങ്ങളെ തുല്യനിലയിൽ കണക്കാക്കുകയില്ലെന്നു തോന്നുകയാൽ മി: കൃഷ്ണൻ ബുദ്ധമതമാണു് തിയ്യൎക്കു നല്ലതെന്നു വിശ്വസിക്കയും, അതിന്നായി പ്രചരണവേല ആരംഭിക്കയും ഉണ്ടായി. അദ്ദേഹം സ്വന്തമായി ഒരു ബുദ്ധവിഹാരം പണിയിക്കയും, സിലോണിൽനിന്നു ബുദ്ധഭിക്ഷുക്കളെ ക്ഷണിച്ചുവരുത്തി അവൎക്കായി എല്ലാ സൌകൎയ്യങ്ങളും ചെയ്തുകൊടുക്കുകയും ഉണ്ടായിട്ടുണ്ടു്. അതിൻെറ ഫലമാണു് കോഴിക്കോട്ടു് ഇന്നു നാം കാണുന്ന മഹാബോധി ബുദ്ധമിഷ്യൻ. ഇതു് ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടാണു് വരുന്നതു്. ബുദ്ധമതത്തിലേക്കു്, മി: കൃഷ്ണൻെറ പ്രചരണവേലകഠവഴി, വളരെ അനുഭാവികളെ സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്.

രാഷ്ട്രീയവും, സാമുദായികവും, മതപരവുമായ കാൎയ്യങ്ങളിൽ സ്വതന്ത്രമായി ചിന്തിക്കയും, സ്വതന്ത്രമായി അഭിപ്രായങ്ങഠ പുറപ്പെടുവിക്കയും അതിന്നനുസരിച്ചു പ്രവൎത്തിക്കയും ചെയ്തിരുന്ന ഒരു ധീരനായിരുന്നു മി: കൃഷ്ണൻ. അദ്ദേഹം ഇന്ത്യയിലെ ബ്രിട്ടീഷു് ഭരണത്തെ അനുകൂലിച്ചിരുന്നതു് അന്നത്തെ പരിതസ്ഥിതികളും സവൎണ്ണമേധാവിത്വത്തിൻെറ അഴിമതികളും മൂലമായിരുന്നു. അദ്ദേഹം കോൺഗ്രസ്സിനെ പലപ്പോഴും എതിൎത്തിരുന്നുവെങ്കിലും, നല്ല കാൎയ്യങ്ങഠ ചെയ്യുമ്പോഠ അതിനെ അനുകൂലിക്കയും, പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്നു. വൈക്കം സത്യാഗ്രഹത്തെപ്പററി അദ്ദേഹം മിതവാദിയിൽ ഇങ്ങിനെ എഴുതിയിരുന്നു:—"വൈക്കം സത്യാഗ്രഹം കോൺഗ്രസ്സുകാർ നടത്തുന്നതു

കൊണ്ടു് നാം അതിനെ അനുകൂലിക്കാതിരിക്കുന്നതു തെററാണു്. നാം കോൺഗ്രസ്സുകാരെ ആക്ഷേപിക്കുന്നുണ്ടെങ്കിൽ അവർ ഈവക കാര്യങ്ങളിൽ ശ്രദ്ധിക്കാതെ അന്യരാജ്യക്കാരെ ആക്ഷേപിക്കുക എന്ന തൊഴിലിൽ മാത്രം ഏപ്പെട്ടിരുന്നതുകൊണ്ടാകുന്നു. വൈക്കത്തെയും മററും അഴിമതികൾ മൂടിവെച്ചു ഫിജിയിലേക്കും, കെനിയായിലേക്കും പോകുന്നതെന്തിനാണെന്നാണു് നാം പലപ്പോഴും അവരോടു ചോദിച്ചിട്ടുള്ളതു്. സക്കാർ നിരത്തുകളിൽ കൂടി നടക്കുന്നതിന്നോ, ദേവാലയങ്ങളിൽ അടുത്തു ചെല്ലുന്നതിനോ, വിരോധിക്കുന്ന ഒരു സമുദായവും, ഗവമ്മേണ്ടും ലോകത്തിൽ മററെങ്ങുമില്ല. അങ്ങിനെയിരിക്കെ വൈക്കത്തെ രാജവീഥിയെക്കുറിച്ചുള്ള അഴിമതികൾ കോൺഗ്രസ്സുകാരുടെ ശ്രദ്ധയിൽ ഇപ്പോഴെങ്കിലും പതിഞ്ഞതിൽ എനിക്കവരോടുള്ള ബഹുമാനം എത്രയോ മടങ്ങു വദ്ധിച്ചിരിക്കുന്നു. അവക്കു സവ്വ വിജയവും ശ്രേയസ്സും ഞാൻ ആശംസിക്കുന്നു....''

മി: കൃഷ്ണൻ വിപ്ലവപരമായ പരിഷ്കാരങ്ങളെ സ്വാഗതം ചെയ്യുന്ന ഒരു സ്വതന്ത്രാശയനായിരുന്നു. 1917-ലെ റഷ്യൻ വിപ്ലവത്തെപ്പററി അക്കൊല്ലത്തെ ആഗസ്റ്റ്ലക്കം മിതവാദിയിലെ പത്രാധിപക്കുറിപ്പു നോക്കുക:-

''റഷ്യയിലും മററുമാണു് ജനങ്ങൾക്കു (വിപ്ലവത്തിനു മുമ്പു) സ്വാതന്ത്ര്യമില്ലെന്നു പറയുന്നതു്. എന്നാൽ വഴിയിൽ നടക്കുവാൻ സമ്മതിക്കാതെയും, വിദ്യാലയങ്ങളിൽ വേണ്ടതു പ്രവേശനം അനുവദിക്കാതെയും ദേവാലയങ്ങളിൽ അടുത്തു ചെല്ലുവാൻ പോലും പാടില്ലാതെയും നമ്മെ ചിലർ ബുദ്ധിമുട്ടിക്കുന്നതോത്താൽ റഷ്യയിലെ ഉപദ്രവങ്ങളൊന്നും സാരമില്ലെന്നാണു് തോന്നുന്നതു്. റഷ്യാചക്രവത്തിയും, കുഡുംബങ്ങളും, മന്ത്രിമാരുമെല്ലാം ഇപ്പോൾ ബന്ധനത്തിലായിരിക്കുകയാണു്. കാലചക്രത്തിന്റെ ഗതികൾ ഇങ്ങിനെയൊക്കെയാണെന്നു ചിലർ മനസ്സിലാക്കിയാൽ വലിയ ഉപകാരമായിരുന്നു.''

34 കൊല്ലം മുമ്പെഴുതിയ ഈ അഭിപ്രായങ്ങൾക്ക ഇന്നും വലിയ മാററം നാം കാണുന്നില്ല. സ്വന്തം കുററങ്ങളും, കുറവുകളും മാററാതെ മററുള്ളവരുടെ കുററങ്ങളെ പർവ്വതീകരിച്ചുകൊണ്ടു വീമ്പിളക്കുന്ന വിപ്ലവകാരികളെന്നു പറഞ്ഞുനടക്കുന്നവരെ അദ്ദേഹം കഠിനമായി വെറുത്തിരുന്നു. അദ്ദേഹത്തിൻെറ ഒരു സ്വഭാവവിശേഷവും അതായിരുന്നു.

മി. കൃഷ്ണൻെറ പൊതുസേവനങ്ങൾ ബഹുമുഖങ്ങളായിരുന്നു. മലബാർ കുടിയാൻ ബില്ലിൻെറ കാര്യത്തിൽ അദ്ദേഹം മദിരാശിഗവർമ്മേണ്ടിൻെറ അലസതാനയത്തെ കഠിനമായി എതിർത്തിട്ടുണ്ട്. മദിരാശി നിയമസഭ പാസ്സാക്കിയ കുടിയാൻ ബിൽ ഗവർണ്ണർ സ്വാധികാരം ഉപയോഗിച്ചു തള്ളിക്കളഞ്ഞതിനെ പ്രതിഷേധിച്ചു കൂടിയ യോഗത്തിലെ അദ്ധ്യക്ഷൻ അദ്ദേഹമായിരുന്നു. "കുടിയാന്മാരുടെ വിരോധിയാണെന്നു തെളിഞ്ഞിരിക്കുന്ന ഗവർണ്ണരെ ഉടനെ മടക്കിവിളിക്കുവാൻ ബ്രി. രാജാവിനോടു അപേക്ഷിക്കുന്ന" ഒരു പ്രമേയവും അന്നു പാസ്സാക്കുകയുണ്ടായി.

കോഴിക്കോട്ട കുറുമ്പ്രനാട്ട താലൂക്കബോർഡിൻെറ പ്രസിഡണ്ട്, മദിരാശി നിയമസഭാമെമ്പർ എന്നീ നിലകളിലും അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ നിരവധിയാണ്.

സമുദായത്തിൻെറ സാമ്പത്തികസ്ഥിതി നന്നാക്കുവാനായി അദ്ദേഹം കലിക്കററുബേങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടാക്കി. എസ്സ്. എൻ. ഡി. പി. ക്ലബ്ബ്, വായനശാല, സംസ്കൃതസ്കൂൾ മുതലായ പൊതുജനോപകാരപ്രദമായ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. നിർദ്ധനരായ വിദ്യാർത്ഥികൾക്കും, സമുദായസേവകരായ ചെറുപ്പക്കാർക്കും അദ്ദേഹം പല വിധത്തിലും ധനസഹായം ചെയ്തുപോന്നിരുന്നു.

മി. കൃഷ്ണന്നു തൻെറ സമുദായമായിരുന്നു ജീവൻ; സമുദായത്തിൻെറ ജീവൻ മി. കൃഷ്ണനുമായിരുന്നു. അദ്ദേഹം ജാതിയെ കഠിനമായി വെറുത്തു; എതിർത്തു; അതുന്മൂലനംചെയ്യാൻ അദ്ദേഹം പല ത്യാഗങ്ങളും സഹിച്ചു. അദ്ദേഹത്തിൻെറ കാലത്തുതന്നെ സമുദായത്തിന്നു ജാതിയുടെ പേരിലുള്ള നിന്ദ്യമായ പെരുമാററങ്ങളിൽനിന്നു മിക്കവാറും മോചനം ലഭിച്ചതു കണ്ടാനന്ദിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി.

സമുദായത്തിൻെറ പേരിൽ അദ്ദേഹം മലബാർ, കൊച്ചി, തിരുവിതാംകൂർ എന്ന ഭേദം കണക്കാക്കിയിരുന്നില്ല. കൊച്ചിയിലെ സമുദായ പ്രവൎത്തനങ്ങളിൽ വലിയ പങ്കു അദ്ദേഹം വഹിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ എസ്സ്. എൻ. ഡി. പി. പ്രവൎത്തനങ്ങളിലും അദ്ദേഹത്തിൻെറ സേവനങ്ങൾ അനൎഘങ്ങളായിരുന്നു. അവശസമുദായോദ്ധാരണമെന്ന തൻെറ ജീവിതാദർശം പരിപൂൎണ്ണമല്ലെങ്കിലും ഒരുവിധം സഫലമായിക്കണ്ടതിന്നു ശേഷം 1938 നവമ്പർ 29-ാംനു- കേരളീയരെ ആകമാനം ദുഃഖനിമഗ്നരാക്കിക്കൊണ്ടു അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

അദ്ദേഹത്തിൻെറ ജീവിതാദർശം നമുക്കെന്നും മാൎഗ്ഗദർശകമാകട്ടെ!

—oo—

# കവിതിലകൻ സി. കൃഷ്ണൻകർത്താ.

കവിതിലകൻ ചങ്ങരംകോത കൃഷ്ണൻകർത്താവു് 1962-ൽ അന്തരിച്ചു. അദ്ദേഹത്തിൻെറ ചരമം ഭാഷയ്ക്കും നാടിനും ഒരു നഷ്ടമാണ്. അദ്ദേഹം മലയാളഭാഷാസാഹിത്യത്തിൽ ഒരുയൎന്ന പദവി അലങ്കരിച്ചുപോന്നിട്ടുണ്ടു്. ഇന്നത്തെ ചെറുപ്പക്കാരിൽ പലൎക്കും അദ്ദേഹത്തെ ശരിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെങ്കിലും, പഴയ തലമുറയിലെ ക്ലാസിക്കൽ കവികളിൽ അവശേഷിച്ചിരുന്ന എണ്ണപ്പെട്ട രണ്ടോ മൂന്നോ പേരിൽ ഒരാളായിരുന്നു അദ്ദേഹം.

ചെറുപ്പം മുതല്ക്കേ കവിത എഴുതിത്തുടങ്ങിയ അദ്ദേഹം അനേകം ഖണ്ഡകാവ്യങ്ങളും ഒരു മഹാകാവ്യവും രചിച്ചിട്ടുണ്ടു്. സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള അദ്ദേഹം എഴുതിയിട്ടുള്ള കവിതകളിൽ സംസ്കൃതപദബാഹുല്യം ഉള്ളതുകൊണ്ടു സാധാരണക്കാൎക്കു് അവ അത്രവേഗം മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല. സംസ്കൃതത്തിലെ ചക്രബന്ധം, പത്മബന്ധം തുടങ്ങിയ 'ബന്ധ'ങ്ങളിൽ അനായാസേന കവിത എഴുതുവാനും ദ്രുതകവിതകൾ നിൎമ്മിക്കുവാനും ശ്രീ. കൎത്താവിനെപ്പോലെ സമൎത്ഥനായ ഒരു കവി അടുത്തകാലത്തൊന്നും മലയാളത്തിലുണ്ടായിട്ടില്ല. പദങ്ങളെക്കൊണ്ടുള്ള എന്തു കസൎത്തുകളും കാണിക്കുവാൻ അദ്ദേഹത്തിനുള്ള സാമൎത്ഥ്യം അന്യാദൃശമാണ്. അദ്ദേഹം എഴുതിയിട്ടുള്ള കവിതകൾ പലതും ഇനിയും പ്രസിദ്ധപ്പെടുത്താതെ കിടപ്പുണ്ടു്. സ്ഥാനത്യാഗംചെയ്ത മഹാരാജാവിനെ കഥാപാത്രമാക്കിക്കൊണ്ടു് അദ്ദേഹം എഴുതിയിട്ടുള്ള മഹാകാവ്യം പ്രസിദ്ധപ്പെടുത്താതെ അദ്ദേഹത്തിൻെറ മററു പല കൃതികളോടൊപ്പം ഇന്നും തപസ്സനുഷ്ഠിക്കുകയാണ്. ആ മഹാകാവ്യത്തിൽ നിന്നു കുറെ ഭാഗങ്ങൾ എൻെറ "ചിത്രഭാനു" മാസികയിലേക്കു്

അദ്ദേഹം സ്നേഹപൂർവ്വം സംഭാവനചെയ്തിരുന്നതു് ഞാനിന്നും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. അദ്ദേഹത്തിന്നു് ആ കാവ്യം പ്രസിദ്ധപ്പെടുത്തിക്കാണ്മാൻ വളരെ ആഗ്രഹമുണ്ടായിരുന്നു. വിധിവൈപരീത്യത്താൽ അദ്ദേഹത്തിനതു സാധിച്ചില്ല. അദ്ദേഹത്തിൻെറ സുഹൃത്തുക്കളോ സാഹിത്യ അക്കാദമിയോ ആ കൃത്യം നിറവേററുന്നതു പരേതനോടുള്ള .ഒരു കൃത്യനിർവ്വഹണം മാത്രമായിരിക്കും.

ശ്രീ. കൃഷ്ണൻകർത്താ ഒരു മഹാകവി മാത്രമായിരുന്നില്ല. അദ്ദേഹം പരോപകാരതല്പരനും ആശ്രിതവത്സലനുമായ ഒരു പൊതുകാര്യപ്രസക്തൻകൂടിയായിരുന്നു. കാര്യങ്ങൾ നടന്നുകിട്ടുവാൻ വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്ന ആ പഴയ കാലങ്ങളിൽ അദ്ദേഹം നാടിനുവേണ്ടി പല നല്ല കാര്യങ്ങളും നേടിക്കൊടുത്തിട്ടുണ്ടു്. "കോന്തിപുലം" റോഡ്, പറപ്പൂക്കര പഞ്ചായത്തു് തുടങ്ങി പലതും അദ്ദേഹത്തിൻെറ പരിശ്രമഫലമായിട്ടാണ് ഇവിടെ ഉണ്ടായതു്. പട്ടണങ്ങളിൽപോലും അക്കാലങ്ങളിൽ ഭംഗിയായി നടത്തുവാൻ വിഷമമായിരുന്ന 'കാഷികപ്രദർശനം' സ്വദേശമായ ഉൾനാട്ടിൽ ഏററവും വിജയപ്രദമായ നിലയിൽ നടത്തിയതിൽ അദ്ദേഹത്തിൻെറ മഹത്വം നാട്ടുകാരും ഗവമ്മേണ്ടും മനസ്സിലാക്കുകയുണ്ടായി. അദ്ദേഹത്തിൻെറ കാലത്തു നാടുഭരിച്ചിരുന്ന ദിവാൻമാരേയും മിക്ക ഡിപ്പാർട്ടുമെണ്ടു തലവന്മാരേയും സ്ഥലത്തു ക്ഷണിച്ചു വരുത്തി മെമ്മോറാണ്ടങ്ങൾ നല്കി അദ്ദേഹം പല കാര്യങ്ങളും നാടിനുവേണ്ടി നേടിയെടുക്കുകയുണ്ടായിട്ടുണ്ടു്.

കൊച്ചിയിൽ പഞ്ചായത്തു് ആരംഭിച്ച കാലംമുതൽ വളരെ വഷങ്ങൾ അദ്ദേഹം പറപ്പൂക്കര പഞ്ചായത്തു പ്രസിഡണ്ടായിരുന്നിക്കയും, ഒരു 'മാതൃകാ പഞ്ചായത്തെ'ന്ന പേർ അതിനു നേടിക്കൊടുക്കുകയും ഉണ്ടായി. പഞ്ചായത്തു് പറപ്പൂക്കരയിൽ

21009

നിന്നും നന്തിക്കരയിലേക്കു മാററുന്നതുവരെ അദ്ദേഹം പഞ്ചായ പ്രസിഡണ്ടുപദം അലങ്കരിക്കയുണ്ടായി. പിന്നീട് പഞ്ചായത്തിൽനിന്നു കോടതികാര്യം വേർപ്പെടുത്തി വില്ലേജ്കോടതികൾ ആരംഭിച്ച അവസരത്തിൽ ശ്രീ. കൃഷ്ണൻകർത്താവിനെ വില്ലേജ്കോർട്ടു പ്രസിഡണ്ടായി നിയമിച്ചു. ആ കോടതിയിലേക്ക് ആദ്യത്തിൽ ഒരു ജഡ്ജിയായും പിന്നീട് സീനിയർ ജഡ്ജിയായും ഈ ലേഖകനേയും നിയമിക്കയുണ്ടായി. അങ്ങിനെ ഞങ്ങൾ തമ്മിൽ കോടതികാര്യങ്ങളിലും മററും കൂടുതൽ അടുത്തു പെരുമാറുവാൻ ഇടവന്ന അവസരങ്ങളിലെല്ലാം അദ്ദേഹം വളരെ സ്നേഹത്തോടും ഔദാര്യത്തോടും കൂടിയാണ് എന്നോടു പെരുമാറിയതു്. അക്കാലങ്ങളിൽ സാഹിത്യപരമായ പല ഉപദേശങ്ങളും അദ്ദേഹത്തിൽനിന്നു എനിക്കു ലഭിക്കയുണ്ടായിട്ടുണ്ടു്.

പൊതുസേവനത്തിനിറങ്ങി, വളരെ ത്യാഗം സഹിച്ച് ഇന്നാട്ടിലെ മുടിചൂടാമന്നനായി വർത്തിച്ച അദ്ദേഹം ഒടുവിൽ ഒരു സാധാരണക്കാരൻെറ ജീവിതം നയിച്ച് ഇഹലോകവാസം വെടിഞ്ഞു.

അദ്ദേഹത്തിനു് എൻെറ ഹൃദയപൂർവ്വമായ ആദരാഞ്ജലി!!

oooooooooo

## വി. ആർ. മാമൻചോഹൻ, ബി. എ, എൽ. എൽ. ബി.

മലബാറിലെ ഒരു കുഗ്രാമമായ 'പെരിഞ്ഞന'ത്തു വലിയ പറമ്പിൽ രാമൻ അവർകളുടെ ആറാമത്തെ മകനായി 1062-ൽ ജനിച്ച മി. മാമൻചോഹൻ മലബാറിലും കൊച്ചിയിലും ഉള്ള സ്വസമുദായത്തിൻെറ രാഷ്ട്രീയവും, സാമുദായികവുമായ അവശതാപരിഹാരത്തിന്നും അഭിവൃദ്ധിക്കുംവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ എണ്ണമററതാണു്. പ്രാഥമികവിദ്യാഭ്യാസം സ്വദേശത്തു വെച്ചു നിർവ്വഹിച്ചതിന്നുശേഷം അദ്ദേഹം ഹൈസ്കൂൾ വിദ്യാഭ്യാസം ഇരിഞ്ഞാലക്കുടയും തൃശ്ശൂരുംവെച്ചു നടത്തി. പെരിഞ്ഞനത്തുനിന്നും ഇരിഞ്ഞാലക്കുടയ്ക്കു് അഞ്ചുനാഴിക ദൂരം നടന്നിട്ടാണു് അന്നു സ്കൂളിൽപോയിരുന്നതു്. അയിത്തത്തിൻെറ പേരിൽ പബ്ളിക്ക്റോഡിൽക്കൂടി സവർണ്ണരെ കണ്ടാൽ വഴിമാറിക്കൊടുക്കാതെ നടക്കാൻ അന്നു് അവർണ്ണഹിന്ദുക്കൾക്കു നിവൃത്തിയുണ്ടായിരുന്നില്ല. നമ്മുടെ വിദ്യാർത്ഥിയും ഇങ്ങിനെ പല വിഷമങ്ങളും അപമാനവും സഹിച്ചാണു് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതു്. "പാരതന്ത്ര്യം മാനികൾക്കു, മൃതിയേക്കാൾ ഭയാനകം" എന്നു മഹാകവി പാടിയതുപോലെ, നമ്മുടെ കഥാനായകനായ വിദ്യാർത്ഥിക്കും തോന്നാതിരുന്നില്ല. അദ്ദേഹത്തിന്നു ചെറുപ്പം മുതല്ക്കുതന്നെ ജാതിമതസംബന്ധമായ അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടും വളരെ വെറുപ്പും, അതുകളോടു മല്ലിടുന്നതിൽ വലിയ ഔത്സുക്യവും ഉണ്ടായിരുന്നു.

മദ്രാസ്പ്രസിഡൻസി കോളേജിൽനിന്നു 1086_ൽ ബി. എ. ഡിഗ്രിയും 1090_ൽ ബോംബെയിൽനിന്നു എൽ. എൽ. ബി. ഡിഗ്രിയും അദ്ദേഹം സമ്പാദിച്ചു. വിദ്യാഭ്യാസാനന്തരം അദ്ദേഹം 1091_ൽ എറണാകുളം ചീഫ്കോട്ടിൽ വക്കീലായി പ്രാക്ടീസ് ആരംഭിച്ചു. എറണാകുളത്തെ ആദ്യത്തെ ഈഴവ

വക്കീൽ ഇദ്ദേഹമായിരുന്നു. അന്നു മലബാറിലുള്ള സവർണ്ണവക്കീലന്മാരുടേയും മററും പരിഹാസങ്ങളും തുല്യനിലയിലല്ലാത്ത പെരുമാററങ്ങളും അദ്ദേഹത്തിന്റെ ആത്മാഭിമാനത്തേയും, സമുദായസ്നേഹത്തേയും ആളിക്കത്തിച്ചു. അതു മുതൽ അദ്ദേഹം സമുദായപ്രവർത്തനങ്ങളിലേയ്ക്കിറങ്ങി. അക്കാലത്താണു് അദ്ദേഹം മയ്യഴിയിലെ മേയറായിരുന്ന ശ്രീ. പുന്ന രാമോട്ടിയുടെ അനന്തരവൻ ശ്രീ. രാമുണ്ണിയുടെ പുത്രി രേവതിയെ വിവാഹം ചെയ്തതു്. മയ്യഴിയിലെ സമുദായാംഗങ്ങളുടെ സ്വാതന്ത്ര്യവും ഉന്നതപദവിയും, കൊച്ചിയിലെ സമുദായത്തിന്റെ ദയനീയനിലയും അദ്ദേഹത്തെ ചിന്താധീനനാക്കി. അദ്ദേഹം ഈഴവരുടെ ദയനീയനിലയ്ക്കു് ഒരറുതിവരുത്തിയേ ഇനി അടങ്ങുകയുള്ളുവെന്നു ദൃഢപ്രതിജ്ഞ ചെയ്തു. അതിനുള്ള പോംവഴികൾ ആരാഞ്ഞുതുടങ്ങി. അതേ അവസരത്തിൽത്തന്നെ-ജാതിരാക്ഷസനോടുള്ള് യുദ്ധം ശ്രീ. ബോധാനന്ദസ്വാമികൾ പ്രഖ്യാപിച്ചുകഴിഞ്ഞു. സ്വാമികളും മി. ചോഹനുംകൂടി സഹകരിച്ചും ഒററയ്ക്കും ജാതിയോടുള്ള പോരാട്ടത്തിൽ പലതും പ്രവർത്തിക്കയുണ്ടായിട്ടുണ്ടു്. ഈഴവരും അധഃകൃതരും സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിക്കൊണ്ടിരുന്ന ആ അവസരത്തിൽ ദീനദയാലുവും അധഃകൃതോദ്ധാരകനും ആയ സർ ടി. വിജയരാഘവാചാരി കൊച്ചിയിലെ ദിവാനായി എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ സഹകരണത്തോടുകൂടി മി. ചോഹൻ ഈഴവർക്കു ന്യായമായി കിട്ടേണ്ട ഉദ്യോഗങ്ങൾ പലതും നേടിക്കൊടുത്തു. പോലീസ്, റവന്യൂ, എക്സൈസ് എന്നീ വകുപ്പുകളിലാണു് അദ്ദേഹം പലർക്കും ഉദ്യോഗം നേടിക്കൊടുത്തതു്. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിന്നിരുന്ന ഈഴവർക്കു പകുതി ഫീസിളവും, അധഃകൃതർക്കു ഫീസുകൂടാതെയും വിദ്യാഭ്യാസം നല്കുന്നതിനു് അക്കാലത്താണു് ഉത്തരവുണ്ടായതു്. അക്കാരണങ്ങളാൽ ഈഴവരും മററും വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കയും, വളരെ യുവാക്കന്മാർ അടുത്ത ഭാവിയിൽ വിദ്യാസമ്പന്നരായിത്തീരുകയും ഉണ്ടായി. അദ്ദേഹത്തിന്റെ സേവനങ്ങളെ സമു

ദായം കണ്ടറിഞ്ഞതിന്റെ ഫലമായിട്ടാണ് കൊച്ചി തിയ്യമഹാജനസഭയുടെ പ്രസിഡണ്ടായി അദ്ദേഹത്തെ തിരഞ്ഞെടുത്തു ബഹുമാനിച്ചതു്. അദ്ദേഹം പ്രസിഡണ്ടായിരുന്ന കാലത്തു സമുദായത്തിന്നു ഗുണകരമായ പലേ കാൎയ്യങ്ങളും ചെയ്യാൻ അക്ഷീണപരിശ്രമം ചെയ്തിട്ടുണ്ടു്. ഈഴവരുടെ സാമ്പത്തികമായ ഉയൎച്ചയ്ക്കുവേണ്ടി അദ്ദേഹം ഒരു വ്യവസായക്കമ്പനി രജിസ്റ്റർ ചെയ്കയുണ്ടായി. അതു നിർഭാഗ്യവശാൽ ഒരു പരാജയത്തിലാണ് കലാശിച്ചതെന്നു പറയാതെ നിവൃത്തിയില്ല.

കൊച്ചിയിലെ അധഃകൃതരുടെ നില ഉയൎത്തുന്നതിന്നുവേണ്ടി ഒരു പ്രത്യേക ഡിപ്പാർട്ടുമെണ്ടു സൃഷ്ടിക്കുകയും, അതിന്റെ തലവനായി—അധഃകൃതസംരക്ഷകനായി—മി. ചോഹൻ നിയമിതനാവുകയും ഉണ്ടായി. അദ്ദേഹം ആ സ്ഥാനത്തിരുന്നുകൊണ്ടു് അധഃകൃതൎക്കു ചെയ്തിട്ടുള്ള ഗുണങ്ങൾ നിരവധിയാണു്. അവശരെ ഉയൎത്തുക എന്നതു് അദ്ദേഹത്തിന്റെ ജീവിതവ്രതമായിരുന്നതുകൊണ്ടു് ആ സ്ഥാനം അദ്ദേഹത്തിന്നു് ഏററവും യോജിച്ച ഒന്നായിരുന്നു. അധഃകൃതഡിപ്പാർട്ടുമെണ്ടിന്റെ അടിത്തറ പണിതതു് അദ്ദേഹമാണു്. അടിത്തറതന്നെയല്ല, മേൽപുരയും അദ്ദേഹം പണിതുവെച്ചിരുന്നു. അതിൽ ചില്ലറ ചില കേടുപാടുകൾ തീൎക്കലേ മററനന്തരവന്മാരായ സംരക്ഷകന്മാർ പിന്നീടു ചെയ്തിട്ടുള്ളു എന്നു പറയുന്നതു് അതിശയോക്തിയല്ല, വെറും പരമാൎത്ഥമാണു്.

അധഃകൃതരെ ശുചിയും വിദ്യാഭ്യാസവും ഉള്ളവരാക്കുക, അവരുടെ ജീവിതത്തോതുയൎത്തുക, തൊഴിലുണ്ടാക്കിക്കൊടുക്കുക, വീടുകൾ ഉണ്ടാക്കിക്കൊടുക്കുക തുടങ്ങിയ മനുഷ്യന്റെ എല്ലാ പ്രാഥമികകാൎയ്യങ്ങളും അവൎക്കുണ്ടാക്കിക്കൊടുക്കേണ്ട കാൎയ്യങ്ങളിൽ അദ്ദേഹം വ്യാപൃതനായി. അങ്ങിങ്ങായി ചിന്നിച്ചിതറിക്കിടന്നിരുന്ന അവൎക്കു വീടുകൾ അടുത്തടുത്തുണ്ടാക്കി ഓരോ കോളനികൾ

സ്ഥാപിച്ച് അവിടേയ്ക്ക് അവരെ ആകൎഷിച്ചു. കോളനികൾ സ്ഥാപിക്കാൻ തരമില്ലാത്തിടങ്ങളിൽ പുറമ്പോക്കുകളിൽ കുടിയേറി പാൎക്കുന്നതിനു് അവരെ പ്രേരിപ്പിക്കയും, അങ്ങിനെ പലരും താമസമുറപ്പിക്കയും ഉണ്ടായി. ഈ പ്രസ്ഥാനംമൂലം അധഃകൃതരിൽ ഒരു പുതിയ ജീവൻ ഉളവായി. ഓരോ ജന്മികളുടെ അടിമകളായി അവരുടെ പറമ്പുകളിലോ പാടത്തോ ഓരോ കുടിലുകളിൽ വെറും ഇരുകാലിമൃഗങ്ങളായി വൎത്തിച്ചിരുന്ന അവർ ഗവൺമെണ്ടിന്റെ കെട്ടിടങ്ങളിൽ സ്വന്തമെന്ന നിലയിൽ സ്വാതന്ത്ര്യമായി ജീവിക്കാൻ ഇടവന്നതോടുകൂടി മുതലാളിത്തത്തിന്റെ അടിത്തറ ഇളകുവാൻ തുടങ്ങി. അവർ പൊതുജനങ്ങളുമായി ഇടപഴകുവാൻ ഇടയായി. വിദ്യാലയങ്ങളിൽ അവരുടെ വിദ്യാൎത്ഥികൾ മററു വിദ്യാൎത്ഥികളോടൊപ്പം വിദ്യാഭ്യാസം ആരംഭിച്ചു. ഓരോ കോളനികളിലും ഓരോ വീടിനോടും അനുബന്ധിച്ചുള്ള ചെറിയ പറമ്പുകളിൽ സ്വന്തമായി കൊണ്ടൽകൃഷി, വാഴ, തെങ്ങ് മുതലായവ വെച്ച് അനുഭവം എടുക്കുന്നതിനും വേണ്ട സൌകൎയ്യങ്ങൾ അധഃകൃതസംരക്ഷകൻ ചെയ്തുകൊടുത്തതിനാൽ അധഃകൃതൎക്കു വളരെ ഉന്മേഷം തോന്നി. ഓരോ കോളനികളിലും ആരാധനാസ്ഥലങ്ങൾ ഉണ്ടാക്കികൊടുത്തതിനാൽ അവർ ശുചിയിലും, ഈശ്വരവിശ്വാസത്തിലും, വിദ്യാഭ്യാസത്തിലും അഭിരുചിയുള്ളവരായിത്തീൎന്നു. പ്രധാനകോളനികൾ കണിമംഗലത്തെ 'ഹെർബർട്ടു നഗർ', ചാലക്കുടിയിലെ 'വിജയ രാഘവപുരം', അരണാട്ടുകരയിലെ 'ഷൺമുഖപുരം' പുല്ലൂയിലെ 'മത്തായിപുരം', ഇരിഞ്ഞാലക്കുടയിലെ 'ഠാണാവു' ഇവകളായിരുന്നു. വിദ്യാഭ്യാസം, തൊഴിൽ, വൈദ്യസഹായം എന്നിവ ലഭിക്കുന്നതിന്നു കൂടുതൽ സൌകൎയ്യമുള്ള സ്ഥലങ്ങൾ കോളനിക്കു തിരഞ്ഞെടുക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇരിഞ്ഞാലക്കുട കോളനി ചെമ്മണ്ടക്കുന്നിൽ സ്ഥാപിക്കേണ്ടതാണെന്നു് അന്നത്തെ ദിവാൻപേഷ്ക്കാർ വാദിച്ചു. സംരക്ഷകൻ അതിന്നു വഴിപ്പെട്ടില്ല. അദ്ദേഹം അതു് ഇരിഞ്ഞാലക്കുടപട്ടണത്തിൽത്തന്നെ

സ്ഥാപിക്കണമെന്നു യുക്തിയുക്തം വാദിച്ചു. അധഃകൃതർ മററു പട്ടണവാസികളുമായി ഇടപഴകി നന്നാവുന്നതിന്നും, അവക്കു തൊഴിൽ കിട്ടുന്നതിന്നും ശുചിത്വം പാലിക്കുന്നതിന്നും, വിദ്യാഭ്യാസം ഉണ്ടാകുന്നതിന്നും ഇരിഞ്ഞാലക്കുട പട്ടണമാണ് ഏററവും പററിയതെന്നും, അതു മാററുവാൻ പാടില്ലെന്നും സമത്ഥിച്ചു. വാദം ദിവാൻെറ അടുക്കൽ എത്തി. ദിവാൻ മി. ഹെർബർട്ട സംരക്ഷകൻെറ വാദം ശരിവെച്ചു. അങ്ങിനെ അദ്ദേഹം അധഃകൃതരുടെ സർവ്വതോമുഖമായ അഭിവൃദ്ധിയെ ലാക്കാക്കി അവക്കു ചെയ്യേണ്ടതായ മിക്ക കാര്യ്യങ്ങളും ചെയ്തു ശരിപ്പെടുത്തി അവരുടേയും ഗവർമ്മേണ്ടിൻേറയും സംതൃപ്തിക്കു പാത്രീഭൂതനായി.

ഉദ്യോഗത്തിൽനിന്നും ഒഴിഞ്ഞതിന്നുശേഷമുള്ള ജീവിതകാലംമുഴുവൻ അദ്ദേഹം പൊതുസേവനത്തിന്നു വിനിയോഗിക്കയാണുണ്ടായതു്. അദ്ദേഹത്തിൻെറ ജന്മദേശമായ പെരിഞ്ഞനത്തിന്നു പ്രത്യേകിച്ചും, മണപ്പുറത്തിന്നു പൊതുവേയും അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ ഒരിക്കലും ആരാലും മറക്കത്തക്കതല്ല. മലബാറിൽ കൊച്ചിയിലെപ്പോലെ വിദ്യാഭ്യാസ സൌകര്യ്യങ്ങൾ വളരെ കുറവാണല്ലോ. അതിനെ പരിഹരിക്കുന്നതിന്നുവേണ്ടി അദ്ദേഹം പെരിഞ്ഞനത്തു് ഒരു ഹൈസ്കൂൾ സ്ഥാപിക്കാൻ തീരുമാനിച്ചു. ഹൈസ്കൂൾ സ്ഥാപിക്കണമെങ്കിൽ ഗവർമ്മേണ്ടിൽ വലിയ ഒരു തുക കെട്ടിവെയ്ക്കണമെന്നാണ് അവിടത്തെ വ്യവസ്ഥ. ആ വ്യവസ്ഥയാണ് അവിടെ ഹൈസ്കൂളുകൾ വദ്ധിക്കാതിരുന്നതിൻെറ പ്രധാന കാരണം. ആ വ്യവസ്ഥയോടെതിരിട്ടു് അദ്ദേഹം 1943-ൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചു. ഗവമ്മേണ്ടു് അതിനെ ശക്തിയായി എതിത്തു; അംഗീകരണം നല്കാതെ വളരെ വിഷമിപ്പിച്ചു. ഒടുവിൽ അദ്ദേഹം വിജയിയാവുകയും, ഹൈസ്കൂൾ പരിപൂർണ്ണനിലയിൽ എത്തിച്ചേരുകയുംചെയ്തു. അതിനെത്തുടന്നു് അദ്ദേഹത്തിൻെറ പിൻതുണയോടുകൂടി ഏങ്ങ

ണ്ടിയൂർ, പനങ്ങാട്ട് എന്നീ രണ്ടു സ്ഥലങ്ങളിലും ഹൈസ്കൂൾ സ്ഥാപിതമായി. ഇന്നു 800-ൽപരം വിദ്യാർത്ഥികൾ പെരിഞ്ഞനം ഹൈസ്കൂളിൽ പഠിക്കുന്നുണ്ടെന്നറിയുമ്പോൾ അതിൻെറ പ്രാധാന്യത എവൎക്കും ഊഹിക്കാമല്ലോ. ഇതിന്നുംപുറമെ ഒരു സെക്കണ്ടറി ട്രെയിനിംഗ്സ്കൂൾ, ഒരു ടെക്നോളജിക്കൽ ഇൻസ്റ്റിട്യൂട്ട് എന്നിവകളും അടുത്ത അവസരത്തിൽ അദ്ദേഹം അവിടെ സ്ഥാപിച്ചു. കോഴിക്കോട്ടോ പാലക്കാട്ടോ പോയി നേടാവുന്ന പലതും തങ്ങളുടെ നാട്ടിലെത്തിച്ച മി. ചോഹനെ മണപ്പുറത്തുകാർ മറക്കുമോ? ഒരിക്കലും ഇല്ല. ഒരു സിവിൽ ആസ്പത്രി സ്ഥാപിക്കുന്നതിന്നും തൃപ്രയാർ കോളേജ് ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിന്നും അദ്ദേഹം പരിശ്രമിച്ചുവരികയായിരുന്നു. അദ്ദേഹത്തിൻെറ സ്കൂളിൽ പഠിച്ചുവരുന്ന അൎഹരായ വിദ്യാർത്ഥികൾക്കു ഫീസിളവു നല്കുന്നതിൽ അദ്ദേഹം കാണിച്ചുവന്നിരുന്ന ഔദാര്യം വിപുലമായിരുന്നു. അദ്ദേഹത്തിൻെറ അന്ത്യകാലസേവനങ്ങൾ വിശാലവീക്ഷണത്തോടുകൂടിയവകളും എവരുടേയും പ്രശംസയ്ക്കും കൃതജ്ഞതയ്ക്കും പാത്രീഭൂതങ്ങളുമായിരുന്നു. പത്തുകൊല്ലംമുമ്പ് ഒരു കുഗ്രാമമായി കിടന്നിരുന്ന പെരിഞ്ഞനം ഇന്നൊരു ചെറിയ പട്ടണമായി വളൎന്നിട്ടുള്ളതു മി. ചോഹൻ ഒരാളുടെ പരിശ്രമഫലമാണെന്നതിന്നു രണ്ടു പക്ഷമില്ല.

അദ്ദേഹം തുടങ്ങിവെച്ച സ്ഥാപനങ്ങൾ അദ്ദേഹം ആശിച്ചവിധത്തിൽ പൂർത്തിയാക്കുന്നതിനുമുമ്പു പെട്ടെന്നു 1952 ഡിസമ്പർ 21-ാംനു- അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. നാടിനേയും നാട്ടാരേയും ഒരുപോലെ ദുഃഖനിമഗ്നമാക്കിയ ഒരു സംഭവമായിത്തീൎന്നു അതു്. ആയിരക്കണക്കിന്നു വിദ്യാത്ഥിനീവിദ്യാർത്ഥികളും, അദ്ധ്യാപകന്മാരും, നാനാജാതിമതസ്ഥരായ നാട്ടു

കാരും ശോകമൂകമായ അന്നത്തെ ആ ശ്മശാനയാത്രയിൽ പങ്കെടുത്തു പരേതനോടുള്ള സ്നേഹബഹുമാനാദരങ്ങഠം വെളിപ്പെടുത്തി. അദ്ദേഹം തുടങ്ങിവെച്ച സ്ഥാപനങ്ങഠം അതിൻെറ പരിപൂൎണ്ണദശയിൽ എത്തിക്കുന്നതിനു നാമേവരും ആത്മാൎത്ഥമായി പരിശ്രമിക്കുക. അതാണിനി കരണീയമായിട്ടുള്ളതു്. അദ്ദേഹത്തിൻെറ സ്മരണ നിലനിൎത്തുവാൻ ചെയ്യേണ്ടതും അതുതന്നെയാണു്.

*******

# മഹാകവി പള്ളത്തു രാമൻ.

കായശക്തി, ബുദ്ധിശക്തി, ആജ്ഞാശക്തി എന്നീ ത്രിവിധശക്തികളും ഏകോപിച്ചിരുന്ന ഒരസാധാരണ പുരുഷനായിരുന്ന കൊച്ചിയിലെ 'ശക്തൻതമ്പുരാ'ൻെറ ഭരണകാലത്താണ് തൃശ്ശൂർ പട്ടണത്തെ ഇന്നത്തെ ഈ നിലയിൽ ആക്കുന്നതിനുള്ള അടിത്തറ പണിതതു്. അദ്ദേഹം തേക്കിൻകാടുവെട്ടി വെളുപ്പിച്ചതും, പട്ടണത്തിൻെറ രക്ഷക്കായി ഒരു സൈന്യത്തെ ഏർപ്പെടുത്തിയതും, അതിൻെറ നായകനായി ഒരീഴവനെ ഇദംപ്രഥമമായി നിയമിച്ചതും അന്നു വലിയ ഒച്ചപ്പാടുണ്ടാക്കിയ സംഭവങ്ങളാണ്. അദ്ദേഹം കൊല്ലവഷം 950-ാമാണ്ടോടടുത്തു പുരാതനവും കുലീനവുമായ നാലഞ്ചു ഈഴവകുടുംബങ്ങളെ തൃശ്ശൂർ പട്ടണത്തിലേക്കു ക്ഷണിക്കുകയും, പ്രത്യേകാനുകൂല്യങ്ങളും പദവികളും നല്കി അവരെ സ്ഥിരമായി പാർപ്പിക്കയും ഉണ്ടായി. അതിൽപെട്ട ഒന്നാണ് നമ്മുടെ മഹാകവിയുടെ തറവാടായ പള്ളത്തുകുടുംബവും.

പള്ളത്തു രാമൻ 1067 കന്നി 22-ാംനു- അനിഴം നക്ഷത്രത്തിൽ ഭൂജാതനായി. അദ്ദേഹം തൃശ്ശൂർ സെൻറ്തോമസ് ഹൈ സ്കൂളിൽ മെട്രിക്കുലേഷൻ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോഠം പൊന്നാനിയിൽ പാടാരിൽ മാക്കുണ്ണി മകഠം ദേവകിയെ വിവാഹം ചെയ്തു. അക്കൊല്ലം പരീക്ഷയിൽ തോററു. പിന്നീടു സ്കൂഠം വിദ്യാഭ്യാസം തുടന്നില്ല. തദനന്തരം അദ്ദേഹം ഒല്ലൂർ പ്രൈമറി സ്കൂളിൽ അദ്ധ്യാപകനായി 6 മാസം ജോലി നോക്കി. അക്കാലത്തെ വിദ്യാത്ഥികളിൽ ഒരാളാണ് ഡിസ്ത്രിക്ട് മജിസ്ത്രേട്ടായി അന്തരിച്ച കെ. ആർ. വിശ്വംഭരൻ. പിന്നെ ചിററൂർ ഹൈസ്കൂളിലും, മംഗലാപുരം ഗവർമ്മേണ്ടു കോളേജിലും ജോലി നടത്തിയതിനു ശേഷം വളരെ കൊല്ലങ്ങഠം പാലക്കാട്ടു

വിക്ടോറിയ കോളേജിൽ പെൻഷനാവുന്നതുവരെ മലയാളം ലക്ചറായിരുന്നു.

അദ്ദേഹത്തിന്നു കൃഷ്ണൻ എന്ന ഒരു ജ്യേഷ്ഠനുണ്ടായിരുന്നു. അദ്ദേഹം തൃശ്ശൂർ പട്ടണത്തിൽ 'കേരള ചിന്താമണി' എന്ന ഒര ച്ചുകൂടവും, അതേ പേരിൽതന്നെ ഒരു മാസികയും നടത്തിവന്നിരുന്നു. അക്കാലത്തെ കേരള കല്പദ്രുമം (ഇന്നത്തെ മംഗളോദയം) വിദ്യാവിനോദിനി, ഭാരതവിലാസം എന്നീ ചുരുക്കം ചില അച്ചുകൂടങ്ങളേ അന്നുണ്ടായിരുന്നുള്ളു. അതുകളോടു കിടപിടിച്ചിരുന്ന ഒന്നാണ് കേരള ചിന്താമണി അച്ചുകൂടവും. കേരളത്തിലെ പേരെടുത്ത സാഹിത്യകാരന്മാരുടെ കേളീരംഗമായിരുന്നു കേരള ചിന്താമണി മാസിക. പത്രാധിപർ വി സി. ബാലകൃഷ്ണപണിക്കരും. സ്മര്യപുരുഷനായ പള്ളത്തുരാമൻ വിദ്യാർത്ഥിയായിരുന്ന കാലം മുതല്ക്കേ കേരള ചിന്താമണി അച്ചുകൂടവും മാസികയുമായി അടുത്തു ബന്ധപ്പെടുവാനും അതുവഴി പല സാഹിത്യകാരന്മാരുമായി പരിചയപ്പെടുന്നതിന്നും ഇടയായി. ഇളംപ്രായത്തിൽതന്നെ ആ വിദ്യാർത്ഥിക്കു ഒരു സാഹിത്യകാരനാവണമെന്ന മോഹം താനറിയാതെതന്നെ തന്നിൽ അങ്കുരിച്ചു. അതിനെ വളമിട്ടു പോഷിപ്പിക്കുവാൻ തക്ക പരിതഃസ്ഥിതികൾ അദ്ദേഹത്തിന്നു വേണ്ടപോലെ ലഭിച്ചുമിരുന്നു. അങ്ങിനെ അദ്ദേഹം ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ സാഹിത്യപരിശ്രമങ്ങളിൽ ഏർപ്പെട്ടു.

ചെറുപ്പത്തിലേതന്നെ ഹിന്ദുമതത്തിലെ ജാതിമതാചാരങ്ങൾ മനുഷ്യരെ അവഹേളിക്കുകയും ജീവിതത്തെ സങ്കോചിപ്പിക്കുകയും ചെയ്യുന്ന കാട്ടാള നീതികളുമായുള്ള സംഘർഷം കൊണ്ടു കവിയുടെ പ്രതിഭ ജ്വലിക്കുവാനും, ഉജ്ജ്വലങ്ങളായ കവിതകൾ എഴുതുവാനും തുടങ്ങി. അന്നത്തെ സാമൂഹ്യ വ്യവസ്ഥ തകൎക്കണമെന്നു അദ്ദേഹത്തിന്നു തോന്നി. അതിൻെറ ഫലമായി

അദ്ദേഹത്തിൻെറ കവിതകളിൽ വിപ്ലവാത്മകമനോഭാവത്തിൻെറ അനുരണനം എപ്പോഴും കേൾക്കാം. പുരോഗമനസാഹിത്യത്തിന്നു അദ്ദേഹത്തിൻെറ സംഭാവന മറക്കാവതല്ല.

അദ്ദേഹം പാലക്കാട്ടു വിക്ടോറിയ കോളേജിൽ ലക്ചററായിരുന്ന കാലത്തു എഴുതിയിട്ടുള്ള കവിതകളാണ് സാഹിത്യ പരമായി കൂട്ടതൽ വാസനയും ശോഭയും ഉള്ളവ. സുകുമാരകളേബരനായ പള്ളത്തിനെപ്പോലെ തന്നെ അദ്ദേഹത്തിൻെറ ഗദ്യവും പദ്യവും സൌകുമാര്യം നിറഞ്ഞതായിരുന്നു. മദ്രാസ് ഗവമ്മേണ്ടിൻേറയും, കൊച്ചി ഗവമ്മേണ്ടിൻേറയും ടെക്സ്റ്റ് ബുക്ക കമ്മററി മെമ്പർ, പരീക്ഷക ബോർഡുമെമ്പർ എന്നീ നിലകളിലും അദ്ദേഹം വളരെ കൊല്ലം പ്രശസ്തമായ സേവനം നടത്തിയിട്ടുണ്ട്.

അദ്ദേഹം ശ്രീനാരായണ ഗുരുസ്വാമികളുടെ ഒരുത്തമ ഭക്തനായിരുന്നു. സ്വാമികളുടെ അപദാനങ്ങളെ ആസ്പദമാക്കിയും മററും അദ്ദേഹം തൻെറ സാഹിത്യത്തെ സമുദായസേവനത്തിന്നും, രാജ്യസേവനത്തിന്നുമായി വിനിയോഗിച്ച ഒരു ധമ്മഭടനായിരുന്നു.

യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹത്തിന്നു പ്രത്യേകം താല്പയ്യവും ഉത്സാഹവും ഉണ്ടായിരുന്നു. ഞാൻ ഹൈ സ്കൂൾ വിദ്യാത്ഥിയായിരുന്ന കാലത്തു എഴുതിയ 'ഒരു ധീരവനിത' എന്ന പുസ്തകത്തിന്നു ഒരവതാരികക്കായി അദ്ദേഹത്തെ സമീപിക്കയും, അദ്ദേഹം സസന്തോഷം ആ കൃത്യം എത്രയും ആത്മാത്ഥതയോടും സ്നേഹത്തോടുംകൂടി നിറവേററി, അവതാരികയും ഉണ്ടായിട്ടുണ്ട്. ധീരവനിതയെപ്പററി അഭിപ്രായം പറഞ്ഞകൂട്ടത്തിൽ മഹാകവി വള്ളത്തോൾ അവതാരികയെ പരാമർശിച്ചുകൊണ്ടിങ്ങിനെ പറയുകയുണ്ടായി:—പ്രസിദ്ധകവിയായ പള്ളത്തു രാമൻ അവർകളുടെ അഴകിയന്ന അവതാരികയാകട്ടെ,

ഈ ധീരവനിതയ്ക്കു ഒരു സുവർണ്ണ കീർത്തിമുദ്രയായി പരിശോഭി ക്കുന്നു.''

പിന്നീടു പുസ്തകങ്ങൾ എഴുതുന്നതിന്നും പള്ളത്തു എന്നെ പ്രോത്സാഹിപ്പിക്കയും, അതുകൾക്കു വിലയേറിയ അഭിപ്രായ ങ്ങൾ അയച്ചുതരികയും ചെയ്യു പതിവായിരുന്നു. പുസ്തകങ്ങളി ലെ കുററവും കുറവും കാണിച്ചുതരുന്നതിന്നും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു മാസിക തുടങ്ങുന്നതിന്നു ആദ്യമേ തന്നെ പ്ര ചോദനം നല്കിയതും അദ്ദേഹംതന്നെയാണ്.

മഹാകവി പള്ളത്തു അനുഗ്രഹീതനായ ഒരു കവിയായിരു ന്നതിന്നും പുറമെ ഗദ്യമണ്ഡലത്തിലും ഉയൻ മാനദണ്ഡം പു ലർത്തിപ്പോന്ന ഒരുത്തമസാഹിത്യകാരനായിരുന്നു. അദ്ദേഹ ത്തിൻെറ ഗദ്യശൈലി ശക്തിയും ഓജസ്സും ഓളം തല്ലുന്ന ഒന്നാ യിരുന്നു. ഗദ്യവും പദ്യവും ഒരുപോലെ കൈകാര്യംചെയ്തു വി ജയിച്ചിട്ടുള്ളവർ മലയാളത്തിൽ വളരെ കുറച്ചുപേർ മാത്രമേ ഉ ണ്ടായിട്ടുള്ളു.

1949_ൽ അദ്ദേഹം തിരുവനന്തപുരത്തു താമസമുറപ്പി ക്കയും, 'പുരോഗാമി' എന്ന ഒരു വാരിക ആരംഭിക്കയും ഉണ്ടാ യി. ആ വാരിക മഹാകവിയുടെ ആദർശസ്ഫുലിംഗങ്ങൾ ഉൾ ക്കൊള്ളുന്ന ഒന്നായിരുന്നു. പുരോഗാമി വളരെ വേഗത്തിൽ പ്ര ശസ്തിയും പ്രചാരവും സമ്പാദിച്ചുകൊണ്ടിരിക്കവേ 1950 ജൂ ലൈ 29_ാംനു-നമ്മുടെ മഹാകവി രക്തസമ്മർദ്ദംമൂലം പെട്ടെന്നു നിര്യാതനായി. അദ്ദേഹത്തിൻെറ അന്തശ്ചൈതന്യം സാ ഹിത്യ നഭോമണ്ഡലത്തിൽ എന്നും അലയടിച്ചുകൊണ്ടിരിക്കട്ടെ!

—()—

# ബ്രഹ്മാനന്ദസ്വാമി ശിവയോഗി.

**അ**രനൂററാണ്ടിന്നുമുമ്പ് ശ്രീ ബ്രഹ്മാനന്ദസ്വാമി ശിവയോഗികാം ലോകസേവനത്തിനിറങ്ങിയ സന്ദർഭത്തിൽ കേരളത്തിൽ ഇന്നത്തെക്കാം പതിന്മടങ്ങ് രൌദ്രതയോടുകൂടി ജാതിപ്പിശാച് നൃത്തമാടിയിരുന്നു. കേരളത്തിലെ ജാതിപ്പേക്കൂത്തുകാം കണ്ടു ഹൃദയമലിഞ്ഞ സ്വാമികളുടെ ചിന്താഗതി ജാതിനശീകരണവിഷയത്തിലേക്ക് തിരിഞ്ഞു. അദ്ദേഹം ജാതിയോടും മതത്തോടും പടവെട്ടുവാൻ കച്ചകെട്ടി രണാങ്കണത്തിലേക്ക് ഇറങ്ങി.

പബ്ളിക്ക് റോഡുകളിൽകൂടി അവൎണ്ണരെന്നു മുദ്രയടിച്ചിരുന്ന സമുദായങ്ങാംക്ക് യഥേഷ്ടം സഞ്ചരിക്കുന്നതിനു അന്നു അനുവാദമുണ്ടായിരുന്നില്ല. സവൎണ്ണഹിന്ദുക്കളെ കണ്ടാൽ നിരത്തുകളിൽനിന്നും വഴിമാറികൊടുക്കേണമെന്ന ക്രൂരവും ജുഗുപ്സാവഹവുമായ ആചാരം അന്നു പ്രബലതയിൽ ഇരുന്നിരുന്നു. ധനികനെന്നോ ദരിദ്രനെന്നോ ശുചിയുള്ളവനെന്നോ വൃത്തിഹീനനെന്നോ യാതൊരു ഭേദവും ഇക്കാൎയ്യത്തിൽ ഉണ്ടായിരുന്നില്ല. അവൎണ്ണഹിന്ദുസ്ത്രീയുടെ സന്താനമെന്ന ഏകകാരണത്താൽ ഏതൊരുവനും ജാതിയുടെ പേരിൽ മർദ്ദനങ്ങളും അപമാനവും സഹിക്കേണ്ടിവന്നിരുന്നു. ആ മൎമ്മഭേദകമായ കാൎയ്യം ഹൃദയമുള്ള ഏവരേയും സന്തപ്തചിത്തരാക്കിത്തീൎക്കാതിരിക്കയില്ല. മനുഷ്യസഹോദരങ്ങാം ജാതിയുടെയും മതത്തിന്റെ പേരിൽ തമ്മിലടിച്ചു തല പൊളിക്കുന്നതു കണ്ടിട്ടു ബ്രഹ്മാനന്ദസ്വാമിയോഗി:—

ജീവൻ ഹിന്ദുവുമല്ല
ജീവനഹോ ബൌദ്ധജാതിയുമല്ല
ജീവൻ ക്രിസ്ത്യനുമല്ല
ജീവനൊരു ജാതിയില്ല സത്തല്ലോ.

ഇല്ല ശരീരത്തിന്നും
ചൊല്ലാൻ ബൌദ്ധാദിജാതിഭേദങ്ങൾ
എല്ലാം ഭൌതികമല്ലോ
തല്ലാൻ അന്യോന്യമൊന്നുമില്ലല്ലൊ'' എന്നു സസ്നേഹം ഉപദേശിച്ചു:

''ശൂദ്രാദിസ്പർശനേസ്നാനം കുര്യാൽ''
''ശൂദ്രമക്ഷരസംയുക്തം ദൂരത:പരിവജ്ജയേൽ''

എന്നീ അയുക്തപ്രമാണങ്ങളെ കല്പിച്ചു അവർണ്ണനെ എന്നെന്നും അസ്വതന്ത്രനാക്കി അധ:പതിപ്പിച്ചിരുന്ന അനാചാരങ്ങളെ തകർത്തുകൊണ്ടു മോക്ഷപ്രദീപാദി സിദ്ധഗ്രന്ഥങ്ങളെ നിർമ്മിച്ചു. ജാതിഭേദം, ഈശ്വരകല്പിതമല്ലെന്നും അതിനെ അനുസരിക്കേണ്ടതില്ലെന്നും ശശവിഷാണംപോലെ ത്രികാലത്തിലും ഇല്ലാത്തതാണെന്നും ഹിന്തുക്കൾക്ക അനേകവിധത്തിലുള്ള ആപത്തിനും അധ:പതനത്തിനും മാത്രമെ അതു ഉപകരിക്കുന്നുള്ളുവെന്നും സമദൃഷ്ടിയില്ലാത്ത ചിലർ തത്വശാസ്ത്രത്തിന്നു വിരോധമായി കല്പിച്ച ഒരനാചാരമാണതെന്നും സ്വാമികൾ ഉച്ചൈസ്തരം ഉൽഘോഷിച്ചു

സ്വാമിശിവയോഗി യുക്തിയുക്തമായി ജാതിയെയും മതത്തേയും എതിർത്തിട്ടുള്ളതു നോക്കുക:—

''കുഷ്ഠം, വസൂരി, പ്ലേഗു മുതലായ രോഗങ്ങൾപോലെ ജാതിമതഭേദങ്ങളും മാതാപിതാക്കന്മാരിൽനിന്നും ഗുരുജനങ്ങളിൽനിന്നും സംക്രമിക്കുന്നു. ഇങ്ങനെയാണ് ലോകത്തിൽ ജാതികളും മതങ്ങളും വളരെയുണ്ടായതു്. ഇതെല്ലാം ഇടയിൽ വന്നുചേർന്നതാണ്. ജനിക്കുമ്പോൾ ഉള്ളതല്ല.

ജാതിഭേദവും മതഭേദവും ദൈവം സൃഷ്ടിച്ചതാണെങ്കിൽ അതു ദേഹപ്രകൃതിയിൽ എവിടെയിരിക്കുന്നു?

മനുഷ്യർ ഭിന്നജാതികളാണെങ്കിൽ ശൂദ്രസ്ത്രീകളിൽ ബ്രാഹ്മണൎക്കും യൂറോപ്യന്മാൎക്കും ഹിന്തുക്കൾക്കും സ്ത്രീപുരുഷസംഗംകൊണ്ടു സൌഖ്യമോ സന്താനമോ ഉണ്ടാകയില്ല."

സ്വാമികൾ ജാതിയേയും അതിൻെറ നിരൎത്ഥകതയേയും ശക്തിയായി എതിൎത്തിട്ടുള്ളതുപോലെ മതങ്ങളേയും അവകളിൽ കടന്നുകൂടീട്ടുള്ള അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഏററവും ശക്തിയായ ഭാഷയിൽ സുധീരം ഖണ്ഡിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ കേരളത്തിലെ ജാതിശല്യത്തെ കുറക്കുവാനും മതങ്ങളുടെ അനൎഹമായ പ്രതാപത്തെ നശിപ്പിക്കുവാനും പ്രബലമായി സഹായിച്ചിട്ടുണ്ടു്.

സ്വാമിജിയുടെ സാരോപദേശങ്ങളിൽ പ്രഥമവും പ്രധാനവുമായതു "മനോജയ ഏവമഹാജയ" എന്നുള്ളതാണ്. രാഗദ്വേഷകാമക്രോധാദികളാൽ അകൃത്യങ്ങളും ആപത്തുകളും കലഹങ്ങളും ദുഃഖങ്ങളും വൎദ്ധിക്കുന്നതുകൊണ്ടു മനസ്സിനെ അസ്വാധീനപ്പെടുത്തുന്ന ആ വക ദോഷങ്ങളെ തള്ളിക്കളയേണം. സ്വാധീനമല്ലാത്ത മനസ്സ് ശത്രുവാകുന്നു. സ്വാധീനമുള്ള മനസ്സുതന്നെ മിത്രം. മനസ്സിൻെറ ചലനത്തെ നിറുത്തുക. നിജാനന്ദത്തോടുകൂടിയിരിക്കുക. പ്രാൎത്ഥന, രൂപദ്ധ്യാനം, വിഗ്രഹാരാധനം, വ്രതം, തീൎത്ഥാടനം, ഭിക്ഷാടനം, ഹഠയോഗം മുതലായവയെ ത്യജിക്കുക. വാക്ക് ശുദ്ധി, കായശുദ്ധി, മനശ്ശുദ്ധി എന്നിവയോടുകൂടി ജീവിക്കുക. ശക്തിയുണ്ടെങ്കിൽ പരോപകാരം ചെയ്യുക. തനിക്കും അനാഥപ്രാണികൾക്കും ദുഃഖത്തെ ജനിപ്പിക്കാതിരിക്കുക.

ബ്രഹ്മാനന്ദസ്വാമിശിവയോഗികളുടെ ഇത്തരം ആനന്ദസന്ദേശങ്ങൾ കേരളത്തിന്നകത്തും പുറത്തും പ്രചുരപ്രചാരം ചെയ്യുന്നതിന്നു സ്വാമിശിഷ്യന്മാരുടെ ശ്രദ്ധ പതിഞ്ഞുകാണുന്നതിൽ സന്തോഷിക്കുകയും അതിന്നു സൎവ്വവിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

൦൦
0

# "ഗോമതി" രാഘവൻനായർ.

"ഗോമതി" പത്രാധിപർ ശ്രീ. കെ. വി. രാഘവൻനായരുടെ അപ്രതീക്ഷിതമായ ചരമവാർത്ത അന്നു് (1955 ആഗസ്റ്റ് 15) ഒരു ഞെട്ടലോടുകൂടിയാണു് ഞാൻ ശ്രവിച്ചതു്. ഞാനും അദ്ദേഹവുമായി ഒരു നാല്പതു കൊല്ലത്തിലധികം കാലത്തെ അടുത്ത പരിചയത്തിനിടക്ക മാസത്തിൽ ഒരു തവണയെങ്കിലും ഞങ്ങൾ തമ്മിൽ കാണാത്ത അവസരങ്ങളില്ല. ഞാനന്നു ഒല്ലൂർ ഹൈസ്കൂളിൽ പഠിക്കുന്ന കാലമാണു്. ഞങ്ങളുടെ മലയാളം പണ്ഡിതർ, വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ ആണു് എന്നെ രാഘവൻനായരുമായി പരിചയപ്പെടുത്തിയതു്. അന്നു് രാഘവൻനായർ "കൈരളി"യുടെ സഹപത്രാധിപരാണു്. എന്നെ സാഹിത്യത്തിലേക്ക വഴി കാണിച്ചുതന്നതു ഗോവിന്ദമേനോനും, പ്രോത്സാഹനങ്ങൾ നല്കി ഉയർത്തിക്കൊണ്ടു വന്നവരിൽ പ്രധാനി രാഘവൻനായരുമായിരുന്നു. ഞാനും രാഘവൻനായരുമായുള്ള പരിചയം ക്രമേണ അടിയുറച്ച സ്നേഹബന്ധത്തിലെത്തിച്ചേർന്നു. അദ്ദേഹവുമായി മാത്രമല്ല കുടുംബാംഗങ്ങളുമായി ഞങ്ങൾ ഏററവും മൈത്രിയിലാണു് കഴിഞ്ഞുപോന്നതു്.

ശ്രീ. കേളപ്പന്റെ നേതൃത്വത്തിൽ ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ച കാലം. യാഥാസ്ഥിതികർ ശക്തിയായി സത്യാഗ്രഹത്തെ എതിർത്തുകൊണ്ടിരുന്നു. ആ അവസരത്തിൽ ശ്രീ. അംശി നാരായണപിള്ള തൃശ്ശൂർനിന്നും സത്യാഗ്രഹത്തിന്നു അനുകൂലമായ പൊതുജനാഭിപ്രായം വളർത്തുവാനായി 'മഹാത്മാ' എന്ന പേരിൽ കാലണ വരിസംഖ്യയിൽ ഒരു ത്രൈവാരിക പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. മഹാത്മാക്ക ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടു നല്ല പ്രചാരം സിദ്ധിച്ചു. അന്നു ഒരു ആഴ്ചപ്പത്രമായി

പ്രചരിച്ചുതുടങ്ങിയിരുന്ന 'ഗോമതി'യെ മഹാത്മായെപ്പോലെ കാലണപ്പത്രമായി മാററി ദിനപത്രമാക്കിയാൽ അതിനു വളരാനും വികസിക്കുവാനും സാദ്ധ്യതകളുണ്ടെന്നു കുശാഗ്രബുദ്ധിയായ രാഘവൻനായക്കു തോന്നിയതിൻെറ ഫലമാണു് ഗോമതി ദിനപത്രത്തിൻെറ ആവിർഭാവം. അങ്ങിനെ ഗോമതി കൊച്ചിയിലെ ആദ്യത്തെ ദിനപത്രമായി രംഗപ്രവേശംചെയ്തു. രാഘവൻനായർ അതിൻെറ പത്രാധിപരും.

ആരംഭത്തിൽതന്നെ ഞാൻ 'ഗോമതി'യുടെ പ്രതിനിധിയായി നിയമിക്കപ്പെട്ടു. അന്നുതൊട്ടു പത്രം നിൎത്തുന്നതുവരെ വിവിധ നിലകളിൽ പേർവെച്ചും അല്ലാതെയും ഗോമതിയിൽ വിഹരിച്ചുകൊണ്ടിരിക്കുന്നതിനു എനിക്കു ഒരു തടസ്ഥവും നേരിട്ടിട്ടില്ല. ആദ്യകാലങ്ങളിൽ രാഘവൻനായരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും എനിക്കു സാഹിത്യപരമായി വളരെ ഉണർവുണ്ടാക്കുവാൻ പര്യാപ്തമായവയായിരുന്നു.

രാഘവൻനായർ സുഹൃത്തുക്കൾക്കുവേണ്ടി എന്തു ത്യാഗവും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നതിനു സന്നദ്ധനായിരുന്നു. ന്യായത്തിനും ധൎമ്മത്തിനുംവേണ്ടി അദ്ദേഹം നിർഭയം പോരാടുവാൻ ഒരിക്കലും മടിക്കാറില്ല. വൻശക്തികളുമായി ഏററുമുട്ടേണ്ടി വരുമ്പോഴാണു് അദ്ദേഹത്തിൻെറ ഭാഷാശൈലിയുടെ ഊൎജ്ജസ്വലത തെളിഞ്ഞുകാണുക.

രാഘവൻനായർ വെറും ഒരു പത്രാധിപർ മാത്രമായിരുന്നില്ല. കൊച്ചിയിലെ രാഷ്ട്രീയവും സാമൂഹ്യവുമായ പല കാര്യങ്ങളിലും അദ്ദേഹം ഇടപെടുകയുണ്ടായിട്ടുണ്ടു്. അദ്ദേഹം ശ്രീ വിവേകാനന്ദസ്വാമികളുടെ ഒരു ജീവചരിത്രവും പ്രസിദ്ധം ചെയ്തിട്ടുണ്ടു്. തിരു-കൊച്ചി സംയോജനത്തിനു മുമ്പുള്ള കൊ

ച്ചിയിലെ രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന പങ്ക് പലരേയും അസൂയാലുക്കളാക്കി. പല വൻശക്തികളു മായി അദ്ദേഹത്തിന്നു് ഏററുമുട്ടേണ്ടി വന്നിട്ടുണ്ട്. 'ഗോമതി' യെ എതിക്കാൻ ചില ദിനപത്രങ്ങൾതന്നെ തൃശ്ശൂർനിന്നും പുറ പ്പെട്ടുകയുണ്ടായി. എങ്കിലും അവയെയെല്ലാം അതിജീവിച്ചു കൊണ്ടു 'ഗോമതി' അചഞ്ചലമായി നിലകൊണ്ടിട്ടുള്ളതിനു രാ ഘവൻനായരുടെ കഴിവുകളോടാണ് അതു കടപ്പെട്ടിട്ടുള്ളതു്.

രാഘവൻനായർ ഗവർമ്മേണ്ടിനേയും രാജകുടുംബാംഗങ്ങ ളേയും അനർഹമായി പിന്താങ്ങുന്ന ഒരു നയമാണ് സ്വീകരിച്ചി രുന്നതെന്നു് ആദ്യകാലങ്ങളിൽ ഒരു ധാരണ പരന്നിരുന്നു. അ ന്നത്തെ കാലസ്ഥിതികൾ കുറെയൊക്കെ അങ്ങിനെ ആയിരിക്കാ നും പാടില്ലായ്കയില്ല. എന്നാൽ മൊത്തത്തിൽ അദ്ദേഹം സ്വത ന്ത്രനും, നിർഭയനും, പൊതുജനാഭിപ്രായത്തെ മാനിക്കുന്ന ഒരു മ നുഷ്യസ്നേഹിയുമായിരുന്നെന്നു പറയാം. കുറെ കൊല്ലങ്ങൾക്കു മുമ്പാണ്, പറപ്പൂക്കര പഞ്ചായത്തു് അതിൻെറ കീഴിലുള്ള ആയു ർവ്വേദവൈദ്യശാല കൂടുതൽ ജനങ്ങൾക്കു ഉപകാരപ്രദമാകുന്നതിനു വേണ്ടി പഞ്ചായത്തിൻെറ മദ്ധ്യസ്ഥാനത്തേക്കു മാററണമെന്നു ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. ഉടനെ സ്ഥാപിതതാല്പര്യക്കാരും പ്രമാണികളും ഗവർമ്മേണ്ടിൽ സ്വാ ധീനം ചെലുത്താൻ കെൽപ്പുള്ളവരുമായ സി. കൃഷ്ണൻകർത്താ, ഫാ ദർ പുല്ലോക്കാരൻ, ടി. എ. രാമചന്ദ്രയ്യർ തുടങ്ങിയവർ ഇതിനെ ശക്തിയായി എതിക്കുകയും, സ്ഥലം മാററാതിരിക്കാൻ ഭഗീരഥ പ്രയത്നം ചെയ്കയും ചെയ്തു. പഞ്ചായത്തിൻെറ തീരുമാനത്തെ പ്ര തിഷേധിക്കാനായി ഒരു പൊതുയോഗം വിളിച്ചുകൂട്ടുകയും അദ്ധ്യ ക്ഷനായി ശ്രീ. രാമവർമ്മ അപ്പൻതമ്പുരാനെ ക്ഷണിച്ചു വരുത്തു കയും പ്രമേയങ്ങളും പ്രസംഗങ്ങളും പൊടിപാററുകയും ഉണ്ടായി. ഞാൻ സ്ഥലം മാററണമെന്ന കക്ഷിയിൽപ്പെട്ട ആളാണെന്നിരു ന്നാലും, യോഗത്തിൽ പങ്കെടുക്കുകയും തമ്പുരാൻെറപ്രസംഗ

ത്തിലെ ചില ഭാഗങ്ങൾ എടുത്തു അപ്പോൾതന്നെ ഒരു റിപ്പോർട്ട് ഗോമതിക്കയക്കയും ഉണ്ടായി. ആ റിപ്പോർട്ട് പുറത്തുവന്നതോടുകൂടി പ്രതിഷേധയോഗക്കാരുടെ പരിശ്രമങ്ങൾക്ക വലിയ ഒരിടിവായി. അതിനെത്തുടൎന്നു, ഭാവിരാജാക്കന്മാർ പൊതുജനാഭിപ്രായത്തെ മാനിക്കാതെയും, സ്ഥാപിതതാല്പൎയ്യക്കാരുടെ പിണിയാളുകളായി ഇത്തരം നിസ്സാരകാൎയ്യങ്ങളിൽകൂടി ഇടപെടുന്നതിനെപ്പററിയും മററും അപ്പൻതമ്പുരാനെ ശക്തിയായി വിമർശിച്ചുകൊണ്ടു ഗോമതി ഒരു മുഖപ്രസംഗവും പ്രസിദ്ധംചെയ്തു. തുടൎന്നു വാദപ്രതിവാദങ്ങൾ പലതും നടന്നു. ഒടുവിൽ സത്യസന്ധനും, നീതിനിഷ്ഠനുമായ ദിവാൻ മി. സി. ജി. ഹെർബർട്ട് പഞ്ചായത്തിൻെറ തീരുമാനത്തെ ആദരിച്ചു വൈദ്യശാല നമ്പിക്കരെക്ക മാററുകതന്നെചെയ്തു. ഇക്കാൎയ്യത്തിൽ 'ഗോമതി'യുടെ നിർഭയമായ പടവെട്ടൽ ഇന്നാട്ടുകാർ എന്നെന്നും കൃതജ്ഞതയോടെ അനുസ്മരിക്കുന്നതാണ്.

രാഘവൻനായരെപ്പററി വളരെയധികം പറവാനുണ്ട്. തല്ക്കാലം അതിന്നു ഒരുങ്ങുന്നില്ല. ആ ധീരനായ പത്രാധിപരുടെ അകാലചരമം മലയാള പത്രപ്രവൎത്തനത്തിന്നു പൊതുവിൽ ഒരു വലിയ നഷ്ടംതന്നെയാണെന്നതിന്നു സംശയമില്ല.

# കെ. ആർ. വിശ്വംഭരൻ ബി. എ. ബി. എൽ.

**എ**ന്റെ ഒരാത്മസുഹൃത്തും ബന്ധുവുമായ ശ്രീ വിശ്വംഭരൻ ആസ്പത്രിയിൽവെച്ചു ഹൃദ്രോഗംമൂലം നിര്യാതനായി എന്ന വാർത്ത കേട്ട ഞാൻ സ്തബ്ധനായിപ്പോയി. അപ്രതീക്ഷിതവും, സഹിപ്പാൻ നിവൃത്തിയില്ലാത്തതുമായ ആ സംഭവം എനിക്കു താങ്ങാൻ സഹിയാത്ത ഒന്നായിത്തോന്നി. അന്തിമമായ ആദരാഞ്ജലി സമർപ്പിക്കാനായി ഞാൻ ഉടനെ അദ്ദേഹത്തിന്റെ ഒല്ലൂരിലുള്ള വസതിയിലേക്കു തിരിച്ചു. അവിടെ സന്നിഹിതരായിരുന്ന അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളും പത്രങ്ങളിൽനിന്നു വിവരമറിഞ്ഞു എത്തിക്കൊണ്ടിരുന്ന നൂറുകണക്കിനുള്ള സുഹൃത്തുക്കളും ഉദ്യോഗസ്ഥന്മാരും, പൊതുപ്രവർത്തകരും ആ പരിസരത്തെ ഒരു ദുഃഖസാഗരമായി മാററി.

വിദ്യാർത്ഥികളായ 8 ആൺകുട്ടികൾക്കും 3 പെൺകുട്ടികൾക്കും വിധവയായ ഭാര്യക്കും വൃദ്ധയും രോഗശയ്യാവലംബിനിയുമായ മാതാവിന്നും താങ്ങും തണലുമായിരുന്ന അദ്ദേഹത്തെ ക്രൂരവിധിയുടെ ക്രൂര ഹസ്തങ്ങൾ ഇത്രപെട്ടെന്നു, തന്റെ 52-ാമത്തെ വയസ്സിൽ, നമ്മിൽനിന്നെല്ലാം തട്ടിയെടുത്തുകൊണ്ടുപോയതോർത്തു ഹൃദയം തകരുന്നു!

ചെറുപ്പത്തിൽതന്നെ അദ്ദേഹം കൊച്ചിയിലെ പൊതുജീവിതത്തിൽ സമുന്നതമായ ഒരു സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. അന്നു കൊച്ചിയിൽ മുന്നേറിക്കൊണ്ടിരുന്ന എസ്. എൻ. ഡി. പി. പ്രവർത്തനങ്ങളിലും, രാഷ്ട്രീയത്തിലും (പ്രത്യേകിച്ച് പറപ്രക്ഷോഭണം) അദ്ദേഹം സജീവമായി പങ്കെടുത്തു. അങ്ങിനെ കൊച്ചി നിയമസഭയിലെ തലപ്പിള്ളി താലൂക്കിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഒരു സാമാജികനെന്ന നിലക്കു അദ്ദേഹം തന്റെ സ്വതസ്സിദ്ധമായ വാഗ്വിലാസവും, തന്റേടവും മൂലം പേരെ

KOTTAYAM PUBLIC LIBRARY KOTTAYAM

ട്ടത്ത ഒരു സാമാജികനായിത്തീൎന്നു. നിയമസഭയിൽ അദ്ദേഹം "പ്രോഗ്രസ്സീവ് പാർട്ടി" എന്ന ഒരു പാർട്ടി രൂപീകരിക്കയും, അതിൻെറ ലീഡറായിരിക്കുകയും ചെയ്തിട്ടുണ്ട്. പാർട്ടി വക "പ്രോഗ്രസ്സ്" എന്ന ഒരു പത്രവും പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു.

പിന്നീട് ഗവൎമ്മെണ്ടു സൎവ്വീസിൽ പ്രവേശിച്ചു. എ. ബി. സി. കമ്മീഷണർ, പ്രോജക്ട് ആഫീസർ, മുഖ്യമന്ത്രിയുടെ പ്രൈവറു സിക്രട്ടറി, സബ്ബ് ഡിവിഷനൽ മജിസ്ട്രേട്ട്, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എന്നീ ഉത്തരവാദപ്പെട്ട ഉദ്യോഗങ്ങളിലും പ്രശസ്ത സേവനമനുഷ്ഠിച്ചിട്ടുണ്ട്. ധീരവും നിഷ്പക്ഷവും സ്വതന്ത്രവുമായ വിധിന്യായങ്ങൾ എഴുതുന്നതിൽ അദ്ദേഹം ഒരു മാതൃകാന്യായാധിപൻതന്നെയായിരുന്നു.

43 കൊല്ലത്തെ സൌഹൃദമാണ് ഞങ്ങൾ തമ്മിലുള്ളതു്. ഏഴാംക്ലാസ് മുതൽ നാലു കൊല്ലം ഞാൻ അദ്ദേഹത്തിൻെറ വീട്ടിൽ താമസിച്ചാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂൎത്തിയാക്കിയതു്. അന്നു വിശ്വംഭരൻ നാലാം ക്ലാസ്സിലും. അന്നു മുതല്ക്കുള്ള ആ സ്നേഹബന്ധം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടുതന്നെയാണ് വന്നിട്ടുള്ളതും. ഞാൻ ഹൈസ്കൂൾ വിദ്യാൎത്ഥിയായിരുന്ന കാലത്തുതന്നെ പത്രമാസികകളിൽ ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. സ്വതേ പുരോഗമനേച്ഛുവായ അദ്ദേഹത്തിന്നു ചെറുപ്പത്തിൽ എന്നിൽനിന്നുള്ള പ്രോത്സാഹനവും, പിന്നീട് എനിക്കു അദ്ദേഹത്തിൽനിന്നുള്ള പ്രചോദനവും ഞങ്ങൾ ഒരു കാലത്തും മറന്നിട്ടില്ല. ഞാൻ ഹൈ സ്കൂൾ ജീവിതം വിട്ടുപോരുന്നതിന്നു മുമ്പുതന്നെ അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമങ്ങൾ ഏഴാം ക്ലാസ്സിൽവെച്ചുതന്നെ പത്രങ്ങളിൽ സ്ഥലംപിടിച്ചു കാണുവാൻ സംഗതിയായി. അദ്ദേഹത്തിൻെറ പ്രേരണ ഒന്നു മാത്രമാണ് ചിത്രഭാനു മാസിക ഞാൻ തുടങ്ങുന്നതിന്നു പ്രധാനകാരണം. അ

ഞ്ചുകൊല്ലം കൃത്യമായി അതു നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഞാൻ ഒരു ഓട്ടുകമ്പനി വ്യവസായത്തിൽ ഇറങ്ങുന്നതിനു സംഗതിയായതു്. ആ അവസരത്തിൽ അന്നു അധഃകൃതസംരക്ഷകനായ അദ്ദേഹം തിരുവനന്തപുരത്തുള്ള വസതിയിൽ താമസിക്കുമ്പോാം ഞാൻ അതിഥിയായി ഒന്നു രണ്ടു ദിവസം അവിടെ കഴിച്ചുകൂട്ടുകയുണ്ടായി. എന്റെ പുതിയ സംരംഭത്തെപററി കേട്ട ഉടനെ അദ്ദേഹം ഇങ്ങിനെ ചോദിച്ചു. "സാഹിത്യത്തിൻെറ മീതെ കളിമണ്ണാണോ ഇടാൻപോകുന്നതു്?" ഞാനതു അത്ര കാര്യമായി കണക്കാക്കിയില്ല. അതിൻെറ ദുരന്തഫലം ഞാനിപ്പോാം അയവിറക്കുകയാണു്.

മി. വിശ്വംഭരൻ ഒരു നല്ല സാഹിത്യകാരനാണ്. അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ചതിന്നു ശേഷം തൻെറ സാഹിത്യത്തിൽ ശ്രദ്ധിക്കാതെ വന്നു. ഞാനൊരിക്കൽ അദ്ദേഹത്തിൻെറ പ്രസിദ്ധപ്പെടുത്തിയ ചെറുകഥകളും കവിതകളും ഒരു പുസ്തകമായി പ്രസിദ്ധീകരിക്കട്ടെ എന്നു ചോദിച്ചു. ഇന്നത്തെ നിലക്കു അതിൽ ചില മിനുക്കുപണികളും തിരുത്തലുകളും ആവശ്യമാണെന്നും അതു ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു സ്വസ്ഥമായിരിക്കുമ്പോാം ചെയ്തു വീണ്ടും സാഹിത്യരംഗപ്രവേശം ചെയ്യാമെന്നുമാണ് അദ്ദേഹം പറഞ്ഞതു്. അടുത്തൊരവസരത്തിൽ അദ്ദേഹം ഉദ്യോഗജീവിതം അവസാനിച്ചാൽ വീണ്ടും സാമൂഹ്യരംഗത്തിറങ്ങി പൊതുസേവനം ചെയ്യാനുദ്ദേശിക്കുന്ന പല പരിപാടികളേയും പററി സംഭാഷണമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി. ഇനി ആ സുദിനങ്ങളെപ്പററി എന്തിന്നു നോക്കുന്നു! അവ ഇങ്ങിനിവരാത്ത വണ്ണം മറഞ്ഞുപോയി!!

പ്രഗത്ഭനായ ഒരു ന്യായാധിപതി, വശ്യവചസ്സായ ഒരു പ്രാസംഗികൻ, സ്വാതന്ത്ര്യേച്ഛുവായ ഒരു സാമൂഹ്യ സേവകൻ, ഒരു നല്ല സഹൃദയൻ എന്നീ വിവിധ നിലകളിൽ അവിസ്മര

ണീയനായ ശ്രീ. വിശ്വംഭരന്റെ അകാലചരമം സമുദായത്തിനും രാഷ്ട്രത്തിനും ഒരു വമ്പിച്ച നഷ്ടമാണ്. അദ്ദേഹത്തിന്റെ സന്തപ്തരായ കുടുംബാംഗങ്ങളോടു നമുക്കുള്ള ആത്മാർത്ഥമായ അനുശോചനം രേഖപ്പെടുത്തികൊള്ളട്ടെ!

"നൊടിയിടയിൽ തെളിഞ്ഞുയർന്നുച്ചത്തിൽ
വടിവിൽ മിന്നിപ്പൊലിഞ്ഞ പൊൻതാരമേ!
പടുതയാൽ, ലഘുവാകിലും ജീവിത
നടനസാഫല്യം വ്യക്തമാക്കീഭവാൻ."

..................

21009

# സി. എ. കിട്ടുണ്ണി.

എൻെറ ഒരു ചിരന്തനസുഹൃത്തായ ശ്രീ: സി. എ. കിട്ടുണ്ണി നിര്യാതനായി എന്ന പത്രവാർത്ത അപ്രതീക്ഷിതമായി കണ്ടു ഉടനെ ഞാൻ നടുങ്ങിപ്പോയി. 1964 ജനുവരി 15-ാംനു- ശ്രീ: എം. കെ. വിജയരാഘവൻെറ മകളുടെ വിവാഹത്തിൽ പങ്കുകൊണ്ടതിനുശേഷം ഞാനും ശ്രീമാന്മാർ എൻ. ആർ. രാമൻകുട്ടി, എ. ജി. ശങ്കരൻ എന്നിവരും കൂടി ശ്രീ. കിട്ടുണ്ണിയുടെ വസതിയിൽ കയറി അദ്ദേഹവുമായി കുറെ നേരം സംഭാഷണം ചെയ്തു. അദ്ദേഹത്തിൻെറ പക്കൽനിന്നു ഓരോ ഗ്ലാസ് നാരങ്ങവെള്ളവും കുടിച്ചു യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ ആരോർത്തു ഇത്ര പെട്ടെന്നു അദ്ദേഹം നമ്മളെയെല്ലാം വിട്ടുപിരിയുമെന്നു്?

ശ്രീ. കിട്ടുണ്ണി മംഗളോദയം പ്രസ്സിൽ കമ്പോസിററരായിരുന്ന കാലത്താണു്, അതായതു് 37 കൊല്ലം മുമ്പു്, ഞങ്ങൾ തമ്മിൽ പരിചയമായതു്. അന്നു ഞാൻ 1102-ൽ ആദ്യമായി 'ധീരവനിത' അച്ചടിപ്പിക്കുവാൻ മംഗളോദയം പ്രസ്സിൽ ചെന്ന അവസരത്തിലാണു് അദ്ദേഹവുമായി കൂടുതൽ അടുക്കുവാനും സ്നേഹിക്കുവാനും ഇടയായതു്. ആ കാലത്തുതന്നെയാണു് ശ്രീ. കിട്ടുണ്ണിയും 'അയിത്തം' എന്ന പദ്യകൃതി പ്രസിദ്ധപ്പെടുത്തിയതു് എന്നാണെൻെറ ഓർമ്മ. മംഗളോദയത്തിലെ ഒരുദ്യോഗസ്ഥനായിരുന്ന ശ്രീ. വി. ടി. ഭട്ടതിരിപ്പാടു് ഞങ്ങളെ കൂടുതൽ അടുപ്പിക്കുന്നതിന്നു സഹായിച്ചു. അദ്ദേഹത്തിൻെറ പുരോഗമനോന്മുഖമായ അഭിപ്രായഗതികൾ ഞങ്ങളിലും സ്വാധീനം ചെലുത്തിയിട്ടുണ്ടു്. അദ്ദേഹം ഞങ്ങളുടെ ഒരാത്മസുഹൃത്തായി വർത്തിച്ചുപോന്നു. ജാതിശല്യങ്ങൾ എത്രയോ കർക്കശമായിരുന്ന അക്കാലത്തു് ഞങ്ങളുടെ പൊതുപ്രവർത്തനങ്ങളും ജാതിയോടു പോരാടുന്ന തരത്തിലുള്ളതായിരുന്നു. തന്മൂലം ഞങ്ങളുടെ ആദ്യകാലത്തെ

സാഹിത്യ പരിശ്രമങ്ങൾ സാമുദായികമായ അസമത്വങ്ങളോടുള്ള പോരാട്ടമായി തീൎന്നതിൽ അത്ഭുതമില്ലല്ലോ.

മിതവാദി, സഹോദരൻ തുടങ്ങിയ സാമുദായിക പത്രങ്ങളിൽ പയററിത്തെളിഞ്ഞതിന്നു ശേഷം തൃശ്ശൂരിലെ ആദ്യത്തെ ദിനപത്രമായ 'ഗോമതി'യെ ശ്രീ. കിട്ടുണ്ണി തൻെറ പ്രവൎത്തനരംഗമായി സ്വീകരിച്ചു. അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും, അനീതിയോടും അദ്ദേഹം ധീരധീരം പോരാടിയിട്ടുണ്ട്. സേവകഴ കുഴലൂതുവാൻ അദ്ദേഹം ഒരിക്കലും തയ്യാററായിട്ടില്ല. അനീതി എവിടെകണ്ടാലും അതിൻെറ നേക്കു അദ്ദേഹം തൻെറ തൂലിക ചലിപ്പിക്കുവാൻ ഒരിക്കലും മടിച്ചിട്ടുമില്ല.

എളിയ നിലയിൽ ജീവിതം ആരംഭിച്ച അദ്ദേഹം പണം സമ്പാദിക്കുവാൻ വേണ്ടി നേർവഴി വിട്ടു ഒരിക്കലും ചരിച്ചിട്ടില്ല. മംഗളോദയത്തിൽനിന്നു വിട്ടതിൽപിന്നെ ശ്രീ. കിട്ടുണ്ണി ശ്രീ. ടി. എ. ഗോവിന്ദനുമൊരുമിച്ചു കൂട്ടായി 'ഗുരുവിലാസം പ്രസ്സ്' ആരംഭിച്ചു നടത്തുകയുണ്ടായി. കുറെ കാലം അങ്ങിനെ നടത്തിയതിനു ശേഷം ശ്രീ. കിട്ടുണ്ണി അതിൽനിന്നു ഒഴിഞ്ഞു പോരികയും കുറെ കാലത്തിനുശേഷം വീണ്ടും സ്വന്തമായി 'ആശാൻ പ്രസ്സ്' സ്ഥാപിച്ചു നടത്തുകയും ചെയ്തുപോന്നു. അതു ഇപ്പോഴും നടക്കുന്നുണ്ട്.

ശ്രീ. കിട്ടുണ്ണി നിരന്തരമായി സാഹിത്യസേവനം ചെയ്തുകൊണ്ടിരുന്നതിനാൽ ചെറുകഥ, ബാലസാഹിത്യം, നോവൽ എന്നീ തുറകളിൽ പ്രശസ്തനായിത്തീരുവാൻ സാധിച്ചു. സാഹിത്യപരമായി അദ്ദേഹത്തിന്നു പുരുങ്ങിയ ഒരു വരവുണ്ടായിരുന്നതു് ഒരാശ്വാസമായിരുന്നു.

സാഹിത്യസേവനത്തോടൊപ്പം അദ്ദേഹം സാമൂഹ്യസേവനവും മുടങ്ങാതെ നടത്തിപ്പോന്നു. തൃശ്ശൂർ മുനിസിപ്പാലിററി

യിൽ അനേകം കൊല്ലങ്ങൾ അദ്ദേഹം ഒരു മെമ്പറായിരുന്നു് സേവനമനുഷ്ഠിച്ചിട്ടുള്ളതു് ഏവൎക്കും മറക്കാൻ സാദ്ധ്യമല്ല. വിനയം മൂൎത്തീകരിച്ച ആ നല്ല മനുഷ്യന്റെ സേവനം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെ വിലമതിക്കത്തക്കതായിരുന്നു.

ശ്രീ. കിട്ടുണ്ണി ഗ്രാമീണൻ, ചന്ദ്രഹാസൻ എന്ന രണ്ടു മാസികകൾ നടത്തിയിട്ടുണ്ടു്. ലൈററ് വാരികയുടെ പത്രാധിപരായി അദ്ദേഹം ഒരു കൊല്ലത്തോളം സേവനം നടത്തുകയുണ്ടായി.

സാമ്പത്തിക വിഷമതകൾ അദ്ദേഹത്തെ പലപ്പോഴും അലട്ടിയിരുന്നു. തന്മൂലം അദ്ദേഹം തന്റെ ചില പുസ്തകങ്ങളുടെ 'കോപ്പി റൈററ്' കൊടുത്തു പണം വാങ്ങി ഒരു വിധം ജീവിച്ചുപോന്നു. കൂടാതെ തന്റെ കാലശേഷം പുസ്തകം പ്രസിദ്ധംചെയ്തു വ്യാപാരം നടത്തി ആദായം എടുക്കത്തക്ക പിൻഗാമികൾ ഇല്ലാത്തതിലും അദ്ദേഹത്തിന്നു ക്ലേശമുണ്ടായിരുന്നു. ഒതുങ്ങിയ നിലയിൽ കാൎയ്യങ്ങൾ ഒരുവിധം ഭംഗിയായി നടക്കുന്നതിന്നു വേണ്ട പണമേ അദ്ദേഹം ആശിച്ചിരുന്നുള്ളു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും പററിയ ഒരു നല്ല സാഹിത്യകാരൻ ധൎമ്മപത്നിയേയും മൂന്നു പെൺകുട്ടികളേയും പറയത്തക്ക സമ്പാദ്യമൊന്നും കൂടാതെ എന്നന്നേക്കുമായി വിട്ടുപിരിഞ്ഞു. അദ്ദേഹത്തിന്റെ വേൎപ്പാടു് സാഹിത്യത്തിന്നും നാടിന്നും സ്വകുടുംബത്തിന്നും ഒരു വലിയ നഷ്ടംതന്നെ.

# കോട്ടായി കുമാരൻ

കേരളത്തിലെ ജാതിശല്യങ്ങളോടും മതപരമായ അന്ധവിശ്വാസങ്ങളോടും ധീരതയോടുകൂടി പോരാടിയവരിൽ ഒരു ത്തമസ്ഥാനത്തിനു് അർഹനായ ഒരാളായിരുന്നു ശ്രീ. കോട്ടായി കുമാരൻ. ജാതിയുടെ സൂത്തരംഗമായ കൊച്ചിയിൽ ഏതാനും കൊല്ലങ്ങൾക്ക മുമ്പു് സവർണ്ണഹിന്ദുദേവന്മാരുടെ ആറാട്ടു്, പറ എഴുന്നള്ളിപ്പു് എന്നിതുകൾ പബ്ളിക് റോഡുകളിൽകൂടി പോകുമ്പോൾ ഈഴവർ തുടങ്ങിയ അവർണ്ണഹിന്ദുക്കളെ റോഡിൽ നിന്നും, റോഡരികിലുള്ള അവരുടെ വീടുകളിൽനിന്നുപോലും അയിത്തം പ്രമാണിച്ചു് ആട്ടി ഓടിക്ക പതിവായിരുന്നു. തൃശ്ശൂർ, പെരിങ്ങോട്ടുകര, ഇരിങ്ങാലക്കട, തൃപ്പൂണിത്തുറ തുടങ്ങിയ സ്ഥലങ്ങളിൽവെച്ചു് ഇതു സംബന്ധിച്ചു് വാഗ്വാദങ്ങളും ലഹളകളും നടക്കകെയുണ്ടായിട്ടുണ്ടു്. ഈഴവക്കു് സ്വാതന്ത്ര്യബോധവും, വിദ്യാഭ്യാസവും വദ്ധിച്ചുവന്നതോടുകൂടി ഇത്തരം അസമത്വങ്ങളോടു അവർ കയക്കുവാൻ തുടങ്ങി. ദിവാൻ സർ ടി. വിജയരാഘവാചാരിയുടെ കാലത്തു് ഈഴവർ അവരുടെ സ്വാതന്ത്ര്യസമരം ശ്രീ ബോധാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ ഊജ്ജിതമായി നടത്തിക്കൊണ്ടിരിക്കെ സ്വാമികളുടെ പ്രത്യേക ക്ഷണനപ്രകാരം മി. കോട്ടായി കുമാരനും സവർണ്ണദേവൻെറ ആറാട്ടുസമയത്തു് കൂക്കഞ്ചേരിയിൽ എത്തിച്ചേർന്നു. കൂക്കഞ്ചേരിയിലുള്ള ഈഴവരുടെ വക ശ്രീമാഹേശ്വരക്ഷേത്രത്തിനടുത്തുവെച്ചാണു് സാധാരണ അടികലശൽ ഉണ്ടാകാറു് പതിവു്. ലഹളക്കു് ഉത്തരവാദികൾ തിയ്യരാണെന്നാണു് ഉദ്യോഗസ്ഥന്മാർ പറഞ്ഞുകൊണ്ടിരുന്നതു്. ഒരു ധീരനായ പത്രപ്രവത്തകൻെറ നിലയിൽ അവിടെ നടക്കുന്ന യഥാത്ഥ സംഭവങ്ങൾ കണ്ടറിഞ്ഞു് നിഷ്പക്ഷമായ ഒരു റിപ്പോർട്ടു് ഇംഗ്ലീഷ് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനുകൂടിയാണു് മി. കുമാരനെ ക്ഷണിച്ചതിൻെറ പ്രധാന ഉദ്ദേശം.

മി. കുമാരൻ തൃശ്ശൂരിൽ എത്തിയതിൻെറശേഷം സ്ഥലം മജിസ്രേട്ടുമായി പരിചയപ്പെടുകയും, തൻെറ ഉദ്ദേശം അദ്ദേഹ

ത്തെ അറിയിക്കുകയുംചെയ്തു. ഘോഷയാത്രക്കൊപ്പം നടക്കുവാൻ തന്നെ അനുവദിക്കുന്നതിന്നു അദ്ദേഹം മജിസ്ത്രേട്ടിനോടു അപേക്ഷിച്ചു അതനുസരിച്ചു അദ്ദേഹവും, മജിസ്ത്രേട്ടിനോടൊപ്പം ഘോഷയാത്രയോടുകൂടി നടന്നുകൊണ്ടിരുന്നു.

ഘോഷയാത്രക്കു മുമ്പിലായി പോലീസുദ്യോഗസ്ഥന്മാർ ആളുകളെ ആട്ടിമാററിയുംകൊണ്ടു് നടന്നിരുന്നു. പീടികയിൽ ഇരുന്നിരുന്ന ഒരു വൃദ്ധനോടു അവിടെനിന്നും എണീററുപോകുവാൻ പോലീസുകാരൻ നിർബ്ബന്ധിക്കുന്നതാണു് പിന്നീടുകണ്ടതു്. ആ വൃദ്ധനെ അയാളുടെ സ്വന്തം പീടികയിൽനിന്നും പോലിസുദ്യോഗസ്ഥൻ പിടിച്ചു പുറത്താക്കുകതന്നെ ചെയ്തു. ഇതു കണ്ടപ്പോൾ മി. കുമാരൻ മജിസ്ത്രേട്ടിനോടു ഇങ്ങനെ മെല്ലെ ചോദിച്ചു— "ഇത്തരം സംഭവങ്ങളെങ്കിലും നിങ്ങൾക്കു ഇല്ലായ്മ ചെയ്തുകൂടയോ?" മജിസ്ത്രേട്ടു കേട്ടഭാവം നടിച്ചില്ല. കുറെകൂടി കഴിഞ്ഞപ്പോൾ തങ്ങൾക്കു എതിരായിവരുന്ന ഒരുവണ്ണനെ "എന്തടാ, അയിത്തമാക്കിയോ?" എന്നു ചോദിച്ചുകൊണ്ടു് ഒരു പോലീസുകാരൻ തലക്കടിക്കുന്നതാണു് കണ്ടതു്. ആ പാവം "യജമാനേ, രക്ഷിക്കണേ" എന്നു പറഞ്ഞുകൊണ്ടു് മജിസ്ത്രേട്ടിൻെറ മുമ്പിലേക്കോടിവന്നു. അപ്പോഴേക്കും ക്ഷേത്രത്തിൽനിന്നും കുറെ യുവാക്കന്മാരും അവിടെ എത്തിച്ചേർന്നു. മജിസ്ത്രേട്ടു വിഷമത്തിലായി. ന്യായമായ വഴികളിൽക്കൂടി എല്ലാ നടപടികളും എടുക്കാമെന്നു് മജിസ്ത്രേട്ടു ഉറപ്പു പറഞ്ഞതനുസരിച്ചു് ആ കാര്യം അങ്ങിനെ അപ്പോൾ ഒതുങ്ങി. മജിസ്ത്രേട്ടു പറഞ്ഞതുപോലെ നിയമാനുസരണമുള്ള നടവടികൾ എടുക്കുകയും ചെയ്തുവെന്നതു് പ്രത്യേകം പ്രസ്താവയോഗ്യമാണു്. ഇത്തരം അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിപ്പാൻ ദിവാൻജിയെ കണ്ടു വേണ്ടതു ചെയ്യാനായി ശ്രീ. ഗോവിന്ദാനന്ദസ്വാമികളേയും മി. കുമാരനേയും അടുത്തുകൂടിയ ഈഴവ സമാജത്തിൽ നിന്നു പ്രതിനിധികളായി നിയോഗിച്ചു. അവർ അതനുസരിച്ചു ദിവാൻ മി. വിജയരാഘവാചാരിയെ കാണുകയും, സംഭവങ്ങൾ എല്ലാം വിശദീകരിച്ചു് വേണ്ട നിവാരണമാർഗ്ഗങ്ങൾക്കായി ഒരു മെമ്മോറാണ്ടം സമർപ്പിക്കയും ഉണ്ടായി.

KOTTAYAM LIBRARY KOTTAYAM

"അധഃകൃതോദ്ധാരകൻ" എന്ന അപരാഭിധാനത്താൽ അറിയപ്പെട്ടുന്ന ആ ദിവാൻെറ ന്യായപൂൎവ്വമായ നടവടികളാൽ അദ്ദേഹത്തിൻെറ ഭരണകാലത്തും ഇത്തരം അഴിമതികാംക്കെല്ലാം നിവാരണമുണ്ടായി. അദ്ദേഹത്തിൻെറ ഭരണകാലം അവസാനിക്കുന്നതുവരെ അയിത്തം പ്രമാണിച്ചുള്ള അഴിമതികാം തലപൊക്കുകയുണ്ടായിട്ടില്ല.

മതപരമായ കാൎയ്യങ്ങളിലും മി. കുമാരൻ നല്ല ധീരത പ്രകടിപ്പിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ ഭരണിക്കു തെറിപ്പാട്ടുംപാടി കോഴികളെ അറക്കുന്നതിനെ തടയേണ്ടതു ഒരു ഉത്തമനായ പൊതുകാൎയ്യപ്രസക്തൻെറ ചുമതലയാണെന്നുള്ള ബോധത്തോടുകൂടി കോട്ടായി കുമാരൻ, കെ. അയ്യപ്പൻ (സഹോദരൻ) എന്നിവർ കൊടുങ്ങല്ലൂർ വന്നു് ഈ വക ദുഷിച്ച ആചാരങ്ങളിൽ നിന്നു പൊതുജനങ്ങളെ പിൻതിരിപ്പിക്കേണ്ടതിൻെറ ആവശ്യകതയെ വിശദീകരിച്ചുകൊണ്ടു് അവർ പ്രസിദ്ധീകരിച്ചിരുന്ന ലഘുലേഖകാം വിതരണം ചെയ്യുകയും പ്രസംഗിക്കയും ഉണ്ടായി. പ്രസംഗാവസരത്തിൽ ക്ഷേത്രസിൽബന്ധികളുടെ പ്രേരണകൊണ്ടും മററും പലരും ഇവരോടു വാദപ്രതിവാദം നടത്തുകയും ഒടുവിൽ ലഹളക്കു ഒരുങ്ങുകയും ചെയ്തു. മി. കുമാരനും മി അയ്യപ്പനും ലഹളയെ പേടിച്ചു പിന്മാറിയതേ ഇല്ല. അടിക്കാൻ വരുന്നവരെ തടുത്തുകൊണ്ടു കുറെനേരം അവർ പിന്നേയും പ്രസംഗം നടത്തി. അടികൊണ്ടിട്ടും മി. കുമാരൻ പിന്മാറിയില്ല. മി. അയ്യപ്പനേയുംകൂടി കാത്തുകൊണ്ടു മി. കുമാരൻ മുറയ്ക്കു ലഹളക്കാരോടു പോരാടിനിന്നു. അങ്ങിനെ അക്കൊല്ലത്തെ ഭരണിയും കഴിഞ്ഞു. അന്നു അതിന്നു വലിയ ഫലമൊന്നും കിട്ടിയില്ലെങ്കിലും പിന്നീടു ഭരണിക്കു പോക്കുകാരായ തിയ്യരിൽ ചില മാററങ്ങളെല്ലാം ആ സംഭവം വരുത്തിയിട്ടുണ്ടെന്നതിന്നു സംശയമില്ല.

മി. കുമാരനിൽ കളിയാടിയിരുന്ന സ്വാൎത്ഥത്യാഗം, സമുദായസ്നേഹം, ധീരത, സ്വാതന്ത്ര്യേച്ഛ, എന്നീ വിശിഷ്ട ഗുണങ്ങളുള്ള നേതാക്കന്മാർ ഇനിയും നമുക്കു ആവശ്യമായിട്ടാണിരിക്കുന്നതു്. ഇന്നത്തെ യുവജനങ്ങാംക്കു മി. കുമാരൻെറ ജീവിതം ഒരു മാതൃകയായിരിക്കട്ടെ!

ം—ം

# എ. സി. ഗോവിന്ദൻ, ബി. എ.

ഇക്കഴിഞ്ഞ 1965 ഒക്ടോബർ 10_ാംനു- 60_ാമത്തെ വയസ്സിൽ അന്തരിച്ച ശ്രീ. എ. സി. ഗോവിന്ദൻ മലയാള സാഹിത്യ ത്തറവാട്ടിലെ എണ്ണപ്പെട്ട ഒരു സാഹിത്യകാരനായിരുന്നു. അദ്ദേഹം വിദ്യാൎത്ഥിയായിരുന്ന കാലംമുതല്ക്കേ സാഹിത്യത്തിൽ പ്രത്യേകം അഭിരുചി കാണിച്ചിരുന്നു. കോഴിക്കോട്ടെ ഹജൂരാഫീസിൽ ഒരു ക്ലാക്കായി ജീവിതമാരംഭിച്ച അദ്ദേഹം സാഹിത്യ പരിശ്രമങ്ങളിൽ നിന്നു പിന്തിരിയാതെ മുന്നേറുകയാണുണ്ടായതു്. അദ്ദേഹം ഒരുത്തമസമുദായ സ്നേഹിയും സാമൂഹ്യ സംസ്കാരിക രംഗത്തു ആത്മാൎത്ഥമായി സേവനം ചെയ്ത ഒരു നല്ല മനുഷ്യനുമായിരുന്നു.

സാഹിത്യം രസിക്കാനുള്ള ഒരുപാധി മാത്രമാണെന്ന അഭിപ്രായക്കാരനായിരുന്നില്ല അദ്ദേഹം. മനുഷ്യനെ നന്നാക്കാനും നേർവഴിക്കു നടത്തുവാനും സാഹിത്യത്തിനു കടമയുണ്ടെന്ന ബോധത്തോടുകൂടിയാണു് അദ്ദേഹം സാഹിത്യത്തെ കൈകാൎയ്യം ചെയ്തു പോന്നതു്. സമുദായ സ്നേഹമാണു് അദ്ദേഹത്തെ സാഹിത്യത്തിലേക്കു ആദ്യമായി തിരിച്ചുവിട്ടുവാൻ പ്രേരകമായതു്. അദ്ദേഹം ഉൾക്കൊള്ളുന്ന സമുദായം അന്നനുഭവിച്ചിരുന്ന അവശതകളും മർദ്ദനങ്ങളും അദ്ദേഹത്തിൻെറ കണ്ണു തുറപ്പിച്ചു. അവകളുടെ പരിഹാരത്തിനായിട്ടാണു് അദ്ദേഹം തൻെറ തൂലിക ആദ്യമായി ചലിപ്പിക്കാൻ തുടങ്ങിയതു്. ആ തൂലികാചലനം പിന്നീടു നമുക്കൊരുത്തമ സാഹിത്യകാരനെ പ്രദാനം ചെയ്വാനിടയായി.

ഒരു മുപ്പത്തഞ്ചു കൊല്ലത്തിനു മേലായിട്ടുണ്ടു് ഞങ്ങൾ തമ്മിൽ പരിചയമായിട്ടു്. ഞാനെൻെറ എളിയ സാമുദായികവും സാഹിത്യപരവുമായ ശ്രമങ്ങളുമായി "മിതവാദി"യിൽ കടന്നു പയററാൻ ആരംഭിച്ച കാലത്തുതന്നെ ശ്രീ. ഗോവിന്ദൻ മിതവാ

ദിയിലെ നല്ലൊരു 'പയററാശാ'നായി പേരെടുത്തുകഴിഞ്ഞിരുന്നു. അങ്ങിനെ മിതവാദി വഴിക്കാണ് ഞങ്ങൾ തമ്മിൽ പരിചയമായതും ഉത്തമ സുഹൃത്തുക്കളായി തീൎന്നതും. ഞങ്ങൾ തമ്മിൽ കത്തിടവാടുകൾ മൂലം പരിചയപ്പെട്ടുവെങ്കിലും, നേരിട്ടു മുഖപരിചയം ഇല്ലാതിരുന്നതിനാൽ അദ്ദേഹം കോഴിക്കോട്ടുനിന്നു തൻെറ സ്വദേശമായ 'കോതപറമ്പി'ലേക്കുള്ള യാത്രയിൽ പുതുക്കാട്ട് റെയിൽവെ സ്റ്റേഷനിൽ വെച്ച്, മുന്നറിയിപ്പോടുകൂടി, തീവണ്ടിമുറിയിൽ നിന്നു ടവൽ വീശി അടയാളം കാണിച്ചു ഞങ്ങൾ പരിചയപ്പെടുകയും, അതിനെത്തുടൎന്ന് അദ്ദേഹം തൻെറ ഒരു മടക്കയാത്രയിൽ എൻെറ വീട്ടിൽ വന്നു ആതിഥ്യം സ്വീകരിച്ചു രസകരമായി കഴിച്ചുകൂട്ടുകയും ചെയ്ത ആ സുദിനം ഞാനിന്നും ഓക്കുന്നു. ഒരു ജ്യേഷ്ഠസഹോദരനിൽനിന്നു ലഭിക്കാവുന്ന ഉപദേശങ്ങളും സ്നേഹവും, ഔദാൎയ്യവും അദ്ദേഹത്തിൽ നിന്നും അദ്ദേഹത്തിൻെറ കൃതികളിൽനിന്നും ആൎക്കും പ്രതീക്ഷിക്കാം. അദ്ദേഹത്തിൻെറ ലേഖനങ്ങളും പുസ്തകങ്ങളും മാത്രം വായിച്ചു പരിചയപ്പെട്ടിട്ടുള്ളവൎക്കുപോലും അദ്ദേഹത്തിൻെറ വിയോഗം മനോവ്യഥയുളവാക്കും. അപ്പോൾ സുഹൃത്തുക്കളുടെ കാൎയ്യം പറയേണമോ?

1896 ഫിബ്രുവരി 25-ാംനു- "അരയമ്പറമ്പിൽ" തറവാട്ടിൽ ജനിച്ച അദ്ദേഹം ഹൈസ്കൂൾ വിദ്യാഭ്യാസം കൊടുങ്ങല്ലൂരിലും കോളേജ് വിദ്യാഭ്യാസം പാലക്കാട്ടും മംഗലാപുരത്തുമായി നിൎവ്വഹിച്ചു. അക്കാലത്തു അവൎണ്ണഹിന്ദുക്കളും മററും സവൎണ്ണരിൽ നിന്നു അനുഭവിച്ചിരുന്ന അവശതകൾ അദ്ദേഹത്തേയും ബാധിച്ചിരുന്നു. അതദ്ദേഹത്തിൻെറ ഭാവി ജീവിതത്തിലെ പ്രവൎത്തനങ്ങൾക്കു ഉത്തേജനം നല്കിയിട്ടുണ്ട്. അദ്ദേഹം കുറെ കവിതകൾ എഴുതിയിട്ടുണ്ട്. സാമുദായികാസമത്വത്തെ സംബന്ധിച്ചു അദ്ദേഹം എഴുതിയിട്ടുള്ള "അടിതന്നെ മെച്ചം" ('സാഹിത്യവല്ലരി' യിൽ) എന്ന കവിത ജാതിയുടെ ഉച്ചനീചത്വങ്ങളെ ആസ്പദമാക്കിയുള്ളതാണ്. സാമുദായികമായും, അല്ലാതെയും അദ്ദേഹം

എഴുതിയിട്ടുള്ള കവിതകൾ വായനക്കാരെ ഉൽബുദ്ധരാക്കാൻ പററിയവയാണ്.

"മിതവാദി"യായിരുന്നു അദ്ദേഹത്തിൻെറ സാഹിത്യക്കളരി. മിതവാദി പത്രാധിപർ ശ്രീ. സി. കൃഷ്ണൻ വക്കീൽ വലിയ സമുദായ സ്നേഹിയും, സമുദായത്തിനുവേണ്ടി ധീരധീരം പോരാടിയ ഒരു ധർമ്മ ഭടനുമായിരുന്നു. അദ്ദേഹം പലരേയും പലവിധത്തിലും പ്രോത്സാഹനം നല്കി കർമ്മരംഗത്തിലേക്കിറക്കി വിട്ടിട്ടുണ്ട്. "സമുദായത്തിൻെറ അഭിവൃദ്ധി മാർഗ്ഗങ്ങൾ" എന്നു തുടങ്ങി പല പ്രബന്ധമത്സരങ്ങളും മിതവാദി ഇടക്കിടെ നടത്താറുണ്ട്. അവയിൽ പലതിലും ശ്രീ. ഗോവിന്ദൻ ഒന്നാം സമ്മാനത്തിന്നു അർഹനായി തീർന്നിരുന്നു. മിതവാദിയുടെ സഹപത്രാധിപർ സുപ്രസിദ്ധ കവി കോയാപ്പിള്ളി പരമേശ്വരക്കുറുപ്പും സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കാൻ പലതും ചെയ്തിട്ടുണ്ട്. ഉള്ളൂർ തുടങ്ങിയ മഹാകവികൾ കൂടി അന്നു മിതവാദിയിൽ സ്വൈരവിഹാരം ചെയ്തിരുന്നു. സമസ്യാപൂരണങ്ങൾ, കവിതയിലുള്ള വാദപ്രതിവാദങ്ങൾ എന്നിവ മിതവാദിയുടെ ഒരു പ്രത്യേകത തന്നെയായിരുന്നു.

മാതൃകക്കായി,

പക്ഷിക്കൂട്ടത്തിൽ നിങ്ങൾക്ക
പക്ഷമേറെയിയന്നിടും
പക്ഷിയൊന്നിനെ വർണ്ണിപ്പിൻ
ശിക്ഷയായ് മിതവാദിയിൽ

എന്നു ശ്രീ. മൂക്കോത്തു കുമാരൻെറ അഭ്യർത്ഥനയനുസരിച്ചു അന്നത്തെ കവികൾ എഴുതിയിട്ടുള്ള രസകരമായ കവിതകൾ വായനക്കാരെ കോൾമയിർ കൊള്ളിച്ചിട്ടുണ്ട്.

"തിയ്യയുവ സാഹിത്യകാരന്മാർ" എന്ന ലേഖനപരമ്പര "സാഹിത്യതല്പരൻ" എന്ന പേരിൽ ശ്രീ. ഗോവിന്ദൻ തുടച്ച്

യായി മിതവാദിയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ലേഖനത്തിൽ ലഘു ജീവചരിത്രക്കുറിപ്പും, എഴുതിയിട്ടുള്ള പുസ്തകങ്ങളെ പററിയുള്ള വിവരണവും, നിരൂപണവും മററും അടങ്ങിയിരുന്നു. ഈ പരമ്പരയിലെ ആദ്യത്തെ ലേഖനം ഇതെഴുതുന്ന ആളെക്കുറിച്ചായിരുന്നു. 1108 ചിങ്ങം 10-ാംനു-യാണ് ആ ലേഖനം പ്രസിദ്ധപ്പെടുത്തിയതു്. പിന്നീടു (വിദ്വാൻ) കെ. പ്രകാശം, കെ. എസ്. കെ. തളിക്കുളം, സി. എ. കിട്ടുണ്ണി തുടങ്ങി കൈവിരലിൽ എണ്ണാവുന്നത്ര യുവസാഹിത്യകാരന്മാരെ പററിയുള്ള ലേഖനങ്ങൾ പ്രസിദ്ധീകൃതങ്ങളായി. ആ പരമ്പരയുടെ അവസാനത്തിൽ ഞാൻ ശ്രീ. എ. സി. ഗോവിന്ദനെ പററിയും ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി.

ഞങ്ങൾ തമ്മിൽ പരിചയപ്പെട്ടതിന്നു ശേഷം ഞങ്ങളുടെ മൈത്രീബന്ധം ഒരു വാട്ടവും കൂടാതെ തഴച്ചു വളരുകയാണുണ്ടായതു്. അടുത്ത അവസരത്തിൽ അദ്ദേഹം അയച്ച അവസാനത്തെ കത്തു് ചില ചരിത്രസംഭവങ്ങൾ ഉൾക്കൊള്ളുന്നതാകകൊണ്ടു് ഇവിടെ പകർത്തുന്നതു അസ്ഥാനത്താകയില്ലെന്നു വിശ്വസിക്കുന്നു. 4—7—1965ൽ അദ്ദേഹം ഇങ്ങിനെ എഴുതി—

"സദയം അയച്ച പുസ്തകം (സരസകവി കുണ്ടനി ഗോവിന്ദനാശാൻ) കിട്ടി, വളരെ നന്ദി. നിങ്ങളെപ്പോലെ പഴക്കവും തഴക്കവും ചെന്ന ഒരു സാഹിത്യകാരൻ എഴുതിയ പുസ്തകത്തെ പററി ഞാൻ എന്തഭിപ്രായം പറയാനാണ്? എന്നാലും!

പുസ്തകം വളരെ നന്നായിട്ടുണ്ടു്. എന്നെപ്പോലെയുള്ള ഒരാൾക്ക പ്രസ്തുത ഗ്രന്ഥം കൂടുതൽ ആസ്വാദ്യമായി തോന്നാതിരിക്കയില്ല. കാരണം, എനിക്ക ഗോവിന്ദനാശാനെ അസ്സലായി അറിയാം. അദ്ദേഹത്തിന്റെ കൃതികൾ ഒട്ടുമുക്കാലും ഞാൻ വായിച്ചിട്ടുണ്ടു്........ 16-ാംപേജിൽ പറഞ്ഞ ആശാന്മാർ മൂന്നു

പേരും എനിക്കു സുപരിചിതരാണ്. അവരിൽ കൃഷ്ണനാശാൻ മാത്രമേ ജീവിച്ചിരിപ്പുള്ളു. കൊടുങ്ങല്ലൂരിലെ അക്കാലത്തെ സംസ്കൃത പഠനസമ്പ്രദായങ്ങളെ ശങ്കരനാശാൻതന്നെ പല അവസരങ്ങളിലും എനിക്കു വിവരിച്ചു തന്നിട്ടുണ്ട്. 1907 ജനുവരി 24–ാംനു- മുതൽ 1914 ജൂൺ 1–ാംനു- വരെ ഞാൻ കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ പഠിച്ചിട്ടുള്ള ആളാണ്. ആ നിലക്കു 17–ാംപേജിൽ പറഞ്ഞ തമ്പുരാക്കന്മാരെ കാണുവാൻ എനിക്കു ധാരാളം അവസരങ്ങളുണ്ടായിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പുസ്തകത്തിൽ എടുത്തു പറഞ്ഞിട്ടുള്ള പേരുകൾ അധികവും എനിക്കു കൂടുതൽ ആകർഷകമായ് തോന്നിയതിലത്ഭുതമില്ലല്ലോ .......ഞാൻ "കുട്ടികളുടെ നാരായണ ഗുരു" എന്ന ഒരു പുസ്തകം ഇപ്പോൾ എഴുതിവെച്ചിട്ടുണ്ട്............"

ശ്രീ. ഗോവിന്ദൻ ആദ്യമായി 1929ൽ "വിചാര വീഥി" പ്രസിദ്ധപ്പെടുത്തി. അതിനെത്തുടർന്നു സമ്പൽസമൃദ്ധി, വിദ്യാർത്ഥി, സാഹിത്യവല്ലരി, ജീവിത വിജയം, നിത്യജീവിതം, ജീവിത ശത്രുക്കൾ, കുട്ടികളുടെ ആശാൻ എന്നീ കൃതികളും വിവിധഘട്ടങ്ങളിലായി പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ 'സമ്പൽസമൃദ്ധി' കൊച്ചിയിലെ പാഠപുസ്തകമായി ഒരിക്കൽ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. ഗോവിന്ദൻെറ കൃതികൾ വെറുതെവായിച്ചു തള്ളിക്കളയാവുന്നവയല്ല; പഠിക്കുവാനും ചിന്തിക്കുവാനും ഉപകരിക്കുന്നവയാണ് അവയിൽ മിക്കതും.

ആദർശധീരനും, ഉൽപ്പതിഷ്ണുവും സ്നേഹസമ്പന്നനുമായ അദ്ദേഹത്തിൻെറ വേർപ്പാട് സമുദായത്തിനും സാഹിത്യത്തിനും ഒരു വലിയ നഷ്ടം തന്നെയാണ്.

★

# ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ.

ഇന്നു രാവിലെ 'മാതൃഭൂമി' (നവമ്പർ 18) കിട്ടിയ ഉടനെ കണ്ട ആ ദുഃഖവാർത്ത—ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായരുടെ അപ്രതീക്ഷിതമായ ചരമവാർത്ത—എന്നെ ശോകമൂകനാക്കി. കഴിഞ്ഞ കൊല്ലത്തിൽ പട്ടാമ്പിയിൽവെച്ച് അദ്ദേഹത്തിൻെറ ഷഷ്ടിപൂർത്തി ആഘോഷിച്ചപ്പോൾ 'ശതായുസ്സായിരിക്കട്ടെ' എന്നു അനേകം കണ്ഠങ്ങളിൽനിന്നു ആത്മാർത്ഥമായി ഉയൎന്ന ആശിസ്സുകൾ വിഫലമായിപ്പോയി!

കാൽനൂററാണ്ടിനു മുമ്പുതന്നെ 'ജി. കെ. എൻ' എന്ന നാമം എനിക്കു സുപരിചിതമായിരുന്നു. അദ്ദേഹത്തിൻെറ പുസ്തകനിരൂപണങ്ങൾ ഞാൻ ആദ്യംതൊട്ടേ ശ്രദ്ധാപൂർവ്വം വായിക്കാറുണ്ട്. മററു ചിലരുടെ പുസ്തകനിരൂപണങ്ങളേക്കാൾ അദ്ദേഹത്തിൻെറ നിരൂപണങ്ങൾക്ക് ഒരു പ്രത്യേകത എനിക്കു അനുഭവപ്പെട്ടിരുന്നു. ഒരു പൂന്തോട്ടത്തിൽ, സായംകാലത്തു ഉലാത്തുമ്പോഴുണ്ടാകുന്ന ആനന്ദവും സുഖവും അദ്ദേഹത്തിൻെറ നിരൂപണങ്ങളും ലേഖനങ്ങളുംവായിക്കുമ്പോൾ അനുഭവപ്പെടാറുണ്ട്. നിരൂപകന്മാർ മിക്ക സാഹിത്യകാരന്മാരുടേയും 'പേടിസ്വപ്ന'മായിട്ടാണ് കണ്ടുവരുന്നതു്. ചില സാഹിത്യകാരന്മാരെ കൊല്ലാതെ കൊന്നിട്ടുള്ള നിരൂപകന്മാർ നമ്മുടെ നാട്ടിൽ വിരളമല്ല. തന്മൂലം സാഹിത്യനിരൂപകൻ എന്നു കേട്ടാൽ സംഹാരരുദ്രനെപ്പോലെ ഒരു 'മൂർത്തി'യാണ് സാധാരണക്കാരുടെ മനസ്സിൽ ഉദയംകൊള്ളുക. അതിനൊരു മാററം വരുത്തിയതു് ജി. കെ. എൻ. എന്ന തൃക്കരിയാണ്. ശാന്തനും, സുമനസ്സനും, പണ്ഡിതവരേണ്യനുമായ അദ്ദേഹം ആയുഷ്കാലത്തിൽ ഏറിയകൂറും സാഹിത്യ തത്വങ്ങളേയും ജീവിതമൂല്യങ്ങളേയും അപഗ്രഥിക്കുവാൻവേണ്ടി ചിലവഴിച്ചു.

സ്ഥാനത്യാഗംചെയ്ത കൊച്ചി മഹാരാജാവിൻെറ സ്മാരകമായി കുടമാളൂർ ഗോപാലപിള്ള തൃശ്ശൂർനിന്നും 'രാജർഷി' എന്ന മാസിക നടത്തിയിരുന്നപ്പോഠം അതിൽ തുടച്ചയായി എഴുതിയിരുന്ന ഗോവിന്ദൻകുട്ടി നായരെപററി ബഹുമാനത്തോടുകൂടി പത്രാധിപർ എന്നോടു പറഞ്ഞിട്ടുള്ളതിനെ ആസ്പദിച്ചാണ് എനിക്കു ഗോവിന്ദൻകുട്ടിനായരിൽ പ്രത്യേകം ആദരവു അങ്കുരിച്ചതു്. പിന്നീട് ആ ആദരവു കൊഴുത്തുതളിർത്തു പുഷ്പിക്കാനുമിടയായി' കാലം പിന്നേയും കഴിഞ്ഞുപോയി. 1947ൽ ഞാൻ 'ചിത്രഭാനു. മാസിക ആരംഭിച്ചു. ഒരു ലേഖനത്തിനായി ഞാൻ ആദ്യമായി ഗോവിന്ദൻകുട്ടിനായർക്കൊരു കത്തയച്ചു. നേരിട്ടൊരു പരിചയവുമില്ലാതിരുന്ന അദ്ദേഹം ഒരാഴ്ചക്കകം സാഹിത്യപരമായ ഒരു ലേഖനം അയച്ചുതന്നു. അതോടുകൂടി സ്നേഹമസൃണമായ ഒരു കത്തും—അതിൽ പത്രധർമ്മത്തെക്കുറിച്ചും, പത്രാധിപർ ആദർശനിഷ്ഠയോടുകൂടി പെരുമാറേണ്ടതിൻെറ ആവശ്യകതയെ പററിയും ഉപദേശരൂപേണയുള്ള സൂചനകഠം അടങ്ങിയിരുന്നു അദ്ദേഹത്തിൻെറ വിലയേറിയ ഉപദേശങ്ങഠം ഞാൻ കഴിയുന്നതും നിറവേററിയിട്ടുണ്ടെന്നു തന്നെയാണ് എൻെറ വിശ്വാസം. അദ്ദേഹംതന്നെ അക്കാര്യത്തെ പരാമർശിച്ചു ഒരു ലേഖനത്തിൽ അതു സൂചിപ്പിച്ചിട്ടുമുണ്ട്.

ഞങ്ങഠം തമ്മിൽ നേരിട്ടു പരിചയമാവാനിടയായതു് തൃശ്ശൂർ സാഹിത്യ അക്കാദമി വാർഷികയോഗത്തോടനുബന്ധിച്ചാണ്. ആ പരിചയപ്പെടലിനെപ്പററിയും മററും അദ്ദേഹം തന്നെ ഒരു ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക:—

"മൂന്നു നാലുകൊല്ലംമുമ്പാണ് കൊല്ലം, മാസം, തിയ്യതി ഇതൊന്നും കൃത്യമായി ഓർക്കുന്നില്ല. കേരള സാഹിത്യ അക്കാദമി വിളിച്ചുകൂട്ടിയ ഒരു സമ്മേളനത്തിൽ പ്രസംഗിപ്പാൻ വേണ്ടി ഞാൻ തൃശ്ശൂരിൽ പോയതായിരുന്നു. ഒരുമണിക്കൂ മുമ്പു് സമ്മേ

ളനം അവസാനിച്ചു. ഉച്ചഭക്ഷണം കഴിക്കാമെന്നു കരുതി അടുത്തുള്ള ഒരു ഹോട്ടലിൽ കയറി. സമ്മേളനസ്ഥലത്തിനടുത്തായതുകൊണ്ടു് വല്ലാത്ത തിരക്കു്. ബസ്സിനു അധികം സമയമില്ലാത്തതുകൊണ്ടു് ആ ബഹളത്തിൽ തന്നെ ഊണുകഴിപ്പാൻ ഞാനും തീരുമാനിച്ചു. ഹോട്ടലിൽ സ്ഥലംപിടിച്ചപ്പോഴാണു് ഹ്രസ്വകായനെങ്കിലും പ്രഥമവീക്ഷണത്തിൽ തന്നെ അഭിജാതനും പരിഷ്കൃതവേഷധാരിയുമായ ഒരു മദ്ധ്യവയസ്കൻ എനിക്കു അഭിമുഖമായി കിടന്നിരുന്ന കസാലയിൽ ഇരുന്നു ഇടക്കിടെ എന്നെ സൂക്ഷിച്ചു നോക്കുന്നതു് കണ്ടതു്. യോഗസ്ഥലത്തുവെച്ചു കണ്ട പരിചയമാവാം ആ അടുപ്പത്തിന്റെ പിന്നിലെന്നു ഞാൻ സമാധാനിച്ചു. 'എന്താ വല്ലാത്ത തിരക്കു്—അടുത്ത ബസ്സിനുതന്നെ പോകുന്നുണ്ടോ'? എന്നു ആ മാന്യൻ പരിചയത്തെ പുതുക്കി പ്രകാശിപ്പിച്ചു. "വല്ലാത്ത തിരക്കു്! ഞാൻ അടുത്ത ബസ്സിനുതന്നെ സ്ഥലം വിടുന്നു. അപ്പോൾ നിങ്ങൾ?" ഞാൻ സംശയരൂപത്തിൽ ചോദിച്ചു. പട്ടാമ്പിവഴിക്കുള്ള യാത്രക്കാരനാണെങ്കിൽ ബസ്സിനെ സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ ചോദിച്ചറിയാമല്ലോ എന്നായിരുന്നു എന്റെ ഉദ്ദേശ്യം. എന്റെ ഇംഗിതം അദ്ദേഹം മനസ്സിലാക്കിയോ എന്തോ! അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടു കൂടി പറഞ്ഞു. 'ഞാൻ പുതുക്കോട്ടേക്കാണു്. കെ. ആർ. ഭാസ്കരൻ.'

കെ. ആർ. ഭാസ്കരൻ എന്ന പേരുകേട്ടപ്പോൾ ഞാൻ ആകെയൊന്നു അമ്പരന്നു. നൈമിഷികമായ ഈ പരിചയമല്ല ചുരുങ്ങിയ മുപ്പതുകൊല്ലത്തെ അടുത്ത പരിചയമുണ്ടു് ആ പേരിന്റെ പിന്നിൽ. അദ്ദേഹം 'ചിത്രഭാനു'നടത്തിയിരുന്ന കാലം മുതല്ക്കേ എനിക്കു പരിചിതനാണു്. ചിത്രഭാനുവും ഞാനുമായി വളരെ അടുപ്പത്തിലായിരുന്നു. ഈ പരിചയം എങ്ങിനെ ഉണ്ടായി എന്നു എനിക്കു അറിഞ്ഞുകൂടാ. ഒരുപക്ഷെ, 'രാജർഷി' പത്രാധിപർ കുടമാളൂർ ഗോപാലപിള്ളവഴിക്കോ 'സദ്ഗുരു' പത്രാധിപർ

കുപ്പക്കാട്ട ഗോവിന്ദമേനോൻവഴിക്കോ ആയിരിക്കാം. ഞാൻ അക്കാലത്തു ആ മാസികകളിൽ പതിവായി എഴുതാറുണ്ടായിരുന്നു.

'ചിത്രഭാനു'വിനെപ്പററി ഏററവും നല്ല, ആകർഷകമായ, സ്മരണാചിത്രങ്ങളാണ് എനിക്കു നിവത്തിക്കാണിപ്പാനുള്ളത്. വളരെ ത്യാഗങ്ങളും ക്ലേശങ്ങളും അനുഭവിച്ചായിരുന്നു മി. ഭാസ്കരൻ അതു് നടത്തിപ്പോന്നിരുന്നതു്. പത്രപ്രവത്തനം സ്വാത്ഥലാഭങ്ങഠംക്കായുപയോഗിച്ചിരുന്ന പാരമ്പര്യം അന്നും മലയാളത്തിൽനിന്നു വിട്ടുപോയിരുന്നില്ല. എന്നാൽ ചിത്രഭാനുവിനെ അഭിജാതവും ആദശ്ശുദ്ധവുമായ പന്ഥാവിൽനിന്നു അണുപോലും പിഴക്കാതെ നടത്തികൊണ്ടു പോരുവാൻ ഭാസ്കരനു സാധിച്ചു. ശുദ്ധസാഹിത്യരസികന്മാരുടെയല്ലാതെ രാഷ്ട്രീയപ്പാർട്ടികളുടെയോ ക്ലിക്കുകളുടെയോ പിൻതുണ അതിനുണ്ടായിരുന്നില്ല. ചിത്രഭാനുവുമായി സഹകരിക്കുന്നവർ തന്നെപ്പോലെ ആദർശസമ്പന്നരായിരിക്കണമെന്നു മി. ഭാസ്കരനു് നിഷ്കർഷയുണ്ടു്. അതുതന്നെയാണ് മാസികയുടെ നടത്തിപ്പിൽ അദ്ദേഹത്തിനു അസാമാന്യമായ ക്ലേശങ്ങഠം അനുഭവിക്കേണ്ടി വന്നതും. കേരളത്തിൽ അങ്ങുന്നിങ്ങോളമുള്ള നല്ല എഴുത്തുകാരെ കൂട്ടിയിണക്കുവാൻ നമ്മുടെ പത്രാധിപക്കു കഴിഞ്ഞു. ശ്രീനാരായണാദർശങ്ങളിൽ അടിയുറച്ചുനിന്നതാണ് മി. ഭാസ്കരൻെറ വിജയത്തിൻെറ അടിസ്ഥാനമെന്നു ഞാൻ വിശ്വസിക്കുന്നു.''

കുറെ കൊല്ലങ്ങഠംക്കുമുമ്പു് സ്ഥാപിക്കപ്പെട്ട 'പുതുക്കാട്ട്' ജേർണ്ണലിസ്റ്റ്സ് അസോസിയേഷൻെറ പ്രസിഡണ്ടായ എൻെറ ഷഷ്ട്യബ്ദപൂർത്തി (18-12-1966) പ്രമാണിച്ചു അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ഒരു സൂവനീർ പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചതനുസരിച്ചു എക്സ്പ്രസ്സ് പത്രാധിപസമിതിയിലെ ഒരംഗവും, അസോസിയേഷൻ സൂവനീർ കമ്മററി സിക്രട്ടറിയുമായ പി. കെ. ആര്യൻനമ്പൂതിരി ഗോവിന്ദൻകുട്ടിനായക്ക് ഒരു

ലേഖനം ആവശ്യപ്പെട്ടുകൊണ്ടു് അടുത്ത ദിവസം ഒരു കത്തയച്ചു. അദ്ദേഹം ഉടനെതന്നെ ഒരു ലേഖനം അയച്ചുകൊടുക്കുകയും ചെയ്തു. അതോടുകൂടി താഴെ ചേക്കുന്ന ഒരു കത്തും (അവസാനത്തെ കത്തു്) അദ്ദേഹം എനിക്കും അയച്ചുതന്നു.

പെരുമുടിയൂർ,
7-11-'66

പ്രിയപ്പെട്ട ഭാസ്കരൻ,

ലേഖനം മി. ആര്യൻനമ്പൂതിരിയുടെ പേക്കു് എക്സ്പ്രസ്സ് ആപ്പീസിലേക്കു് അയച്ചിട്ടുണ്ടു്. അതു അവിടെ കിട്ടിക്കാണണം. താങ്കളുടെ സാഹിത്യപരിശ്രമങ്ങളെപ്പററി അതിൽ സാമാന്യേന സ്പർശിച്ചിട്ടുണ്ടു്.. വിശദാംശങ്ങളിലേക്കു പ്രവേശിച്ചിട്ടില്ലെന്നു മാത്രം. നാം തമ്മിലുള്ള മുഖപരിചയത്തിൻെറ സ്മരണയോടുകൂടിയാണു് ലേഖനം ആരംഭിക്കുന്നതു്. ചിത്രഭാനുവുമായുള്ള പരിചയം അനുസ്മരിച്ചിരിക്കുന്നു. മി. ആര്യൻനമ്പൂതിരി ലേഖനം കിട്ടിയ വിവരത്തിനു താങ്കൾക്കെഴുതിയിരിക്കുമെന്നു കരുതുന്നു. വേറെ വിശേഷങ്ങൾ ഒന്നുമില്ല.

എന്നു്,
ഗോവിന്ദൻകുട്ടിനായർ.

നോക്കുക! അദ്ദേഹത്തിൻെറ വിനയവും, കൃത്യനിഷ്ഠയും, സുഹൃത്തുക്കളോടുള്ള സ്നേഹവാത്സല്യം. ആധുനിക മലയാളസാഹിത്യം, വിചാരദീപ്തി, രൂപരേഖ, ഖണ്ഡാപഥം വിശദകാന്തി, കാവ്യാസ്വാദനം, ഭാഷയും ഗവേഷണവും തുടങ്ങിയവയാണു് അദ്ദേഹത്തിൻെറ കൃതികൾ. ഭാര്യ ശ്രീദേവി അമ്മയും, മൂന്നു പുത്രിമാരും, രണ്ടുപുത്രന്മാരുമാണു് അദ്ദേഹത്തിനുള്ളതു്. സൌഹൃദം കവിഞ്ഞൊഴുകുന്ന ആ ജീവിതം നമുക്കെന്നെന്നേക്കുമായി നഷ്ടപ്പെട്ടു.

—*—

# സാഹിത്യതിലകൻ
# ഫാദർ സി. കെ. മററം.

ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായരുടെ അകാലചരമത്തെത്തുടൎന്നു മൂന്നാംദിവസം മറെറാരു സാഹിത്യകോവിദൻെറ—ഫാദർ സി. കെ. മററത്തിൻെറ—മരണവാൎത്ത കേൾക്കാനിടയായതിൽ അതീവ ദുഃഖിക്കുന്നു. അദ്ദേഹത്തിന്നു മരിക്കുമ്പോൾ 79 വയസ്സ് പ്രായമായിട്ടുണ്ട്. സാഹിത്യപരിഷത്തിൻെറ ഒരു പ്രമുഖഭാരവാഹിയായിരുന്നു അദ്ദേഹം. കേരളസാഹിത്യ അക്കാദമിയുടെ ആരംഭംതൊട്ടു മരണംവരെ അദ്ദേഹം അതിൻെറ ജനറൽ കൌൺസിൽ അംഗമായിരുന്നു.

1914 മുതല്ക്കു് മററത്തിൽ കുര്യൻ കത്തനാർ (അതായിരുന്നു അദ്ദേഹത്തിൻെറ പേർ) സാഹിത്യസേവനം ആരംഭിച്ചു. ജീവചരിത്രം, ആത്മകഥ, പ്രബന്ധം, ചെറുകഥ, നിരൂപണം, സഞ്ചാരസാഹിത്യം തുടങ്ങിയ ശാഖകളിൽ അദ്ദേഹം ഇരുപതിലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ചിത്രവേദി, അജ്ഞാതസ്ഥപാതിരി, പൂവും കായും, സാഹിത്യസുധ, മഹാപിതാ, ക്രിസ്തുഭഗവാൻ, ഉപന്യാസ പ്രകാശിക, ഗുരുഗീത, കരയുന്ന മതിൽ, സ്മരൺകിരണങ്ങൾ, ഇരുളും വെളിച്ചവും, കാളിദാസ മഹാകവി, നിരൂപണസാഹിത്യം, ബാലസാഹിത്യം, വിമർശനവിഹാരം, മനുഷ്യജന്മം, മാതൃകായുവാവു്, യേശുക്രിസ്തു, സന്മാതൃകാഫലം, പരിത്യാഗപരമകാഷ്ഠ, ബൈബിൾ പരിഭാഷ മുതലായവയാണു് അദ്ദേഹത്തിൻെറ കൃതികൾ. അദ്ദേഹം 4 ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ കൂടി രചിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ടെക്സ്ററ് ബുക്കു കമ്മററി മെമ്പർ, സൎവ്വകലാശാലപരീക്ഷകൻ, കലാമണ്ഡലം ഭരണസമിതിയംഗം എന്നിങ്ങിനെ പല നിലകളിലും അദ്ദേഹം സേവനമനുഷ്ഠിക്കയുണ്ടായി.

ആത്മപോഷിണി, മദ്ധ്യസ്ഥൻ, കമ്മലകസുമം, എന്നീ മാസികകളുടേയും, നസ്രാണി 'ദീപിക' പത്രത്തിൻേറയും പത്രാധിപത്യം അദ്ദേഹം ഓരോ അവസരങ്ങളിലായി വഹിക്കയുണ്ടായിട്ടുണ്ടു്.

പരേതൻെറ മഹത്വത്തെപ്പററി സുപ്രസിദ്ധ പണ്ഡിതന്മാരായ ശ്രീമാന്മാർ ശൂരനാട്ടു് കുഞ്ഞൻപിള്ളയും എൻ. ഗോപാലപിള്ളയും മുമ്പൊരിക്കൽ ഓരോ നിമിഷശ്ലോകങ്ങളെഴുതി ശ്ലാഘിക്കയുണ്ടായി. ദ്രുതകവിതാശകലങ്ങളാണെങ്കിലും അവയും കൊള്ളുന്ന ആശയത്തോട്ടു് ഈ ലേഖകനും പൂർണ്ണയോജിപ്പാണുള്ളതു്. ആ ശ്ലോകങ്ങൾ ഈ ലേഖനത്തിൽ ഉദ്ധരിക്കുന്നതു അവസരോചിതമായിരിക്കുമെന്നു കരുതുന്നു.

മററൊന്നും പറയാനില്ലീ
മററം മാറേററിട്ടും മഹാൻ
മററ വൈദികരാർക്കുണ്ടീ
മുററം സാഹിത്യവൈഭവം?

(ശൂരനാട്ടു് കുഞ്ഞൻപിള്ള)

പിത്രേ മററയശോഭർത്രേ
കർത്രേ കല്യാണകന്മാണാം
ക്രിസ്തുവേദ വിവത്ത്സ്യ
വിധാത്രേ തേ നമോ നമഃ

(എൻ. ഗോപാലപിള്ള)

1946ൽ ഞാൻ 'ആചാരമയ്യാദകൾ' പ്രസിദ്ധപ്പെടുത്തിയ ഉടനെ അതിൻെറ ഒരു കോപ്പി വി. പി. അയക്കാനായി അദ്ദേഹം എനിക്കെഴുതി. പുസ്തകം വി. പി. ആയി അയക്കാതെ അദ്ദേഹത്തിനു അഭിപ്രായത്തിന്നായി ഒരു കത്തോടുകൂടി അയക്കുകയും, അദ്ദേഹം അതു വായിച്ചു അഭിപ്രായവും, സാഹിത്യപരമായ ചില ഉപദേശങ്ങളും നല്കി എന്നെ അനുഗ്രഹിക്കുകയും ഉണ്ടായി. യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. അതേ സമയംതന്നെ അവർ നേർവഴിക്കു തിരിയണമെന്നും അദ്ദേഹത്തിന്നു നിർബ്ബന്ധമായിരുന്നു. ഉന്നതമായ ആദർശത്തെ മുൻനിർത്തിയായിരിക്കണം സാ

ഹിത്യകാരന്മാരുടെ പരിപാടികൾ തുടരേണ്ടതു എന്നു അദ്ദേഹം പറയാറുണ്ട്.

ഞങ്ങൾതമ്മിൽ മുഖപരിചയമായതു് നാലഞ്ചുകൊല്ലംമുമ്പു നടന്ന സാഹിത്യ അക്കാദമി സമ്മേളനത്തിൽവെച്ചാണ്. അതിൽ പിന്നീടു രണ്ടോ മൂന്നോ തവണകൂടി അക്കാദമി സമ്മേളനാവസരങ്ങളിൽ ഞങ്ങൾ തമ്മിൽ കണ്ടുമുട്ടുവാനും, സംഭാഷണം ചെയ്യാനും ഇടയായിട്ടുണ്ട്. സൌമ്യതയും, വിനയവും സ്നേഹവും അദ്ദേഹത്തിൻെറ കൂടപ്പിറപ്പുകളാണ്. നർമ്മബോധവും അസാധാരണമായ വിമർശന ബുദ്ധിയും അദ്ദേഹത്തിൻെറ കൃതികളിൽ തിളങ്ങിക്കാണാം.

എൻെറ ഷഷ്ട്യബ്ദപൂർത്തി സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തുവാൻ പോകുന്ന സൂവനീറിലേക്കുവേണ്ടി സൂവനീർ കമ്മററി സിക്രട്ടറിക്കു അദ്ദേഹം നവമ്പർ 13–ാംനു- അയച്ച ഒരു കത്തിൽ എൻെറ 'മുത്തുമാല' അയച്ചു കിട്ടിയാൽ കൊള്ളാമെന്നു എഴുതിയതനുസരിച്ചു ഞാൻ അയച്ചു കൊടുക്കുകയുണ്ടായി. എന്നാൽ എൻെറ കത്തും പുസ്തകവും അവിടെ കിട്ടുന്നതിനു മുമ്പുതന്നെ നവമ്പർ 15–ാംനു- എഴുതിയ 'ഒരാശംസ' സിക്രട്ടറിക്കയച്ചു കിട്ടി. ആ പുസ്തകംകൂടി വായിച്ചുനോക്കിയതിനുശേഷം ലേഖനം എഴുതാമെന്നു കരുതിയിട്ടാണ് അദ്ദേഹം കത്തെഴുതിയതു്. പക്ഷെ അങ്ങിനെ ചെയ്തിരുന്നെങ്കിൽ ഒന്നും എഴുതി അയക്കാൻ അദ്ദേഹത്തിനു തരപ്പെടുമായിരുന്നില്ല. കൂടാതെ "........അവരുടെ അനുമോദനങ്ങളിൽ ഞാനുംകൂടി ആത്മീയസാന്നിദ്ധ്യം മുഖേന സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നു" എന്നു എഴുതിയിരിക്കുന്നു.

ഇതുകളുടെയെല്ലാം വെളിച്ചത്തിൽ അദ്ദേഹത്തിൻെറ അന്ത്യനിമിഷം അടുത്തു എന്നു അദ്ദേഹത്തിനു ഒരു തോന്നലുണ്ടായോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതെന്തായാലും ആ പുണ്യാത്മാവു പെട്ടെന്നു നിത്യനിർവൃതിയണഞ്ഞു.

# കെ. ആർ. ഭാസ്ക്കരൻെറ കൃതികൾ.

## ചില അഭിപ്രായങ്ങൾ.

---

## 1. ധീരവനിത 0_37.

ഉത്സാഹത്തോടും ആഹ്ളാദത്തോടും കൂടിത്തന്നെ ഞാൻ വായിച്ചു. ഇദംപ്രഥമമായിട്ടാണ് കേരളത്തിൻെറ പൂർവ്വാപദാനങ്ങളെ പരാമർശിക്കുന്ന ലഘുകൃതി ഗദ്യരൂപമായുണ്ടാകുന്നതെന്നു തോന്നുന്നു. സാഹിത്യപരിശ്രമങ്ങളിൽ സർവ്വപ്രഥമമായ വിജയം ആശംസിക്കുവാൻ ഉള്ള ഒരു ഹൃദയം മാത്രമേ എനിക്കുള്ളൂ.

ഒന്നുകൂടി നിങ്ങളുടെ ചിന്തക്കു വിഷയമായാൽ നന്നു. ഉചിതമാണെന്നു തോന്നുന്ന ഭേദഗതികൾ ചെയ്യാൻ കഥകൾ എഴുതുമ്പോൾ ശ്രദ്ധിക്കുന്നതു് സ്തുത്യർഹമായിരിക്കും. 'മാതു' ആത്മത്യാഗം ചെയ്തിരുന്നെങ്കിൽ 'ധീരവനിത'ക്കു ഒരു മാററുകൂടി കൂട്ടമായിരുന്നില്ലേ? അമ്മയ്ക്കു് പശ്ചാത്താപത്തിനു അവസരവും ലഭിക്കും. എന്നാൽ നായിക സർവ്വഥാ സുചരിത്രയാകുമായിരുന്നു. ഏതാദൃശമായ സാഹിത്യപരിശ്രമം തുടൎന്നു കാണുവാനാഗ്രഹിക്കുന്നു.

**മഹാകവി ജി. ശങ്കരക്കുറുപ്പ്.**

2. അവൾ ഒരു വെറും കല്പിതകഥാപാത്രമല്ലെന്നും, ഒരു യഥാർത്ഥചരിത്രജീവിയാണെന്നും നാം ഓൎക്കണം. പുരാണകേരളത്തിലെ യഥാർത്ഥജീവിതത്തിൻെറ ഒരേടിനെയാണ് മാതുക്കുട്ടി കുറിക്കുന്നതു്. ഈ നിലയിൽ മാതുവിൻെറ ചരിതംകൊണ്ടു് നമുക്കു അഭിമാനത്തിനേ വഴിയുമുള്ളു.

പരിഷ്കൃതകാപട്യങ്ങളാൽ സ്പർശിക്കപ്പെടാത്ത പണ്ടത്തെ ആളുകളുടെ യഥാപ്രകൃതമായ ഇണക്കങ്ങളേയും പിണക്കങ്ങളേയും, സന്തോഷങ്ങളേയും, സന്താപങ്ങളേയും, തറവാടിത്തത്തേയും കഥാകെട്ടതികളേയുമെല്ലാം പണ്ഡിതപാമരന്മാക്ക് ആസകലം ഹൃദയാകർഷകമാംവണ്ണം തന്മയത്വത്തോടെ അനാഡംബരമായി പഴയ നാടൻഭാഷയിൽ പാടിയിരിക്കുന്ന ഇത്തരം ഗ്രാമീണകവനങ്ങളെ വിമർശനരീത്യാ സങ്കലനംചെയ്തു പ്രകാശിപ്പിക്കുന്നതു കേരളചരിത്രത്തിന്നു അഭിമാനകരമായ ഒരു സാഹിതീസേവനമാണ്. ഈ വഴിക്കു ശ്രീമാൻ ഭാസ്കരൻെറ ശ്രമത്തെ ഇവിടെ അഭിനന്ദിച്ചുകൊള്ളുന്നു.

**മാതൃഭൂമി, കോഴിക്കോട്.**

3. ഉത്സാഹിയും സ്വരാജ്യാഭിമാനിയുമായ ശ്രീ. കെ. ആർ. ഭാസ്കരനെപ്പോലുള്ള ഇത്തരം ചെറുപ്പക്കാരുടെ കയ്യിലേക്കു കടക്കുമ്പോൾ ഏതാണ്ട് നഷ്ടപ്രായങ്ങളായ വടക്കൻപാട്ടുകളിലും ഒരു പുതിയ ജീവനും ഉണർവും വന്നുകാണുന്നുണ്ട്. മലയാളത്തിൻെറ ഭാവിയിൽ ഇങ്ങിനെയുള്ള ഗ്രന്ഥങ്ങളുടെ രൂപങ്ങൾ നിഴലിക്കാതിരിക്കയില്ലെന്നാണ് എൻെറ വിശ്വാസം.

**നാലപ്പാട്ട് നാരായണമേനോൻ.**

'ഗദ്യാനുബന്ധരസമിശ്രിതപദ്യസൂക്തി'യായ ഈ കൊച്ചുപുസ്തകം, ധീരതയും ധീവാസ്യം തികഞ്ഞ ആ ചേകവബാലികയെപ്പോലെയും, താരും തളിരും ഇടകലർന്ന പൂമാലികപോലെയും കേരളാവനിയെ അഭിമാനപ്പെടുത്തുകയും ആനന്ദിപ്പിക്കയും ചെയ്യുമാറാകട്ടെ!

**കുട്ടികൃഷ്ണമാരാർ.**

This is an easy prose-rendering of one of the nice little ballads of old Malabar setting forth the exploits of a brave Malayali Heroine. The interest of the narration is appreciably

enhanced by the quotations introduced appropriately from, the original ballad. Mr. Pallath Raman's Introduction written in a sort of beautiful poetic prose is a real ornament to this tiny volume.

P. SANKARAN NAMBIYAR M. A.
(Maha Raja's College Magazine)

## 2. വീരതരുണി. 0_75

1. നിങ്ങൾ ദയാപൂർവ്വമയച്ച ഒരു വീരതരുണി എന്ന ചരിത്രപ്രബന്ധം ഇന്നലെ ഞാൻ സകൌതുകം വായിച്ചു. ഈ വക പഴംകഥകൾ ശേഖരിച്ച് വെക്കുന്നത് ചരിത്രാന്വേഷികൾക്കുപകാരപ്പെടുന്നതാകയാൽ നിങ്ങളുടെ ശ്രമം അഭിനന്ദനീയം തന്നെ.

**മഹാകവി വള്ളത്തോൾ**

2. ദേശാഭിമാനത്തിന്റെ കാഹളംവിളിപോലെയുള്ള ഇത്തരം പഴംപാട്ടുകൾ, മുതുകത്തു മുറിവേററവരെ മുന്നണിയിലേക്കു തള്ളിവിട്ട് ഉയിരും ഉണർച്ചയും കോരിയൊഴിക്കുന്നവയാണ്. നമ്മുടെ മഹാകവിയുടെ ദേശീയകവനങ്ങൾ തളന്ന ഞരമ്പുകളിൽ എത്രമാത്രം പുതുചൈതന്യം പുലത്തുന്നുണ്ടെന്നു് എടുത്തുപറയേണ്ട ആവശ്യമില്ല. ഈ ഗ്രാമീണകവിയുടെ പഴംപാട്ടുകൾക്കോ അതിലും പതിന്മടങ്ങു ഉത്തേജനശക്തിയുണ്ടു്. ശ്രീ ഭാസ്കരന്റെ ഒഴുക്കും ഓജസ്സുമുള്ള വിമർശരീതികൊണ്ടു് അതിന്റെ ആസ്വാദ്യതക്കു് അളവില്ല. ഇത്തരം സമുദായാഭിമാനപ്രേരിതമായ പരിശ്രമങ്ങളെ, പൌരോഭാഗ്യക്കണ്ണടവച്ചു് നോക്കാറുള്ളവരൊഴികെ, എല്ലാവരും അഭിനന്ദിക്കാതിരിക്കയില്ല.

**മഹാകവി പള്ളത്തു രാമൻ.**

.........Mr. K. R. Bhaskaran deserves our special thanks for having brought out one such ballad at least in a fairly proper form with his lucid explanatory notes here and there.

THE MODERN REVIEW, CALCUTTA.

......Mr. Bhaskaran's venture is really praise-worthy as it is time that we knew something about our real heroes and heroines who once had their being in our mother country and moulded its life and histroy instead of about mythical heroes. Our ballads afford a rich repast to our literary curiosity although it is to be regretted that our modern equipment hardly enables us to appreciate them in their pristine form. Mr. Bhaskaran's attempt will, we are sure, open our eyes to this vast inexhaustible Store.

CHELNAT ACHUTHA MENON, HINDU, MADRAS.

## 3. രാജകേസരി. 0_25.

നിങ്ങൾ സ്നേഹപുരസ്സരം അയച്ച കത്തും ധീരവനിത, വീരതരുണി, രാജകേസരി, ശിവലിംഗസ്വാമികൾ എന്നീ പുസ്തകങ്ങളും യഥാകാലം കിട്ടി കൃതജ്ഞത പറയുന്നു. നിങ്ങളുടെ പുസ്തകപ്രസിദ്ധീകരണപ്രസ്ഥാനരീതി ഭാഷയേയും സമുദായത്തേയും നാട്ടിനേയും നന്നാക്കുന്നമാതിരിയിലാണെന്നു ഞാൻ പറയുന്നതു് തെല്ലും അതിശയോക്തിയായി നിങ്ങൾ ഗണിക്കരുതു്. പുസ്തകങ്ങൾ ഞാൻ സമഗ്രമായി വായിച്ചിട്ടു് പറയുന്ന അഭിപ്രായമാണിതു്. രാജകേസരിക്കു ശക്തൻതമ്പുരാൻ എന്നു പേരു കൊടുത്തിരുന്നുവെങ്കിൽ കുറെക്കൂടി ജനാകർഷകമായിട്ടിരിക്കുമായിരുന്നു.

**സരസകവി മൂലൂർ പത്മനാഭപണിക്കർ.**

കൊച്ചുകുട്ടികൾക്കുപോലും വായിച്ചു മനസ്സിലാക്കത്തക്കവിധത്തിൽ അത്ര ലളിതമായ ഭാഷയിലാണ് ഈ പുസ്തകത്തിൻെറ രചന. തങ്ങളുടെ കുട്ടികൾ സന്മാർഗ്ഗികളായും, ദീനാനുകമ്പയുള്ളവരായും, പരോപകാരതല്പരരായും കാണണമെന്നു ആഗ്രഹിക്കുന്ന മാതാപിതാക്കൾ മി. ഭാസ്കരൻെറ ഈ ചെറുഗ്രന്ഥത്തെ വാങ്ങിക്കൊടുക്കുന്നതു നന്നായിരിക്കും. പ്രാഥമിക വിദ്യാലയങ്ങളിൽ ഇതിനെ ഒരു പാഠപുസ്തകമാക്കിയാലും തരക്കേടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

**സിലോൺ മലയാളി, കൊളമ്പ്.**

........തമ്പുരാൻെറ ദീനാനുകമ്പയും, നിർദ്ധനയായ അന്തർജ്ജനത്തിൻെറ അതിഥിസല്ക്കാരപ്രിയവും ഈ ഗ്രന്ഥംമൂലം ഭംഗിയായി വെളിപ്പെടുത്തിയിട്ടുണ്ട്. ഇതിലെ ഭാഷയും വളരെ ലളിതമായിരിക്കുന്നു.

**ഗജകേസരി, തലശ്ശേരി.**

The story is simple and the language in which it is told is surprisingly simple. The author must be congratulated on the choice and treatment of the subject. This one episode in the life of the great king re-ceates for us those days more beautifully than any convention al history of the period.

N. S. VENGUSWAMI M. A. (West Coast Review)

## 4. ശിവലിംഗസ്വാമികൾ. 1_00.

ഇവകളിലെല്ലാംകൊണ്ടും
ശിവലിംഗസ്വാമി തൻെറ സച്ചരിതം
കേവലമധികം മെച്ചം
ഭാവരസാദി പ്രപുഷ്ടമുൽകൃഷ്ടം

**കവിതിലകൻ സി. കൃഷ്ണൻകർത്താ.**

സാരള്യലാളിത്യാദികൾകൊണ്ടു ഈ ഗദ്യനിബന്ധവും, നിങ്ങളുടെ മുൻകൃതികളെപോലെത്തന്നെ, എന്നെ സന്തോഷിപ്പിക്കുന്നു. നിങ്ങളുടെ സാഹിത്യവിഹാരത്തിന്നു സൌഭാഗ്യം വൎദ്ധിക്കട്ടെ.

**മഹാകവി വള്ളത്തോൾ.**

## 5. പ്രേമാങ്കുരം. 0_60.

ജാതിയെ വെച്ചാരാധിക്കുന്ന ചില ഹൈന്ദവമേധാവികളുടെ മൂൎദ്ധാവു് പിളൎക്കുമാറുള്ള പ്രയോഗങ്ങൾ, മിന്നുന്ന വാളു പോലെ, പ്രസ്തുതപുസ്തകത്തിൽ തെളിഞ്ഞുകാണുന്നു.

**മൈത്രി, എറണാകുളം.**

ആ ആഢ്യനമ്പൂതിരിയുവതിയെക്കൊണ്ടു എളിയ പുലയനെ നിശ്ശങ്കം വരണംചെയ്യിച്ച "ദുരവസ്ഥാ" കാവ്യമേ! നിനക്കിതാ ഒരോമനക്കൊച്ചനുജൻ പിറന്നിരിക്കുന്നു.

അവതാരികയിൽ_**മഹാകവി വള്ളത്തോൾ.**

## കഥാരത്നമാലിക. 0–37.

ധീരവനിത, വീരതരുണി, രാജകേസരി മുതലായ പുസ്തകങ്ങൾ എഴുതി സാഹിത്യലോകത്തിൽ സുപരിചിതനായിത്തീൎന്നിട്ടുള്ള ഒരു നല്ല യുവസാഹിത്യകാരനായ മി. ഭാസ്കരൻ പല അവസരങ്ങളിലായി കഥാകൌമുദി, വിദ്യാഭിവൎദ്ധിനി, സോദരൻ എന്നീ മാസികകളിൽ എഴുതിയിരുന്ന കഥകളുടെ സമാഹാരമാണു് കഥാരത്നമാലിക. മൂന്നു സഹോദരിമാർ, ഒരു വിശുദ്ധരാജ്യം, കൃഷിക്കാരനും ഭൃത്യവും എന്നിങ്ങിനെ മൂന്നു കഥകളാണു് ഇതിൽ അടങ്ങിയിട്ടുള്ളതു്. ഒന്നാമത്തേതു് പ്രസിദ്ധ ആംഗ്ലേയ

കവിയായ ഷേക്സ്പിയർ എഴുതിയ "കിങ്ങ്ലിയർ" എന്ന നാടകത്തിൻെറ വിവർത്തനവും, ശേഷം രണ്ടു കഥകളും സുപ്രസിദ്ധനായ ടോൾസ്റ്റോയിയുടെ കഥകളുടെ തർജ്ജമകളുമാണ്. ലളിതവും സുന്ദരവുമായ ഭാഷയിൽ എഴുതീട്ടുള്ള ഈ കഥകൾ വിദ്യാർത്ഥികളുടെ ആവശ്യത്തിനായി എത്രയും ഉതകുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പാശ്ചാത്യഭാഷയിൽനിന്നു വിവർത്തനംചെയ്തു മലയാളഭാഷായോഷയെ അലങ്കരിപ്പാനുള്ള മി. ഭാസ്കരൻെറ ഈ പരിശ്രമം അഭിനന്ദനാർഹമായിട്ടുണ്ട്.

**മിതവാദി, കോഴിക്കോട്.**

ഒരു ഭാഷയിലുള്ള ഗ്രന്ഥത്തെ വേറൊരു ഭാഷയിലേക്കു രൂപാന്തരപ്പെടുത്തുമ്പോൾ സാധാരണ സ്ഥലകാല പാത്രങ്ങൾക്കു മാററം സംഭവിക്കുന്നു. ഗോർഡൻ ഗോവിന്ദപിള്ളയായും ലിവർപൂൾ മാവേലിക്കരയായും ഒക്കെ മാറുമ്പോൾ മൂലഗ്രന്ഥത്തിൻെറ സ്വാരസ്യം കുറയുന്നതിനു പുറമെ വഷളാവുകയും ചെയ്യും. നേരെ മറിച്ച് അതിൽ കാണുന്നവിധം പരിഭാഷപ്പെടുത്തുകയോ അല്ലെങ്കിൽ സ്വതന്ത്രമായി തർജ്ജിമ ചെയ്യുകയോ ചെയ്താൽ ഇത്തരം ന്യൂനതകൾ സംഭവിക്കുന്നതല്ല. മലയാളികളായ നാം ഇതരദേശങ്ങളിലെ പൂർവ്വസ്ഥിതിയും കാലഭേദങ്ങളും സാമുദായികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളും മനസ്സിലാക്കേണ്ടതു അത്യാവശ്യമാണ്. അതിന്നു ഇതുപോലുള്ള തർജ്ജമകൾ ഉപകാരപ്രദമായിരിക്കും. ഇത്രയും പ്രസ്താവിക്കേണ്ടിവന്നതു് കഥാരത്നമാലിക ഒരു സ്വതന്ത്രതർജ്ജിമയായതുകൊണ്ടാണ്........... ഉൽകൃഷ്ടങ്ങളായ ആദർശങ്ങളെ മുൻനിർത്തിയാണ് മി. ഭാസ്കരൻ ഈ കഥകൾ എഴുതീട്ടുള്ളതെന്നു വ്യക്തമാണ്. ബാലന്മാരുടെ ഉപയോഗത്തിന്നു യോജിച്ച ഒരു ആദർശപരമായ പുസ്തകമാണ് കഥാരത്നമാലിക എന്നു അഭിപ്രായപ്പെടുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഭാഷ ശുദ്ധ മലയാളവും പ്രതിപാദനരീതി വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കുന്നതിന്നു പര്യാപ്തവും ആണെന്നു പ്രത്യേകിച്ചു പ്രസ്താവിക്കണമെന്നില്ല.

**കെ. ദാമോദരൻ ബി. എ.**

## 7. ശ്രീനാരായണ ഗുരുസ്വാമികൾ 0_37.

കഥാനായകന്റെ മാഹാത്മ്യത്തെ കഴിയുന്നതും ലളിതമായ ഭാഷയിൽ പ്രകാശിപ്പിച്ചിട്ടുള്ള ഒരു ജീവിതചരിത്രസംഗ്രഹമാണ് ഈ ഗ്രന്ഥം.

**നവദീപം, തൃശ്ശൂർ.**

കഥാമാലിക, തിരുവനന്തപുരം.

പരത്തിപ്പറവാനല്ല ചുരുക്കിപ്പറവാനാണ് വിഷമമെന്ന സംഗതി സഹൃദയന്മാക്കറിയാവുന്നതാണല്ലോ. സ്വാമികളുടെ ഗുണങ്ങളെദ്യോതിപ്പിക്കുന്ന ഈ പുസ്തകം വിദ്യാത്ഥികൾക്കും വിദ്വാന്മാക്കും ഒരുപോലെ രസാവഹമായിട്ടുള്ളതാകുന്നു.

**ലക്ഷ്മീഭായി, തൃശ്ശൂർ.**

## 8. രണ്ടുധീരാത്മാക്കൾ. 0_90.

കേരളത്തിന്റെ പ്രത്യേകസമ്പത്തുതന്നെ ആയ വടക്കൻ പാട്ടിനെ ഒന്നാംതരം ചെറിയ ഇതിഹാസങ്ങളായിട്ടാണ് ഞാൻ കരുതിയിട്ടുള്ളത്. അവയിലെ നായകന്മാരിൽ പ്രധാനികളായ രണ്ടുപേരെ ആസ്പദമാക്കി നിങ്ങൾ രചിച്ച കൃതിക്ക് പ്രചാരം ധാരാളം സിദ്ധിച്ചിട്ടുണ്ട് എന്നു അതിന്റെ പതിപ്പുകളിൽനിന്നു തന്നെ മനസ്സിലാക്കാം. ഒതേനനേയും ആരോമർചേകവരേയും പററി വടക്കൻപാട്ടിൽ ഉള്ള വിവരങ്ങൾ കൂടുതൽ ഇനിയത്തെ പതിപ്പിൽ ചേത്താൽ നന്നായിരിക്കും.

ചാററൽസ് ലാംബും മേരി ലാംബുംകൂടി കുട്ടികൾക്കായി ഷെക്സ്പിയർകഥകളെ കഥാരൂപത്തിൽ എഴുതിയതുംനാടകങ്ങളും ഒത്തു ഒന്നു വായിച്ചുനോക്കി ആ രീതിപിടിച്ച് വടക്കൻപാട്ടിലെ മററു കഥകളും കൂടി താങ്കൾതന്നെ എഴുതിയാൽ നന്നായിരിക്കും. ലളിതവും ഹൃദ്യവുമാണ് താങ്കളുടെ രീതി. പുസ്തകം നന്നായിട്ടുണ്ട്.

**കോട്ടയം, മാടശ്ശേരി മാധവവാരിയർ.**

അനവധി ധീരാത്മാക്കളുടെ ആദർശപരമായ ജീവിതത്താൽ ആദ്യന്തം ഹൃദ്യതരമായ പൌരാണിക കേരളചരിത്രഗ്രന്ഥത്തിന്റെ ചെമ്പോലകൾ തുടച്ചുവെടിപ്പാക്കുവാൻ മി. ഭാസ്കരനെപ്പോലെ ചില മാന്യന്മാർ പരിശ്രമിച്ചുകാണുന്നതു അഭിനന്ദനീയംതന്നെ. ബാലികാ ബാലന്മാരിൽ നൂതനവും, ദേശാഭിമാനോജ്ജ്വലവുമായ ഒരുണർവ്വുണ്ടാകുവാൻ ഈ കൃതി പര്യാപ്തമാകുമെന്നതിന്നു സംശയമില്ല.

**ഗോമതി, തൃശ്ശൂർ.**

Sree Bhaskaran has successsfully undertaken the enviable task of celebrating in print the lives of two of the most heroie charactors in Malabar Folklore This book deserves as happy a welcome as was accorded to his earlier volumes about other heroes of Malabar.........Like the great son of Arjuna of Mahabharata fame, Aromar died of treachery at the hands of relatives in the very first fight in which be was engaged.

THE INDIAN P. E. N. BOMBAY.

## 9. ബോധാനന്ദസ്വാമികൾ. 2_50.

................കേവലം ഒരു സന്ന്യാസിവര്യൻ എന്ന നിലയിൽ അല്ല, സത്യധർമ്മസ്ഥാപനങ്ങൾക്കുവേണ്ടി ജീവരക്തത്തെ ചൊരിയുവാൻ സന്നദ്ധനായ ഒരു യോദ്ധാവെന്ന നിലയിലും ഇദ്ദേഹം പല ഘട്ടങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി ഗ്രന്ഥകാരൻ സമർത്ഥിച്ചിരിക്കുന്നു. ഒരു നായകന്റെ ജീവചരിത്രം എന്ന അവസ്ഥയെ അതിലംഘിച്ച് ഒരു സമുദായത്തിന്റെ ഉന്നമനചരിത്രം എന്നുള്ള സ്ഥിതിയെയാണ് ഈ ഗ്രന്ഥം അവലംബിച്ചുകാണുന്നതു്. ശ്രീനാരായണഗുരുസ്വാമി, ദേശാഭിമാനി ടി. കെ. മാധവൻ എന്നീ രണ്ടു മഹാപുരുഷന്മാരുടെ ജീവചരിത്രങ്ങളോട്

താരതമ്യപ്പെടുത്തിയാൽ, മൂന്നാംതരമായി മാത്രം പരിഗണിക്കാവുന്ന ഈ ഗ്രന്ഥം ഈ സാഹിത്യശാഖയിൽ പെട്ട ഇതരപ്രസിദ്ധീകരണങ്ങളിൽ സാമാന്യേന കാണാറുള്ള വൃഥാസ്ഥൂലതയിൽ നിന്നു് അകന്നു് "മിതം ച സാരം ച വാഹി വാഗ്മിതാ" എന്ന പ്രസിദ്ധപ്പെട്ട പ്രമാണത്തെ ആദർശമാക്കി രചിച്ചിരിക്കുന്നതിനാൽ ഇതിനെ കൈരളിക്കു് ഒരു ഉപഹാരമായും ഉപകാരമായും അംഗീകരിക്കുവാൻ കഴിയുന്നതാണു്.

**മലയാളമനോരമ, കോട്ടയം.**

2. ആകർഷണീയമായ പ്രതിപാദനരീതിയിൽ ആപാദചൂഡം മധുരമായിരിക്കുന്ന "ബോധാനന്ദസ്വാമികൾ" എന്നെ അപഹൃതചിത്തയാക്കിയിരിക്കുകയാണു്.

**മുതുകുളം പാർവ്വതീഅമ്മ.**

ശ്രീനാരായണഗുരുവിൻെറ അന്തേവാസികളിൽ അഗ്രഗണ്യനായിരുന്ന ബോധാനന്ദസ്വാമികളുടെ ഒരു ജീവചരിത്രമാണിതു്........സ്വസമുദായത്തിൻെറ ഉദ്ധാരണത്തിന്നും ജാതിശല്യങ്ങളോടു മല്ലിടുന്നതിന്നുംവേണ്ടി സ്വാമികൾ അന്ത്യകാലംവരെ അനവരതം പ്രയത്നിച്ചുകൊണ്ടിരുന്നു എന്നുള്ള സംഗതി തജ്ജീവിതമഹത്വത്തെ തെളിയിക്കുന്ന ഒന്നത്രെ.

**മാതൃഭൂമി, കോഴിക്കോടു്.**

## 10. കഥാസൗധം. 0_75.

കഥാസൌധത്തിലെ ഭാഷ നിർദ്ദോഷവും, ലളിതവും, വായനക്കാരെ ആകർഷിക്കത്തക്കതുമാണെന്നു പറയാം.

**സഹോദരൻ, എറണാകുളം**

മി. ഭാസ്കരന്റെ ലളിതവും സുന്ദരവുമായ ഒരു ഭാഷാശൈലി സ്വായത്തമാണ്. കഥാഘടനയിലും രചനയിലും മി. ഭാസ്കരന്റെ പ്രശംസാവഹമായ വിജയം കൈവന്നിട്ടുണ്ട്. ഗ്രന്ഥകാരന്റെ സാഹിത്യസേവനത്തിന്നു വിജയം ആശംസിച്ചുകൊള്ളുന്നു.

**സ്നേഹിതൻ, തൃശ്ശൂർ.**

## 11. ജനകീയ മന്ത്രിമാർ. 0_75.

കൊച്ചിയുടെ രാഷ്ട്രീയചരിത്രത്തിൽ പേരും പെരുമയും നേടീട്ടുള്ള നാലുപേരാണ് ഇന്നത്തെ ജനകീയ മന്ത്രിമാർ. ഭരണാധികാരികൾ എന്ന നിലക്കു മാത്രമല്ല, ജനസേവകന്മാർ എന്ന നിലക്കുതന്നെ ഇ. കെ. അയ്യപ്പൻ, ടി. കെ. നായർ, സി. ആർ. ഇയ്യുണ്ണി, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവർ പ്രസിദ്ധരായിട്ടുണ്ട്. അവർ ഭരണാധികാരം ഏറെറടുത്ത ഈ സന്ദർഭത്തിൽ അവരുടെ ജീവിതചരിത്രത്തിലെ പ്രധാന സംഭവങ്ങളെ അനുസ്മരിച്ചുകൊണ്ടെഴുതപ്പെട്ടിട്ടുള്ളതാണ് ഈ പുസ്തകം. പ്രതിപാദനരീതിയും ആകർഷകമായിട്ടുണ്ട്. മന്ത്രിമാരെപററി സംക്ഷിപ്തമായ ഒരറിവു വായനക്കാൎക്കുണ്ടാകുന്നതിന്നു ഈ തൂലികാചിത്രങ്ങൾ പ്രയോജനപ്പെടുന്നതാണ്.

**സഹോദരൻ, എറണാകുളം.**

കെ. അയ്യപ്പൻ, ടി. കെ. നായർ, സി. ആർ. ഇയ്യുണ്ണി, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നീ ഇപ്പോഴത്തെ മന്ത്രിമാരെ പററിയുള്ള ഹ്രസ്വങ്ങളും ഹൃദ്യങ്ങളുമായ ഓരോ തൂലികാചിത്രമാണ് ഇതിലുള്ളതു്. ഈ പ്രസിദ്ധീകരണം സന്ദർഭോചിതവും പൊതുജനങ്ങൾക്കു മന്ത്രിവ്യക്തികളെപററി സാമാന്യമായി അറിയുന്നതിന്നു ഉപകരിക്കുന്നതുമാണ്.

**യുക്തിവാദി, ഇരിങ്ങാലക്കുട.**

## 12. ആചാരമൎയ്യാദകൾ. 1_25.

മനുഷ്യരുടെ നിത്യജീവിതത്തിൽ അവശ്യം ശ്രദ്ധിക്കേണ്ട ചില ആചാരമൎയ്യാദകളെപററി സമഗ്രമായി വിവരിച്ചിട്ടുള്ള ഒരു ചെറുപുസ്തകമാണ് "ആചാരമൎയ്യാദകൾ." സ്നേഹിതന്മാരോടു പെരുമാറേണ്ട രീതിയും മുറകളും, ശുചിയും വസ്ത്രധാരണവും, പൊതുസ്ഥലങ്ങളിലെ സംഭാഷണരീതി, ഭക്ഷണക്രമം, സഹായാഭ്യൎത്ഥനകൾ എന്നു തുടങ്ങി 14 വിഷയങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ഏററവും നിസ്സാരമെന്നു തോന്നുന്നതും, നിത്യജീവിതത്തിൽ സാധാരണക്കാർ ഗൌനിക്കാത്തതുമായ പല ദൂഷ്യങ്ങളും പ്രസ്തുത ലേഖനങ്ങൾ മൂഖേന മി. ഭാസ്കരൻ വായനക്കാരുടെശ്രദ്ധയിൽപെടുത്തുന്നുണ്ട്. ഇന്നു നിലവിലുള്ള സമുദായക്രമത്തിൻെറ ചട്ടക്കൂട്ടിലൊതുക്കുന്ന ഉപദേശരൂപത്തിലുള്ള പ്രസ്തുത ലേഖനങ്ങൾ, "ആരോഗ്യത്തിന്നു ഹാനികരമായ നമ്മുടെ ചില ശീലങ്ങൾ" എന്ന തലവാചകത്തിൽ പരേതനായ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനപരമ്പരകളെപോലെ ഉപകാരപ്രദങ്ങളാണ്.

**നവശക്തി, കൊളമ്പ്.**

## 13. മുത്തുമാല. 1_75.

പത്തു കഥകളാണിതിലുള്ളതു്. ഇവയിൽ ഗ്രന്ഥസംജ്ഞയായി സ്വീകരിച്ചിരിക്കുന്ന മുത്തുമാല എന്ന കഥ മഹാകവി വള്ളത്തോളിൻെറ 'ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി" എന്ന സുപ്രസിദ്ധലഘുകവിതയുടെ ആഖ്യാനരീതിയിലുള്ള ഒരു പരാവൎത്തനമോ മറേറാ ആണ്. ആൎക്കും മനസ്സിലാക്കാവുന്ന ലളിതമായൊരു ശൈലിയിലാണ് ഇവയൊക്കെ എഴുതീട്ടുള്ളതും. ഗ്രന്ഥകാരൻെറ ഭാഷാപരിശ്രമങ്ങളെ ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു.

**യുക്തിവാദി, ഇരിഞ്ഞാലക്കുട.**

മുത്തുമാല തവ കിട്ടിയിങ്ങു, ഹൃ–
ന്മുത്തുയർത്തിയതു ഞാൻ ധരിക്കവേ;
സത്തുകൾക്കു സതതം രുചിക്കുമീ–
സത്തുയർന്ന കൃതി വെല്ലു മേൽക്കുമേൽ!

**വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.**

## 14. കേരളത്തിലെ ഓട്ടുവ്യവസായം. 0_75.

ഒരു നല്ല സാഹിത്യകാരനായ ശ്രീ. കെ. ആർ. ഭാസ്കരൻ എഴുതിയ ഈ കൊച്ചു പുസ്തകം കേരളത്തിൽ ഇപ്പോൾ പ്രചാരത്തിൽ വന്നിട്ടുള്ള ഓട്ടുവ്യവസായത്തെക്കുറിച്ചു സാധാരണ ജനങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യങ്ങളൊക്കെ ലളിതമായി പ്രതിപാദിച്ചിട്ടുള്ള ഉപയോഗപ്രദമായ ഒരു പ്രസിദ്ധീകരണമാണെന്നു, ഈ പുസ്തകത്തിനു അവതാരിക എഴുതിയ കേരള വ്യവസായ മന്ത്രി ശ്രീ. കെ. എ. ദാമോദരമേനോന്റെ അഭിപ്രായത്തോടു ഞങ്ങളും യോജിക്കുന്നു.

**കേരള ഇൻഡസ്ട്രീ–തിരുവനന്തപുരം.**

## SARASAKAVI KUNDANY GOVINDAN ASAN 1–00

By K. R. Bhaskaran, Published by the Kerala Bhanu Book Depot Nandikara, Pudukad. Re. 1

This short life sketch of Sarasakavi Kundany Govindan Asan, scholar and gifted poet, who is happily still with us, is a sincere attempt on the part of Mr. Bhaskaran (a grand nephew of the poet) to focus public attention on the poet's invaluable services to language and society. Overcoming the hurdle of birth, Govindan Asan succeeded in receiving his

classical (Sanskrit) education from the reputed scholars of Cranganore and later mastered medicine and astrology. Uuder the inspiration of Sri Narayana Guru, he played his part for the uplifit of his commuuity. He has published 26 works, some of which are stated to be out of print, There are also a good number of poems contributed by him to journals. It is the ambition of Mr. Bhaskaran to collect and publish all the products of Asan's pen. The volume under review, in which the poetical excellence of Asan is highlighted, may be regarded as an appetiser for the rich fare to follow.

HINDU, MADRAS.

........പ്രശസ്തമായ കൊടുങ്ങല്ലൂർ ഗുരുകുലത്തിൽ ഗോവിന്ദനാശാനും ഒരു കൂട്ടുകാരനുംകൂടി വിദ്യതേടിച്ചെന്നിട്ടു് ഉണ്ടാവുന്ന അനുഭവം ഈ കൃതിയിൽ വർണ്ണിച്ചിട്ടുള്ളതു് ശ്രദ്ധേയമത്രെ......... ഏതായാലും ജ്ഞാനതൃഷ്ണയുടെ പേരിൽ അന്നു ആശാൻ കാണിച്ച അർപ്പണസ്വഭാവവും ക്ലേശസഹിഷ്ണതയും പുതിയ തലമുറയ്ക്കു് മികച്ച മാതൃകയാവേണ്ടതാണു്. എന്നല്ല വാർദ്ധക്യത്തിലും തരുണചൈതന്യം വഴിയുന്ന വന്ദ്യനായ ഈ ജ്ഞാനവയോവൃദ്ധന്റെ ജീവിതവുമായി പരിചയപ്പെടുന്നതു് പുതിയ തലമുറയ്ക്കു പല നിലയ്ക്കും ആരോഗ്യകരമായ പ്രേരണയാവാനിടയുണ്ടു്. താൻ ക്ലേശിച്ചു പഠിച്ച ജ്യോതിഷത്തിൽ തനിക്കു വിശ്വാസം തകരുന്ന ഒരനുഭവം ആശാന്റെ ജീവിതത്തിലുണ്ടായതു് ശ്രീ ഭാസ്കരൻ നാടകീയമായി അവതരിപ്പിക്കുന്നുണ്ടു്. കൗതുകകരമാണു് ആ സന്ദർഭം. ആശാന്റെ സാഹിത്യപരിശ്രമങ്ങളുടെ സാവകാശമായ പരിശോധനക്കായി പ്രത്യേകമൊരദ്ധ്യായം നീക്കിവെച്ചതും ആ അദ്ധ്യായത്തിനു താരതമ്യേന കൂടുതൽ ദൈർഘ്യമനുവദിച്ചതും സമുചിതമായി.

**ലൈറ്റ് വാരിക, തൃശ്ശൂർ—കെ. പി. ശങ്കരൻ.**

88 വയസ്സുകാരനായ ഗോവിന്ദനാശാൻ ഇന്നു കേരളത്തിൽ ജീവിച്ചിരിപ്പുള്ള കവികളിൽവെച്ച് ഏററവും വൃദ്ധനാണെന്നു തോന്നുന്നു.........ആശാൻ ഒരു ശ്രീനാരായണഭക്തനും, ശ്രീനാരായണാദർശം പ്രചരിപ്പിക്കുവാൻ ഉൽസുകനും ആയ ഒരു നല്ല യുക്തിവാദിയാണ്. വാദ്ധക്യനിലയിലെത്തിയിരുന്ന ആശാൻ സമ്മാനിച്ച യുക്തിവാദപരമായ പല സരസകവിതകളും യുക്തിവാദിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗ്രന്ഥകർത്താവ് ശ്രീ. ഭാസ്കരൻ സരളവും ആകർഷവുമായ ഒരു ഗദ്യശൈലി സ്വായത്തമാക്കീട്ടുള്ള ഒരു സാഹിത്യകാരനും പതിനഞ്ചോളം ഗ്രന്ഥങ്ങളുടെ കർത്താവുമാണ്.

**യുക്തിവാദി, ഇരിഞ്ഞാലക്കുട.**

താങ്കൾ സദയം അയച്ചുതന്ന 'കുണ്ടറി ഗോവിന്ദനാശാൻ' സശ്രദ്ധം വായിച്ചു. ഒരു വലിയ ആവശ്യമാണ് തന്മൂലം നിറവേററപ്പെട്ടിരിക്കുന്നതെന്നു ഞാൻ കരുതുന്നു. ഗോവിന്ദനാശാൻെറ ജീവിതത്തെപ്പററി സാഹിത്യലോകത്തെ പരിചയപ്പെടുത്തേണ്ടതുതന്നെയാണ്.

**സുകുമാരൻ പൊറെറക്കാട്ട്, ബി. എ. ബി എൽ., മാതൃഭൂമി, എറണാകുളം.**

പുസ്തകം വളരെ നന്നായിട്ടുണ്ട്........എനിക്കു ഗോവിന്ദനാശാനെ അസ്സലായി അറിയാം. അദ്ദേഹത്തിൻെറ കൃതികൾ ഒട്ടു മുക്കാലും ഞാൻ വായിച്ചിട്ടുണ്ട്. 1907 ജനുവരി 24-ാംനു- മുതൽ 1914 ജൂൺ 1-ാംനു- വരെ ഞാൻ കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ പഠിച്ചിട്ടുള്ള ആളുമാണ്. ആ നിലയ്ക്കു 17-ാംപേജിൽ പറഞ്ഞ തമ്പുരാക്കന്മാരെ കാണുവാനും അവക്കു വഴിമാറുവാനും എനി

ക്കു ധാരാളം അവസരങ്ങളുണ്ടായിട്ടുണ്ട്........പുസ്തകത്തിൽ എടുത്തുപറഞ്ഞിട്ടുള്ള പേരുകഠം അധികവും എനിക്കു സ്വപരിചിതമാണ്. ആ നിലയ്ക്കു എനിക്കു കൂടുതൽ ആകർഷകമായിത്തോന്നിയതിലത്ഭുതമില്ലല്ലോ.

**ഏ. സി. ഗോവിന്ദൻ ബി. ഏ., കോഴിക്കോട്.**

ജീവചരിത്രരചനയിൽ താങ്കഠം കാണിച്ച നൈപുണ്യം ഏററവും പ്രശംസാവഹമായിട്ടുണ്ട്. ഇനിയും ഇതുപോലെയുള്ള ലഘു ജീവചരിത്രങ്ങഠം രചിക്കാൻ താങ്കളുടെ സമർത്ഥമായ പേനാ ചലിച്ചെങ്കിൽ, അതു കൈരളിയ്ക്കു ഒരനുഗ്രഹമായിത്തീരുന്നതാണ്.

**ചങ്കരംകുമരത്തു ശങ്കരൻ "സുധാകര", തൃശ്ശൂർ.**

---

പ്രസാധകർ:

# കേരളഭാനു ബുക്കു ഡിപ്പോ

## നന്തിക്കര, പുതുക്കാട്.

ഈ പുസ്തകങ്ങഠം നാഷണൽ ബുക്ക്സ്റ്റാഠം, കോട്ടയം, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ; മംഗളോദയം ലിമിററഡ്, തൃശ്ശൂർ; ജയ് ദീപ് ബുക്ക്സ് തൃശ്ശൂർ എന്നിവിടങ്ങളിൽനിന്നും ഹിഗ്ഗിൻബോത്തംസ് റെയിൽവെ ബുക്ക്സ്റ്റാളുകളിൽനിന്നും ലഭിക്കുന്നതാണ്.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M08 Acc. No. 79219

This book should be returned on or before the date last stamped below.

23 SEP 1986

10 NOV 1989

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M08 79219

ഭാസ്കരൻ. കെ. അടൂർ

മൺമറഞ്ഞ പ്രതിഭാശാലികൾ

# ശ്രീ. കെ. ആർ. ഭാസ്കരൻ



പാഠ്യപുസ്തകങ്ങളായി തിരഞ്ഞെടുക്കപ്പെട്ട ശ്രീനാരായണഗുരുസ്വാമികൾ, രണ്ടു ധീരാത്മാക്കൾ, വീരതരുണി എന്നീ കൃതികളുൾപ്പടെ ഒട്ടാകെ പതിനാറു പുസ്തകങ്ങളുടെ രചയിതാവാണ് **"മൺമറഞ്ഞ പ്രതിഭാശാലികൾ"ളുടെ** കർത്താവായ ശ്രീ: കെ. ആർ. ഭാസ്കരൻ. 1966 ഡിസംബർ 18-ാംനു ഗ്രന്ഥകാരനു 60 വയസ്സുതികയുന്നു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ സമാരംഭിച്ച സാഹിതീപൂജ അനുസ്യൂതമായി അദ്ദേഹം ഇന്നും തുടർന്നുവരുന്നു.

യശഃശരീരരായ സരസകവി മൂലൂർ, സി. കൃഷ്ണൻ, കവിതിലകൻ കൃഷ്ണൻകത്താ, വി. ആർ. ശാമൻചോഹാൻ, മഹാകവി പള്ളത്ത്, ബ്രഹ്മാനന്ദസ്വാമി ശിവയോഗി, 'ഗോമതി' രാഘവൻ നായർ, കെ. ആർ. വിശ്വംഭരൻ, സി. എ. കിട്ടുണ്ണി, കോട്ടായി കുമാരൻ, ഇ. സി. ഗോവിന്ദൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, ഫാദർ സി. കെ. മററം എന്നിവരുമായി നേരിട്ടിടപഴകിയതിന്റെ ഫലമായി ഉളവായ പ്രയോജനകരവും മധുരോദാരവുമായ സ്മരണകളാണ് ഈ കൃതിയിലെ ഉള്ളടക്കം.

പ്രദീപ് ബുക്ക്സ് തൃശ്ശൂർ

# മൺമറഞ്ഞ പ്രതിഭാശാലികൾ



കെ. ആർ. ഭാസ്കരൻ.

Indic Digital Archive Foundation
gpura.org